Trichur
Archdiocesan
Bulletin
# TAB

ഒക്ടോബർ
2017
വാല്യം: 84 ലക്കം: 10
ESTD:1934




മത്തായി 1 : 18 – 25 (ദൂതൻ ജോസഫിനെ സന്ദർശിക്കുന്നു)



ആദരാഞ്ജലികൾ

**Fr. Paul Maroky**

Birth: 28.05.1933

Death: 10.09.2017

TRICHUR ARCHDIOCESAN
# BULLETIN

വാല്യം : 84
ഒക്ടോബർ 2017
ലക്കം : 10



Imprimatur
*(Sd)*
**Mar Andrews Thazhath**
Archbishop of Trichur

Chief Editor
**Dr. Francis Aloor**

Executive Editor
**Fr. Nysson Alanthanath**

Archbishop's House
P.B. No. 706, Thrissur - 680005

**Ph : 0487 - 2333325, 2338203, 2333542**
**Fax : 2338204**
**E-mail : curiatcr@yahoo.com**
**website : www.trichurarchdiocese.org**

## ഈ ലക്കത്തിൽ


- സർക്കുലർ 04
- കച്ചേരികാര്യം 17
- ആദരാഞ്ജലികൾ 36
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 38
- മാർ റാഫേൽ പിതാവിന്റെ പരിപാടികൾ 38
- മാർ ടോണി പിതാവിന്റെ പരിപാടികൾ 39
- നാളാഗമം 40
- നാമകരണ നടപടികൾ 44
- സാമ്പത്തിക കാര്യാലയം 46
- വൈദികർ 47
- സന്യസ്തർ 49
- അതിരൂപത തീർത്ഥകേന്ദ്രം 53
- സ്ഥാപനങ്ങൾ 55
- സംഘടനകൾ 92

# സർക്കുലർ

1945/2017 C- 13
14.09.2017

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

വളരെ സുപ്രധാനമായ ഏതാനും കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാനാണ് ഞാൻ ഈ സർക്കുലർ എഴുതുന്നത്. ദൈവത്തിന്റെ പരിപാലനയാൽ നമ്മുടെ അതിരൂപത ശക്തമായി മുന്നോട്ട് പോകുന്നതിന് നിങ്ങൾ പ്രത്യേകമായി പ്രാർത്ഥിക്കണം.

1. **പുതിയ സഹായമെത്രാൻ** : മേരിമാത സെമിനാരി റെക്ടറായിരുന്ന അഭിവന്ദ്യ ടോണി നീലങ്കാവിലിനെ തൃശ്ശൂർ അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയമിതനായി എന്ന സന്തോഷവാർത്ത നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. മാർ ജോസഫ് പാംപ്ലാനി തലശ്ശേരി അതിരൂപത സഹായമെത്രാനായും മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ മെത്രാനായും നിയമിതരായിട്ടുണ്ട്.

ഇന്ത്യയിൽ സീറോ മലബാർ രൂപതകളില്ലാത്ത സ്ഥലങ്ങളിലെ അപ്പസ്തോലിക് വിസിറ്റേറ്ററായി മാർ റാഫേൽ തട്ടിൽ പിതാവിനെ ഫ്രാൻസിസ് പാപ്പ 2014 മുതൽ നിയമിച്ച സാഹചര്യത്തിൽ അഭിവന്ദ്യ പിതാവ് പലപ്പോഴും പ്രവാസികളുടെ ഇടയിലേക്ക് പോകേണ്ടതായി വന്നു. ഈ സാഹചര്യത്തിൽ സാമാന്യം വലിയ രൂപതയായ തൃശ്ശൂരിലെ സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഒരു സഹായമെത്രാൻ കൂടി ആവശ്യമായി വന്ന പശ്ചാത്തലത്തിലാണ് ദൈവപരിപാലനയിൽ രണ്ടാമത്തെ സഹായമെത്രാനായി ടോണി പിതാവിനെ നമുക്ക് ലഭിച്ചത്.

തൃശ്ശൂർ അതിരൂപതയ്ക്കും, ഭാരതസഭയ്ക്ക് പൊതുവെയും, ശക്തമായ അത്മായ നേതൃത്വം നൽകിയ ഷെവ. എൻ. എ. ഔസേപ്പ് മാസ്റ്ററുടെ മൂത്തപുത്രനാണ് ടോണി പിതാവ്. മെത്രാഭിഷേകം നിശ്ചയിച്ചിരിക്കുന്നത് 2017 നവംബർ 18 ശനിയാഴ്ച ഉച്ചകഴിഞ്ഞാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. വലിയ ഉത്തരവാദിത്വം നൽകപ്പെട്ടിരിക്കുന്ന ടോണി പിതാവിനുവേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. കഴിഞ്ഞ 14 വർഷമായി അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വൈദികപരിശീനരംഗത്ത് സ്തുത്യർഹമായി സേവനം

ചെയതുകൊണ്ടിരിക്കുകയായിരുന്നു. മെത്രാനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനായി നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും സമർപ്പിതർക്കും വേണ്ടി നിങ്ങൾ തുടർന്നും പ്രാർത്ഥിക്കണം.

തൃശ്ശൂർ സഹായമെത്രാനായി തുടർന്നു കൊണ്ടിരിക്കുമ്പോൾതന്നെ വലിയ മിഷനറി ദൗത്യമാണ് അഭിവന്ദ്യ തട്ടിൽ പിതാവിൽ നിക്ഷിപ്തമായിരിക്കുന്നത്. ചിതറി കിടക്കുന്ന സീറോ മലബാർ പ്രവാസികളെ ഒരുമിച്ച് കൂട്ടുകയും പള്ളികളടക്കം ആവശ്യമായ സഭാസംവിധാനങ്ങൾ ഉണ്ടാക്കുകയും മിഷനറി പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും ചെയ്യുക എന്ന ഭാരിച്ച ദൗത്യമാണ് അദ്ദേഹത്തിനുള്ളത്. നിങ്ങളുടെ പ്രാർത്ഥനകളോടൊപ്പം എല്ലാത്തരത്തിലുള്ള സഹായസഹകരണങ്ങളും അഭിവന്ദ്യ തട്ടിൽ പിതാവിന് നൽകുന്നതിന് ഞാൻ ആഹ്വാനം ചെയ്യുന്നു.

**2. ഫാ. ടോമിന്റെ മോചനത്തിൽ സന്തോഷം :** യെമനിൽ മിഷനറിയായി പ്രവർത്തിച്ചിരുന്ന ഏതാനും മദർ തെരേസ സിസ്റ്റേഴ്സിനെ വധിച്ച ശേഷം ഫാ. ടോം ഉഴുന്നാലിനെ തട്ടികൊണ്ടു പോയതിലുള്ള വേദന നേരത്തേ നിങ്ങളെ അറിയിച്ചിരുന്നതാണല്ലോ. ഫാ. ടോമിന്റെ മോചനത്തിനായി നാം പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം മോചിപ്പിക്കപ്പെട്ടു എന്നതിൽ സന്തോഷം അറിയിക്കുകയും ദൈവത്തോട് നന്ദി പറയുകയും ചെയ്യുന്നു. നമ്മുടെ നാട്ടിലടക്കം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് ക്രൈസ്തവർ പീഢിപ്പിക്കപ്പെടുന്നുണ്ട്. ശക്തമായി നമ്മുടെ പ്രാർത്ഥന തുടരാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

**3. തെറ്റായ മദ്യനയത്തിനെതിരെ പ്രതികരിക്കുക :** ഈ അടുത്തകാലത്ത് ഉണ്ടായ സർക്കാരിന്റെ മദ്യനയം ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് വളരെ ദോഷകരമാണ്. മദ്യശാലകൾ നടത്തുന്നതിന് ആരാധനാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് 200 മീറ്ററെങ്കിലും വേണമെന്നുള്ള ദൂരപരിധി 50 മീറ്ററായി കുറച്ചു. സുപ്രീംകോടതി വിധി മറികടക്കാൻ ദേശീയ പാതകൾ പലതും സംസ്ഥാനപാതകളാക്കി മദ്യശാലകൾ തുറക്കാൻ സാഹചര്യം സൃഷ്ടിച്ചു. ഒരു പഞ്ചായത്തിൽ മദ്യശാല വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ പഞ്ചായത്ത്‌രാജ് പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരിന്നു. ഈ അധികാരവും എടുത്തുമാറ്റി. ഘട്ടംഘട്ടമായി മദ്യത്തിന്റെ സംലഭ്യത കുറച്ചുകൊണ്ടുവരണം എന്ന് ഭരണഘടന തത്വത്തിനെതിരെ മദ്യലോബികളെ സഹായിക്കാൻ മദ്യത്തിന്റെ സംലഭ്യത കേരളത്തിൽ കൂട്ടിയിരിക്കുന്നു. മദ്യത്തിന്റെ ഉപയോഗം കുടുംബങ്ങളെ തകർക്കുകയും വികസനത്തെ

മുരടിപ്പിക്കുകയും ചെയ്യുക മാത്രമല്ല, പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ വളരുന്ന തലമുറയെകൂടി അത് ദോഷകരമായി ബാധിക്കുന്നു. 2017 സെപ്തംബർ 9ന് കൂടിയ പാസ്റ്ററൽ കൗൺസിൽ ആഹ്വാനം ചെയ്തതുപോലെ സർക്കാരിന്റെ മദ്യനയത്തിനെതിരെ പ്രതികരിക്കാനും മദ്യവിരുദ്ധപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

**4. അസംബ്ലികളുടെ പ്രവർത്തനം വിജയിപ്പിക്കുക :** അതിരൂപതാ അസംബ്ലിക്കൊരുക്കമായി "കുടുംബവും വിശ്വാസസാക്ഷ്യവും" എന്ന മുഖ്യപ്രമേയം മുന്നിൽ കണ്ടുകൊണ്ട് ഇടവക അസംബ്ലികൾ പൊതുവേ നന്നായി നടക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. അതിരൂപതയാകുന്ന പ്രാദേശികസഭയുടെ നവീകരണം ആരംഭിക്കേണ്ടത് ഗാർഹികസഭയായ കുടുംബത്തിൽ നിന്നാണ്. കുടുംബത്തിലെ വിശ്വാസജീവിതവും വിശ്വാസകൈമാറ്റവും ഫലപ്രദമായാൽ സഭയും സമൂഹവും നന്നാവും. അതിരൂപതയിൽ നിന്നു നൽകുന്ന നിർദ്ദേശങ്ങളനുസരിച്ച് എല്ലായിടത്തും ഇടവക അസംബ്ലികൾ ഫലപ്രദമായി നടത്തുവാൻ ആഹ്വാനം ചെയ്യുന്നു. അതിരൂപതാ അസംബ്ലിക്കൊരുക്കമായി നടത്തുന്ന വൈദികഅസംബ്ലി, സമർപ്പിതഅസംബ്ലി, യുവജനഅസംബ്ലി എന്നിവയുടെ വിജയത്തിന് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.

**5. ജപമാലഭക്തിയും മിഷൻഞായറും :** ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന് പ്രതിഷ്ഠിതമായ ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥനാരീതി ജപമാലയാണെന്നു പറയുന്നു. മനുഷ്യനെ രക്ഷിക്കാൻ ഭൂമിയിൽ അവതീർണ്ണനായ യേശുവിനെ പരി. കന്യകാമറിയത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കണ്ട് ധ്യാനിക്കുന്ന 20 രഹസ്യങ്ങളാണ് ജപമാലയുടെ അന്തഃസത്ത. ഫാത്തിമായിലും ലൂർദ്ദിലും മറ്റും പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം മനുഷ്യനന്മയ്ക്കുവേണ്ടി ജപമാല ചൊല്ലാനാണ് പരി. അമ്മ ആവശ്യപ്പെട്ടത്. കുടുംബപ്രാർത്ഥനയുടെ പ്രധാനഭാഗമായ ജപമാല മുടങ്ങാതെ ചൊല്ലാൻ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

ഒക്ടോബർ മാസം മൂന്നാമത്തെ ഞായറാഴ്ചയാണ് മിഷൻ ഞായർ. ക്രിസ്തു തന്റെ അനുയായികൾക്ക് നൽകിയ ഏറ്റവും വലിയ ദൗത്യം "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക" എന്നതാണ്. ഇത് മൂന്നു തരത്തിലാണ് നാം പ്രാവർത്തികമാക്കുന്നത്.

1. വി. കൊച്ചുത്രേസ്യയെപ്പോലെ മിഷൻ പ്രവർത്തനത്തിന്റെ വിജയത്തിനു വേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ ജീവിതസാഹചര്യങ്ങളിൽ യേശുവിനെ പ്രഘോഷിക്കുകയും ചെയ്യുക.

2. ദൈവം മിഷനറിമാരാകാൻ വിളിക്കുന്നവർ (വൈദികർ, സമർപ്പിതർ, അത്മായപ്രേഷിതർ) അതിന് സന്നദ്ധരാകുകയും മറ്റുള്ളവർ അങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായും മറ്റു തരത്തിലും സഹായിക്കുക. ആധുനിക മാധ്യമങ്ങളെ സുവിശേഷവത്കരിക്കുകയും മിഷൻ പ്രവർത്തനത്തിന് ഉതകുന്നതാക്കുകയും ചെയ്യുന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.

മിഷൻഞായർ കവറുകളും കലണ്ടറുകളും നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കാണുമെന്ന് വിശ്വസിക്കുന്നു. പണ്ടുകാലത്ത് എന്നപോലെ ഉത്പന്നപിരിവുകൾ നടത്തുന്നതും പഴയസാധനങ്ങൾ ശേഖരിച്ച് വിറ്റു പണം നൽകുന്നതും മറ്റും മിഷൻ ചൈതന്യം വളർത്തുന്നതിന് സഹായകമാണ്. കുട്ടികളുടെ ഇടയിൽ മിഷൻ ചൈതന്യം വളരുന്നതിന് സഹായകമാകുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് ഞാൻ ആഹ്വാനം ചെയ്യുന്നു. മിഷൻ ഞായർ കണക്കുകൾ കൃത്യമായും അതിരൂപത സാമ്പത്തികകാര്യാലയത്തിൽ അടയ്ക്കണം. അത് മൂന്ന് തരത്തിലുള്ള മിഷൻ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

1. സാർവ്വത്രികസഭയുടെ മിഷൻ ഫണ്ട്
2. സീറോ മലബാർ സഭയുടെ മിഷൻ ഫണ്ട്
3. അതിരൂപത നേരിട്ട് നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്.

മിഷനെ സഹായിക്കുന്ന നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങൾ എനിക്കു നൽകുന്ന എല്ലാ സഹായങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ടും ജപമാലരാജ്ഞിയുടെ മധ്യസ്ഥം യാചിച്ചുകൊണ്ടും നിർത്തുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 ഒക്ടോബർ 1ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

സർക്കുലർ

Ref: 3036/K-5/KCBC/OL/DS
(16.9.2017)

# ലോകമിഷൻ ദിനസന്ദേശം - 2017

## *പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ*

## ഫ്രാൻസിസ് മാർപാപ്പാ

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ് സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

### വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിതപ്രവർത്തനവും

1. സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ

പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരിവർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്‌വാർത്തയാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പിതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf യോഹ 1:14).

## പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശുക്രിസ്തു തന്നെ സുവിശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ - രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷപ്രഘോ

ഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ടമാക്കുന്നത് – മഴ ഭൂമിയെ എന്നപോലെ തന്നെ. "അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്" (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു" ബെനഡിക്റ്റ് 16-ാമൻ, *ദേവൂസ് കാരിത്താസ് എസ്ത്*, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമായിത്തീരുന്നു. അത് "അമർത്ത്യതയുടെ ഔഷധമാണ്" (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവപരമായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവുകൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തിക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരി

യുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തുവിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: “എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?” ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

## പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവമാക്കപ്പെടുന്നു. “സുവിശേഷത്തിന്റെ പ്രകാശം ആവശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ” (*എവാഞ്ചെലീ ഗൗദിയും,* 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീതമായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരുവുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നു. സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നത് (അവിടെത്തന്നെ, 49).

## യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരിടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കുന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരിക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കുന്നു." (അവിടെത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസവും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിതമായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവനാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

## പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ ആധ്യാത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനി

പ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസിനീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണസംഘം നിർദേശിക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തസമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്നവിധം പ്രവർത്തിക്കാൻ തന്നെ.

## സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം

10. പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാസത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ്വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് “ഞാൻ സമ്മതിക്കുന്നു” എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കുസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം കൊച്ചി – 682 025

---

NB: ഈ സർക്കുലറിലെ പ്രധാന ആശയങ്ങൾ 2017 ഒക്ടോബർ 22ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്. +AT

1865/2017 C- 12
31.08.2017

# സർക്കുലർ
# ഫാത്തിമ സന്ദേശയാത്ര

പരി. അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷത്തിലാണല്ലോ പരിശുദ്ധ കത്തോലിക്ക സഭ. കേരളസഭയിൽ ഈ ശതാബ്ദി ആഘോഷ കർമ്മപദ്ധതികൾ കെ. സി. ബി. സി. യുടെ തീരുമാനപ്രകാരം കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിലുള്ള ഫാത്തിമ സെന്റിനറി സെലിബറേഷൻ കമ്മറ്റിയാണ് നേതൃത്വം നൽകുന്നത്. കേരള സഭയുടെ ഈ ആഘോഷത്തിന്റെ ഭാഗമായി ഫാത്തിമായിൽനിന്നും പ്രത്യേകമായി കൊണ്ടുവരുന്ന പരി. അമ്മയുടെ തിരുസ്വരൂപവും വഹിച്ചു നടത്തുന്ന ഫാത്തിമ സന്ദേശയാത്ര 2017 ആഗസ്റ്റ് 15-ാം തിയ്യതി ആരംഭിച്ച് 2017 ഒക്ടോബർ 28ന് വല്ലാർപ്പാടം ബസിലിക്കയിൽ സമാപിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. തൃശ്ശൂർ അതിരൂപതയിൽ ഫാത്തിമ സന്ദേശയാത്ര കടന്ന് വരുന്നത് 2017 സെപ്തംബർ 6, 7, 8 (ബുധൻ, വ്യാഴം, വെള്ളി) തിയ്യതികളിലാണ്. സെപ്റ്റംബർ 6-ാം തിയ്യതി രാവിലെ 6 മണിയോടെ പാലക്കാട് രൂപതയിലെ വടക്കുഞ്ചേരിയിൽ നിന്നും തൃശ്ശൂർ അതിരൂപതയിലേക്ക് തിരുസ്വരൂപവുമായി സന്ദേശ യാത്ര കടന്ന് വരുന്നു. അതിരൂപതാ അതിർത്തിയായ കൊമ്പഴയിൽനിന്നും ഔദ്യോഗികമായി സ്വീകരിച്ച് പട്ടിക്കാട് ഫൊറോന പള്ളിയിലേക്ക് ആനയിക്കും. തുടർന്ന് ചേലക്കര, വടക്കാഞ്ചേരി, എരുമപ്പെട്ടി, വേലൂർ, കൊട്ടേക്കാട് ഫൊറോനകളിൽ സഞ്ചരിച്ച് രാത്രി 9 മണിയോടെ ആബാ റിന്യൂവൽ സെന്ററിൽ രാത്രി ജാഗരണപ്രാർത്ഥനയോടെ മാതാവിന്റെ മുമ്പിൽ ഒത്തുചേരുന്നു.

സെപ്റ്റംബർ 7-ാം തിയ്യതി രാവിലെ ആബായിൽ നിന്ന് ആരംഭിച്ച് പറപ്പൂർ, മറ്റം, പാലയൂർ, കണ്ടശ്ശാംകടവ്, പഴുവിൽ എന്നീ ഫൊറോനയിലൂടെ പര്യടനം നടത്തി പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിൽ രാത്രി 9 മണിയോടെ ജാഗരണ പ്രാർത്ഥനയുമായി മാതാവിന്റെ മുമ്പിൽ പ്രാർത്ഥിക്കുന്നു.

സെപ്റ്റംബർ 8–ാം തിയ്യതി രാവിലെ 6:45ന് പുതുക്കാട് പള്ളിയിൽ എത്തിച്ചേരുന്നു. അവിടുന്ന് പുത്തൂർ, ഒല്ലൂർ കൂടി പുത്തൻ പള്ളി ബസിലിക്കയിൽ 4:45ന് എത്തിചേരുന്നു. തുടർന്ന് വൈകിട്ട് 7:30ന് മാതാവിന്റെ തിരുസ്വരൂപം പുത്തൻപള്ളിയിൽ നിന്ന് ഹൈറോഡ് കൂടി പഴയ മെഡിക്കൽ കോളേജ് വഴി സെന്റ് തോമസ് കോളേജിന്റെ മുന്നിൽക്കൂടി കിഴക്കേക്കോട്ട വഴി ലൂർദ്ദ് പള്ളിയിൽ എത്തിച്ചേരുന്നു. സമാപന സന്ദേശത്തിന് ശേഷം ലൂർദ്ദ് പള്ളിയിൽതന്നെ മാതാവിന്റെ തിരുസ്വരൂപത്തിന്റെ മുൻപിൽ ജാഗരണ പ്രാർത്ഥനയോടെ സമാപിക്കുന്നു.

നമ്മുടെ അതിരൂപതയിലെ മുഴുവൻ വിശ്വാസികളെയും സമാപന റാലിയിൽ പങ്കെടുത്ത് മാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യത്താൽ അനുഗ്രഹം പ്രാപിക്കാൻ പ്രത്യേകം ക്ഷണിക്കുന്നു. പരി. അമ്മയുടെ ജനന തിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2017 സെപ്തംബർ 3ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

Prot. No. 1563/2017 September 1, 2017

**V. Rev. Fr. Tony Neelankavil**
**Auxiliary Bishop-elect of Trichur**
**Marymatha Major Seminary, Mulayam Road, Mannuthy,**
**Thrissur, Kerala, 680 651**

Dear Beloved Brother,
Praise be to Jesus Christ!

At the request of Archbishop Andrews Thazhath, Archbishop of Trichur, on 12 August 2016 for an Auxiliary Bishop for the Archeparchy of Trichur, the Synod of Bishops of the Syro-Malabar Church has been in search of a suitable person to be appointed the Auxiliary Bishop of Trichur. After the required canonical enquiry and having obtained the prior assent of the Holy Father, the XXV Synod of the Bishops of the Syro-Malabar Church in its Second Session, held from 21 August to 1 September 2017, elected you, Fr. Tony Neelankavil, Auxiliary Bishop of Trichur. Accordingly, I, George Alencherry, the Major Archbishop of the Syro-Malabar Church, have the joy to announce to you that with my decree Prot. 1561/2017 dated 1 September 2017, you are appointed Auxiliary Bishop of the Archeparchy of Trichur. His Holiness Pope Francis has assigned to you the Titular See of MASUCCABA.

You are to be ordained Bishop in accordance with CCEO c. 187§2 and c. 188 and take canonical possession of your office in accordance with CCEO c. 214. Commending you to Our Lord, the Master Shepherd and praying that through the intercession of Mary our Mother, St. Thomas, our Apostle, you may in close communion with the entire clergy and the faithful of the Archeparchy of TRICHUR, fulfill the duties of your office as "an example in speech and conduct, in love, in faith, in purity" (1 Tim 4:12). I send you, my hearty congratulations and prayerful good wishes.

My greetings and prayerful blessings go also to the entire people of God of the Archeparchy of Trichur

For the Glory of God and the Good of the Church!
Yours cordially in Christ,

George Cardinal Alencherry
Major Archbishop of the Syro-Malabar Church.

# കച്ചേരി കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| ഒക്ടോബർ | 1 | : | **ഏലിയാ സ്ലീവാ മൂശ നാലാം ഞായർ** |
| | 2 | : | കാവൽമാലാഖ |
| | 4 | : | വി. ഫ്രാൻസിസ് അസ്സീസി |
| | 6 | : | ആദ്യവെള്ളി |
| | 8 | : | **ഏലിയാ സ്ലീവാ മൂശ അഞ്ചാം ഞായർ** |
| | 14 | : | ആവിലായിലെ വി. ത്രേസ്യ |
| | 15 | : | **ഏലിയാ സ്ലീവാ മൂശ ആറാം ഞായർ** |
| | 16 | : | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| | 17 | : | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| | 18 | : | വി. ലൂക്കാ സുവിശേഷകൻ |
| | 22 | : | **ഏലിയാ സ്ലീവാ മൂശ ഏഴാം ഞായർ** മിഷൻ ഞായർ |
| | 28 | : | വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ |
| | 30 | : | **ഏലിയാ സ്ലീവാ മൂശ എട്ടാം ഞായർ** |

**2. ഒക്ടോബർ മാസത്തെ പരിപാടികൾ**

| | | | | |
|---|---|---|---|---|
| ഒക്ടോബർ | 01 | : | | വൈദികവാർഷികധ്യാനം (ബാച്ച് 2) |
| | 06 | : | 11:00 am | വൈദികസമ്മേളനം |

**3. പ്രാർത്ഥനാശംസകൾ :**

സെപ്തംബർ 1ന് അതിരൂപത സഹായമെത്രാനായി നിയമിക്കപ്പെട്ട മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ.

**4. വൈദികസമ്മേളനം :**

രണ്ടാം ബാച്ച് വാർഷികധ്യാനത്തിനുശേഷം ഒക്ടോബർ 6ന് മേരിമാത മേജർ സെമിനാരിയിൽ നടത്തുന്നു. ബഹു. വൈദികർ പങ്കെടുക്കുമല്ലോ.

**5. വൈദികനിയമനം :**

1. ഫാ. ജിയോ തെക്കിനിയത്ത് – ആക്ടിംഗ് വികാരി നന്തിപുലം നോർത്ത് & കപ്ലോൻ എസ്. സി. എസ്. എ.; സാധുത 2017 ആഗസ്റ്റ് 3 മുതൽ.

2. ഫാ. സോണി കിഴക്കൂടൻ – സാന്തോം മിഷൻ സേവനാനുമതി; വികാരി നന്തിപുലം നോർത്ത് & കല്ലോൻ എസ്. സി. എസ്. എ. ഒഴിവായി; സാധുത 2017 ആഗസ്റ്റ് 3 മുതൽ.

3. ഫാ. ജോയ് വൈദ്യക്കാരൻ CMI – കല്ലോൻ ക്രിസ്തുജ്യോതി എഫ്. സി. സി. അടുപ്പുട്ടി ഒഴിവായി; സാധുത 2017 ഏപ്രിൽ 1 മുതൽ.

4. ഫാ. ജോസ് ചുങ്കൻ CMI – കല്ലോൻ ക്രിസ്തുജ്യോതി എഫ്. സി. സി. അടുപ്പുട്ടി; സാധുത 2017 ഏപ്രിൽ 1 മുതൽ.

5. ഫാ. ഫെക്സിൻ കൂത്തൂർ – പഠനാവധി മൂന്നുവർഷം; സാധുത 2017 ആഗസ്റ്റ് 18 മുതൽ.

6. ഫാ. ഷിന്റോ ഞർലേലി OFM.Cap. – ഡയറക്ടർ എസ്. എഫ്. ഒ.; സാധുത 2017 ആഗസ്റ്റ് 22 മുതൽ.

7. ഫാ. റിജോയ് തൈവളപ്പിൽ – പഠനാവധി മൂന്നുവർഷം; സാധുത 2017 ആഗസ്റ്റ് 26 മുതൽ.

8. ഡീ. വിൻസെന്റ് എടാട്ടുകാരൻ MCBS – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2017 ആഗസ്റ്റ് 13 മുതൽ നവംബർ 19 വരെ.

9. ഡീ. ജോസഫ് കിഴക്കേഭാഗം MCBS – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2017 ആഗസ്റ്റ് 13 മുതൽ നവംബർ 19 വരെ.

10. ഡീ. ജോർജ്ജ് എമ്പാളിൽ MCBS – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2017 ആഗസ്റ്റ് 13 മുതൽ നവംബർ 19 വരെ.

11. ഡീ. ജോസഫ് ആനത്താനം MCBS – ഡീക്കൻ മിനിസ്ട്രി പാലക്കൽ; സാധുത 2017 ആഗസ്റ്റ് 13 മുതൽ നവംബർ 19 വരെ.

+ [signature]

മാർ റാഫേൽ തട്ടിൽ
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# 2017–2018 വർഷത്തെ കൈക്കാരന്മാർ

| | |
|---|---|
| ആളൂർ | ചാലക്കൽ ജോൺസൺ |
| | അറങ്ങാശ്ശേരി ജോയ് |
| ആളൂർ കിഴക്ക് | അറങ്ങാശ്ശേരി ലിൻസ് |
| | നീലങ്കാവിൽ ബേബി |
| അമലനഗർ | മാളിയേക്കൽ സണ്ണി ഷാരോൺ |
| | കൂത്തൂർ ജോയ് ജിന്റോ |
| | അറയ്ക്കത്തറ സേവ്യർ വിൽസൻ |
| അമ്മാടം | ആലപ്പാട്ട് തോമ ജോയ് |
| | കുരുതുകുളങ്ങര പെല്ലിശ്ശേരി വാറുണ്ണി ജോസ് |
| | അരിമ്പൂർ അടമ്പുകുളം തോമൻ പോൾസൺ |
| | കുരുതുകുളങ്ങര പെല്ലിശ്ശേരി ലോനപ്പൻ പോൾ |
| അഞ്ഞൂർ | കൊമ്പൻ ജെയ്ക്കബ് ജോജു |
| | ഒലക്കേങ്കിൽ ചാക്കോ സണ്ണി |
| | ചൊവ്വല്ലൂർ പറിഞ്ചു ബാബു |
| | വാഴപ്പിള്ളി ലോനപ്പൻ ജോയ് |
| അന്തിക്കാട് | കുരുതുകുളങ്ങര വർഗ്ഗീസ് ജോസഫ് |
| | കുണ്ടുകുളം ഔസേഫ് ജോയ് |
| ആറംപിള്ളി | ചിരിയങ്കണ്ടത്ത് ചേറു ബേബി |
| | മേക്കാട്ടുകുളം പാവു ജോൺസൺ |
| | മേക്കാട്ടുകുളം പാവു വർഗ്ഗീസ് |
| അരണാട്ടുകര | വലപ്പാട്ടുകുറ്റിക്കാടൻ ജോൺ |
| | തട്ടിൽ വല്ലച്ചിറക്കാരൻ റാഫേൽ |
| | പെരിങ്ങോട്ടുകരക്കാരൻ ജോമി |
| | ചക്കാലക്കൽ സ്റ്റാൻലി |
| അരിമ്പൂർ | അരിമ്പൂർ വടക്കൻ കുരിയൻ വിൻസെന്റ് |
| | കാഞ്ഞിരത്തിങ്കൽ വറീത് ജോണി |
| | കുന്നംകുമരത്ത് ഗബ്രിയേൽ പിയൂസ് |
| | കാഞ്ഞിരത്തിങ്കൽ തോമസ് പോൾസൺ |
| അത്താണി | പുത്തിരി വർഗ്ഗീസ് സ്റ്റീഫൻ |
| | തെക്കുംപുറം ഇനാശു ആൻഡ്രൂസ് |
| | എലുവത്തിങ്കൽ ജോസ് ഷൈൻ |
| | പുത്തിരി ജോർജ്ജ് ലിജോൺ |
| ആറ്റത്ര | നീലങ്കാവിൽ തേച്ചപ്പൻ ജോണി |

| | |
|---|---|
| | പുത്തൂർ പറിഞ്ചു ജോസ് |
| ആറ്റുപുറം | ചൊവ്വല്ലൂർ ജോണി |
| | മേലിട്ട് വർഗ്ഗീസ് |
| | മേലിട്ട് ജോഷി |
| അവണൂർ | അക്കര ഔസേപ്പുണ്ണി |
| | അയ്യംകുളം ബിജു |
| അയ്യന്തോൾ | അറക്കപ്പാടൻ അന്തോണി ഡേവിസ് |
| | മുളവരിക്കൽ പീറ്റർ ജോസഫ് |
| | കാഞ്ഞിരത്തിങ്കൽ അല്ലേശ് ജോൺസൺ |
| | കരിയാട്ടി ജോണി ബിഫിൻ |
| ഭരത | കളപ്പുരയിൽ പൗലോസ് ബേബി |
| | പള്ളിയാർഡിയിൽ സ്കറിയ ഡേവിസ് |
| | കുഴിക്കണ്ടത്തിൽ വർഗ്ഗീസ് ജോർജ്ജ് |
| ബ്രഹ്മകുളം | പുലിക്കോട്ടിൽ മമ്മായിപറമ്പിൽ ജെയ്ക്കബ് ഇട്ടൂപ്പ് |
| | മാറോക്കി ജെയ്ക്കബ് കുരിയാക്കു |
| | ആളൂർ വറുതുണ്ണി ജെൻസൻ |
| | ചൊവ്വല്ലൂർ തോമസ് ജോയ് |
| ചാഴൂർ | അരിമ്പൂർ കല്ലേരി ജോസ് |
| | പുലിക്കൂടൻ റപ്പായി വിനോബൻ |
| | ചാലിശ്ശേരി ദേവസ്സി ഫ്രാൻസിസ് |
| ചേലക്കര | കവലക്കാട്ട് ആന്റണി |
| | നീലങ്കാവിൽ വർഗ്ഗീസ് |
| | പുത്തൻവീട്ടിൽ ജോഷി |
| ചെമ്മണ്ണൂർ | വാഴപ്പിള്ളി അന്തോണി ബാബു |
| | കൊമ്പൻ ജോർജ്ജ് രാജി |
| ചേർപ്പ് | ചെറുവത്തൂർ തണ്ടാശ്ശേരി അന്തോണി ജോസഫ് |
| | നായങ്കര തോക്കടം റപ്പായി യേശുദാസ് |
| | വാഴപ്പിള്ളി മാണി ലാസർ |
| ചേരുംകുഴി | കാലായിൽ തോമസ് ജോസഫ് |
| | ഓലിക്കൽ ചാക്കോ ദേവസ്യ (ബേബി) |
| | ഇലവുംമൂട്ടിൽ മാത്യു വർഗ്ഗീസ് |
| | വട്ടംകണ്ടം ചാക്കോ പൈലി |
| ചെറുതുരുത്തി | കുടുംബവിളയിൽ സുഭാഷ് |
| | ചെല്ലിക്കുളം ഫ്രാൻസിസ് |
| ചേറ്റുപുഴ | റാഫി തച്ചിൽ |

| | |
|---|---|
| | ബോബൻ കണ്ണാത്ത് |
| ചിറനെല്ലൂർ | ചൂണ്ടൽ ഫ്രാൻസിസ് സണ്ണി |
| | ചൂണ്ടൽ തോമക്കുട്ടി ജോസ് |
| ചിറ്റാട്ടുകര | ചിറ്റിലപ്പിള്ളി മത്തായി ജോസ് മാത്യു |
| | കുറ്റിക്കാട്ട് പോൾ ബെന്നി |
| | മാളിയമ്മാവ് സെബാസ്റ്റ്യൻ ബെന്നി |
| ചിറ്റിലപ്പിള്ളി | കുണ്ടുകുളം ലോനപ്പൻ ജോസഫ് |
| | മാറോക്കി വാറുണ്ണി ജോയ് |
| | അറങ്ങാശ്ശേരി പൊറിഞ്ചുണ്ണി തോമസ് |
| ചിറ്റിശ്ശേരി | കുണ്ടുകുളം അന്തോണി എഡ്വേർഡ് |
| | ചക്കുംപീടി ജോർജ്ജ് ഡേവിസ് |
| | അക്കര അന്തോണി ഷാന്റോ |
| ചിയ്യാരം സേവനാലയം | നീലങ്കാവിൽ ജോഷി ജോസ് |
| | തത്രത്തിൽ പൊന്മാണി ഷാജു ജോണി |
| ചിയ്യാരം വിജയമാത | ബാബു പുളിക്കൻ |
| | ജോയ് പയ്യപ്പിള്ളി |
| | ജെയ്സൻ പാല്യേക്കര |
| | എഡിസൻ അറയ്ക്കൽ |
| ചൂലിശ്ശേരി | വേലൂക്കാരൻ ദേവസ്സി ആന്റോ |
| | താഴേക്കാട്ടുകാരൻ ബേബി ലിന്റോ |
| | കണിമംഗലത്ത് ജോണി സോജൻ |
| ചൂണ്ടൽ | തരകൻ തോമക്കുട്ടി രാജൻ |
| | ചൂണ്ടൽ തോമസ് നെൽസൺ |
| ചൊവ്വന്നൂർ | മണ്ടുംപാൽ ജോസഫ് വർഗ്ഗീസ് |
| | പേരാമംഗലത്ത് വർഗ്ഗീസ് ജോജു |
| | താണിക്കൽ ഇയ്യുണ്ണി ജോസ് |
| എടക്കളത്തൂർ | ചിറ്റാട്ടുകര റപ്പായി പൊറിഞ്ചു |
| | ഒലക്കേങ്കിൽ തോമസ് ജോസഫ് |
| എളവള്ളി | ചുങ്കത്ത് ജോസഫ് ജെയ്സൻ |
| | പുലിക്കോട്ടിൽ കൊച്ചപ്പൻ മാത്യു |
| എൽത്തുരുത്ത് | വിതയത്തിൽ ജോസ് ജോബിൻ |
| | വടക്കേത്തല തൈവളപ്പിൽ ദേവസ്സി വർഗ്ഗീസ് |
| | പള്ളിക്കുളം കോട്ടപ്പടിക്കാരൻ അന്തപ്പൻ ജോൺസൻ |
| ഏനമ്മാവ് | കൊള്ളന്നൂർ ജോസഫ് കൊച്ചുപോൾ |
| | അറയ്ക്കൽ തോമസ് ജോസ് |

| | |
|---|---|
| | വെള്ളറ ലാസർ ജോസ് |
| ഏങ്ങണ്ടിയൂർ | പുലിക്കോട്ടിൽ വർഗ്ഗീസ് തോമസ് |
| | പുറത്തൂർ കിട്ടൻ ജേക്കബ് റാഫി |
| | ഇലവത്തിങ്കൽ ലാസർ ജോണി |
| എരനെല്ലൂർ | അറങ്ങാശ്ശേരി പൊറിഞ്ചു ജോൺസൺ |
| | ചിരിയങ്കണ്ടത്ത് ദേവസ്സി തോമസ് |
| | വാഴപ്പിള്ളി ഡൊമിനിക് ഡിന്റോ |
| എരവിമംഗലം | മടത്തുംപടി ദേവസ്സി ബൈജു |
| | കാഞ്ഞിരത്തിങ്കൽ ലാസർ ബിജു |
| | ചാലിശ്ശേരി പൊറിഞ്ചു ബൈജു |
| | ചാലിശ്ശേരി റപ്പായി ഷാജു |
| എറവ് | പൊറത്തൂർ പോൾ ജെയിംസ് |
| | കാഞ്ഞിരത്തിങ്കൽ പൗലോസ് ഡേവിസ് |
| | പെരുമാടൻ കൊച്ചപ്പൻ യേശുദാസ് |
| | പാവർട്ടിക്കാരൻ അന്തോണി ജോസ് |
| എരുമപ്പെട്ടി | കുറ്റിക്കാട്ട് ഔസേപ്പ് ജോണി |
| | ചിറ്റിലപ്പിള്ളി വർഗ്ഗീസ് ബിജു |
| | കുളങ്ങര അന്തോണി ജോർജ്ജ് |
| | ചക്രമാക്കിൽ വർഗ്ഗീസ് ഷാജു |
| ഇയ്യാൽ | എടക്കളത്തൂർ തോമസ് ജെയ്സൺ |
| | കൊള്ളന്നൂർ വാറുണ്ണി ഇട്ടൂപ്പ് |
| ഗുരുവായൂർ | പുത്തൂർ ഇട്ടൂപ്പ് വർഗ്ഗീസ് |
| | ചൊവ്വല്ലൂർ തോമസ് ജോയ് |
| | മേലിട്ട് അന്തോണി സോളമൻ |
| കടങ്ങോട് | പുത്തൂർ കൈതക്കോടൻ ഔസേപ്പുണ്ണി ബാബു |
| | വാഴപ്പിള്ളി വർഗ്ഗീസ് ജോൺസൻ |
| കല്ലൂർ കിഴക്ക് | ജോഷി മുള്ളക്കര |
| | അഗസ്റ്റിൻ തട്ടാറയിൽ |
| | ബാബു വള്ളൂപ്പാറ |
| കല്ലൂർ പടിഞ്ഞാറ് | തെക്കേത്തല പൊറിഞ്ചു ജോസഫ് |
| | വട്ടക്കുഴി പൗലോസ് ജെയ്സൺ |
| | കുന്നൻ തോമസ് ലൂയീസ് |
| കണ്ടശ്ശാംകടവ് | അരിമ്പൂർ വെറങ്ങൻ ആന്റണി അരുൺ |
| | വടക്കേത്തല ചക്കനാത്ത് ദേവസ്സി വർഗ്ഗീസ് |
| | പുലിക്കോട്ടിൽ ജോസഫ് നിജോ |

| | |
|---|---|
| | കൊമ്പൻ ജോസ് ഫ്രാൻസിസ് |
| കണ്ണംകുളങ്ങര | താണിക്കകുഴിയിൽ സെബാസ്റ്റ്യൻ |
| | മുകളേൽ ജോസഫ് |
| | കുന്നിനിയിൽ സെബാസ്റ്റ്യൻ |
| | പാലമിറ്റം ബെന്നി |
| കണ്ണാറ | വെട്ടത്ത് ബെന്നി |
| | തട്ടിൽ വല്ലച്ചിറക്കാരൻ ബാബു |
| | കൂടലി ബൈജു |
| കാരമുക്ക് | കൊമ്പൻ ചാക്കുണ്ണി ജീജോ |
| | ചിറമ്മൽ ചെമ്മാനി യാക്കോബ് ഔസേപ്പ് |
| | പാറമ്പുഴ പുത്തൻചിറ അന്തോണി വർഗ്ഗീസ് |
| കാരമുക്ക് നോർത്ത് (ക്ലാസി) | പുലിക്കോട്ടിൽ തോമസ് വിൻസെന്റ് |
| | വടക്കേത്തല കറുത്തേടത്തുപറമ്പിൽ വർക്കി ജെയിംസ് |
| | വടക്കേത്തല കറുത്തേടത്തുപറമ്പിൽ വൽസൻ റെജിൻ |
| കരുമത്ര | തേർമഠം റപ്പായി ഫ്രാൻസിസ് |
| | പാണേങ്ങാടൻ തോമസ് ജെയിംസ് |
| | അക്കര അന്തോണി തോമസ് |
| കാവീട് | ചൊവ്വല്ലൂർ വർക്കി ജെയ്സൻ |
| | മേലിട്ട് പാലത്തിങ്കൽ ലൂവീസ് ജോസ് |
| | മുളക്കൽ റപ്പായി ആന്റണി |
| കിള്ളിമംഗലം | കൈതക്കുളങ്ങര ചാക്കോ ജോസ് |
| | പുന്നപ്പുഴ അലക്സാണ്ടർ ലിന്റോ |
| കിരാലൂർ | കണ്ണനായ്ക്കൽ ഔസേപ്പ് ഡേവിസ് |
| | അറങ്ങാശ്ശേരി ചാക്കു ഫ്രാൻസിസ് |
| | കുളത്തിങ്കൽ ജോൺ വർഗ്ഗീസ് |
| കോടന്നൂർ | ചിറമ്മൽ ബേബി ബിജു |
| | ചിറയത്ത് ദേവസ്സി ജോണി |
| | പുലിക്കോട്ടിൽ വറീത് ഡേവിസ് |
| | തറയിൽ ചാക്കു ലൂവീസ് |
| കോലഴി | വാണിയംകിഴക്കേൽ ജോസഫ് ജിജി |
| | ചുങ്കത്ത് ഉതപ്പു ഫ്രാൻസിസ് |
| കോളങ്ങാട്ടുകര | നീലങ്കാവിൽ ലൂവീസ് ആന്റണി |
| | ചിറ്റിലപ്പിള്ളി പൊറിഞ്ചു നിക്സൻ |
| | കാഞ്ഞിരപറമ്പിൽ റപ്പായി ജോയ് |
| കോനിക്കര | തെക്കുംപീടിക ജേക്കബ് ടോണി |

| | |
|---|---|
| | മാളിയേക്കൽ തോമസ് ആന്റണി |
| കൂട്ടാല | പാറപ്പുറം ചാണ്ടി റോയി |
| | പാലോലിക്കൽ തോമസ് റോബിൻ |
| | ഐനിക്കൽ അന്തോണി വർഗ്ഗീസ് |
| കോട്ടപ്പടി | ഒലക്കേങ്കിൽ ജോസഫ് വർഗ്ഗീസ് |
| | വാഴപ്പിള്ളി മാത്യു ലോസൻ |
| | പഴുന്നാന മാത്യു ഡൈസൻ |
| | മുളക്കൽ ഫ്രാൻസിസ് വിൻസെന്റ് |
| കൊട്ടേക്കാട് | അക്കര വറീത് ജോസ് |
| | ബ്രഹ്മകുളം തോമ പോൾ |
| | ചാഴൂർ ചാണ്ടി ജോസ് പ്രിൻസ് |
| | കോളേങ്ങാടൻ ഔസേപ്പ് മാർട്ടിൻ |
| കൊഴുക്കുള്ളി | ചാലിശ്ശേരി ലാസർ ജോൺസൺ |
| | തരകൻ സൈമൺ ഡെയ്സൻ |
| | മേച്ചേരിപ്പടി പൈലോത് ജോണി |
| കുമ്പളങ്ങാട് | വാഴപ്പിള്ളി അന്തോണി ബാബു |
| | തൈക്കാടൻ തോമസ് ഷാജു |
| | മേലിട്ട് ജോസ് ബിജോ |
| കുണ്ടന്നൂർ | ചെറുവത്തൂർ തോമക്കുട്ടി കൊച്ചുദേവസ്സി |
| | മേക്കാട്ടുകുളം പറിഞ്ചുകുട്ടി വർഗ്ഗീസ് |
| | ചുങ്കത്ത് ജോർജ്ജ് സിജോ |
| കുണ്ടുകാട് | ജോയ് ഇഞ്ചക്കുഴിപാറയിൽ |
| | സോണി മതുക്കപറമ്പിൽ |
| | ബിജു മണിക്കുറ്റിയിൽ |
| കുരിയച്ചിറ | പാലമിറ്റം റപ്പായി |
| | കൊക്കൻ ജോൺസൻ |
| | ചിറയത്ത് ജെയ്മി |
| | ഒല്ലൂക്കാരൻ ബിനോയ് |
| കുറുമാൽ | വടക്കൻ ഔസേപ്പ് സേവ്യർ |
| | ചാലിശ്ശേരി ജോസ് ബിൻസൺ |
| കുട്ടംകുളം | ചീരമ്പൻ ലാസർ ജോസ് |
| | ചീരമ്പൻ ലോനപ്പൻ ബെന്നി |
| കുറ്റൂർ | തരകൻ ചാക്കു റാഫി |
| | മാളിയേക്കൽ വർഗ്ഗീസ് ബാബു |
| | തട്ടിൽ ഇമ്പാവു വറീത് പോൾസൺ |

| | |
|---|---|
| മച്ചാട് | തേർമഠം അന്തോണി ആന്റണി |
| | കണ്ണൂക്കാടൻ ആന്റണി ബൈജു |
| | മുരിങ്ങാത്തേരി ദേവസ്സി സണ്ണി |
| | നീലങ്കാവിൽ വർഗ്ഗീസ് ലിന്റോ |
| മാടക്കത്ര | തേറാട്ടിൽ മരോട്ടിക്കൽ ദേവസ്സി ജോണി |
| | കീറ്റിക്കൽ ജോസ് സെബാസ്റ്റ്യൻ |
| | വെമ്പിൽ മുള്ളൻ കൊച്ചപ്പൻ |
| മനക്കൊടി | കുരുതുകുളങ്ങര ഫ്രാൻസിസ് ജോസ് |
| | കോടംകണ്ടത്ത് പൗലോസ് പിയൂസ് |
| | താണിക്കൽ ചമ്മണത്ത് ഫ്രാൻസിസ് സിന്റോ |
| മണലാടി | കളപ്പുരയ്ക്കൽ ജോസഫ് |
| | ആലുക്ക ഷോണി |
| മണലൂർ കിഴക്ക് | കൊള്ളന്നൂർ കുറ്റൂക്കാരൻ ചേറു മാർട്ടിൻ |
| | എലുവത്തിങ്കൽ അയ്യയിൽ ജോസഫ് ഗോഡ്ഫ്രീ |
| | കുണ്ടുകുളം പാരയ്ക്ക കൊച്ചപ്പൻ സിജോ |
| മണലൂർ പടിഞ്ഞാറ് | പൂപ്പാടി കൊച്ചുവാറു ജോസ് |
| | താണിക്കൽ തോപ്പിൽ പൗലോസ് ജോസഫ് |
| മങ്ങാട് | പുത്തൂർ ചാക്കപ്പൻ ജോസ് |
| | പാലയൂർ പൗലോസ് ദേവസ്സി |
| മഞ്ഞക്കുന്ന് | കാടാപുരത്ത് ജോസഫ് ജോസഫ് |
| | തെങ്ങുംതോട്ടത്തിൽ ജോർജ്ജ് ജോജി |
| മാന്ദാമംഗലം | താഴത്തേടത്ത് ജോസ് ലിജോ |
| | വെള്ളിയാങ്കുളത്ത് ജോർജ്ജ് ബേബി |
| മണ്ണംപേട്ട | പൊഴലിപറമ്പിൽ പോൾ വർഗ്ഗീസ് |
| | മഞ്ഞളി ജേക്കബ് തോമസ് |
| | പാറേക്കാടൻ ജോർജ്ജ് സന്തോഷ് |
| മണ്ണുത്തി | മുള്ളൻകുഴി ലോനപ്പൻ ആന്റണി |
| | ചാലിശ്ശേരി വാറുണ്ണി ജോസ് |
| | താഴേക്കാടൻ ജോസ് ജോഷി |
| മരത്താക്കര | പോൾസൺ കുറ്റിക്കാട്ട് |
| | അജിത്ത് ചിറയത്ത് |
| | ഏന്റണി മഠത്തുംപടി |
| | റാഫി പാല്യേക്കര |
| മരത്തംകോട് | ആളൂർ കുരിയാക്കോസ് ജോൺസൺ |
| | കൊള്ളന്നൂർ ലാസർ ഫ്രാൻസിസ് |

| | |
|---|---|
| മരിയാപുരം | ലോറൻസ് പൂക്കോടൻ |
| | പോൾസൺ വല്ലച്ചിറക്കാരൻ |
| | ഇഗ്നേഷ്യസ് മേക്കാട്ടുകുളം |
| | സനോജ് പൊറത്തൂർ |
| മരോട്ടിച്ചാൽ | ഇലവുംമൂട്ടിൽ ആന്റണി തോമസ് |
| | തുരിലാൻ ദേവസ്സി ജെയിംസ് |
| | ഇടപറമ്പിൽ ജോസഫ് ടിജി |
| മായന്നൂർ | ആനിതോട്ടത്തിൽ അബ്രാഹം ഷാജി |
| | അയ്യംകുളം അന്തോണി തോമസ് |
| മുക്കാട്ടുകര | കൊള്ളന്നൂർ കൊട്ടേക്കാട്ടുകാരൻ ഇഗ്നേഷ്യസ് ജെയിംസ് |
| | മേനാച്ചേരി ഔസേപ്പ് പോൾസൺ |
| | ഒലക്കേങ്കിൽ വർക്കി തോമസ് ഡൊമിനിക് |
| | ചിറയത്ത് മഞ്ഞിയിൽ പൗലോസ് നെൽസൺ |
| മുളയം | അറയ്ക്കൽ മാറോക്കി ജോർജ്ജ് ലിജോ |
| | കാഞ്ഞിരപറമ്പിൽ പൈലോത് ഡേവിസ് |
| | ആളൂക്കാരൻ ഔസേഫ് വിൽസൻ |
| മുല്ലക്കര | കണ്ണമ്പുഴ ഔസേഫ് ആന്റണി |
| | പോന്നോർ ആന്റണി ജോയ് |
| | ആലപ്പാട്ട് വർഗ്ഗീസ് നിക്സൻ |
| മുള്ളൂർക്കര | മണിയഞ്ചിറ റോയ് |
| | മേനാച്ചേരിൽ അജിൽ |
| മുണ്ടൂർ | ചിറ്റിലപ്പിള്ളി ദേവസ്സി ജോസ് |
| | ചിറമ്മൽ അന്തോണി ജോസ് |
| | ചിറ്റാട്ടുകര ദേവസ്സി സേവ്യർ |
| | അറങ്ങാശ്ശേരി സോയ്ജോ മാത്യു |
| നടത്തറ | തേർമഠം ജോർജ്ജ് ജോജു |
| | ചെമ്പകശ്ശേരി ഔസേഫ് സോജൻ |
| | മണവാളൻ അന്തോണി ബിനു |
| | കാഞ്ഞിരത്തിങ്കൽ ആന്റണി ബാബു |
| നന്തിപുലം | കൂനൻ ചുമ്മാർ പോൾസൺ |
| | മംഗലൻ പൈലൻ പൗലോസ് |
| നന്തിപുലം നോർത്ത് | ആറ്റ്ലി കല്ലറക്കൽ |
| | സാന്റിയോസ് തോട്ട്യാൻ |
| | സിജിൻ ജോർജ്ജ് എളമ്പാശ്ശേരിയിൽ |
| നെടുപുഴ | കള്ളിക്കാടൻ ജോസഫ് |

| | |
|---|---|
| | ചീനിക്കൽ ജിജു ഫ്രാൻസിസ് |
| | ചീനിക്കൽ ടോണി |
| നെടുപുഴ സെന്റ് ജോർജ്ജ് കപ്പേള | ചീനിക്കൽ കുഞ്ഞിപ്പാവു ജോസ് |
| | ചീനിക്കൽ അന്തോണി ജെൻസൻ |
| | കണ്ണമ്പുഴ അന്തോണി വർഗ്ഗീസ് |
| നെടുപുഴ സെന്റ് മേരീസ് കപ്പേള | ചീനിക്കൽ വറീത് ഡേവിസ് |
| | ചീരൻ ഔസേപ്പ് ഡേവിസ് |
| | തച്ചോത്ത് വർക്കീസ് ആന്റണി |
| നെഹ്റുനഗർ | പുത്തുശ്ശേരി ദേവസ്സി ജോസ് |
| | പാലയൂർ അന്തോണി റിസൺ |
| | കൂത്തൂർ കൊച്ചാപ്പു റാഫേൽ |
| നെല്ലങ്കര | ചിറമ്മൽ പുത്തൻവാറു സണ്ണി ജെൽസൺ |
| | ചിറ്റിലപ്പിള്ളി പുല്ലോക്കാരൻ ചാക്കുണ്ണി ഫ്രാൻസിസ് |
| | അക്കരപട്ട്യേക്കാരൻ വറീത് ഷിമ്മി |
| നെല്ലിക്കുന്ന് | അക്കര ജോണി ജോൺസൻ |
| | പഞ്ഞിക്കാരൻ ദേവസ്സി ലിയോ |
| | ചിറയത്ത് പോൾ ജേക്കബ് |
| നെന്മണിക്കര | കൂടലി അന്തോണി ഡേവിസ് |
| | പിടിയത്ത് അന്തോണി ബിനോഷ് |
| നിർമ്മലപുരം | പയ്യപ്പിള്ളി തൊടുപറമ്പിൽ പൗലോസ് ജോയ് |
| | ചിറയത്ത് ആഴ്ചങ്ങാടൻ ജോസഫ് ജോർജ്ജ് |
| | പൊന്തേക്കൻ അന്തോണി ജോൺസൺ |
| | പുതൂർക്കര വറീത് ഡേവിസ് |
| ഒളരിക്കര | കാഞ്ഞിരത്തിങ്കൽ തോമ ഫ്രാൻസിസ് |
| | കിഴക്കൂടൻ വർഗ്ഗീസ് വിജോ |
| | ബ്രഹ്മകുളം തെക്കത്ത് ദേവസ്സി ജോഷി |
| ഒല്ലൂക്കര | തോട്ടപ്പിള്ളി കുഞ്ഞുവറീത് തോമസ് |
| | ചിറയത്ത് വർഗ്ഗീസ് സിൽവെസ്റ്റർ |
| | കാഞ്ഞിരത്തിങ്കൽ ജേക്കബ് ബ്രോണി |
| | വലിയവീട്ടിൽ ഫ്രാൻസിസ് ടിറ്റോ |
| ഒല്ലൂർ | ജാക്സൺ അക്കര |
| | ജോൺസൺ കുരുതുകുളങ്ങര |
| | റപ്പായി ചിറയത്ത് |
| | ജോസഫ് മാറോക്കി |
| ഒല്ലൂർ മേരിമാത | ജോസഫ് ചെറുശ്ശേരി |

| | |
|---|---|
| | വിൽസൺ കാക്കശ്ശേരി |
| | ബിജു മുത്തിപ്പീടിക |
| | ജോയ് പീറ്റർ കള്ളിക്കാടൻ |
| ഒരുമനയൂർ | ചെറുവത്തൂർ കൊച്ചുലോന വർഗ്ഗീസ് |
| | എടക്കളത്തൂർ ദേവസ്സി ജോർജ്ജ് രാജൻ |
| പടവരാട് | ചിറയത്ത് കോനിക്കര കുഞ്ഞിപ്പാലു വിൽസൺ |
| | വിതയത്തിൽ ഔസേപ്പ് വർഗ്ഗീസ് |
| | പ്ലാക്കൽ വറീത് വർഗ്ഗീസ് |
| | പൊട്ടക്കൽ വർക്ഷീസ് ജോഷി |
| പാലക്കൽ | ചാലിശ്ശേരി കുറ്റൂക്കാരൻ ജോൺ തോമസ് |
| | തേർമഠം ചക്കാലക്കൽ ആന്റണി ടോണി |
| | വല്ലച്ചിറക്കാരൻ അന്തോണി ജെയ്സൻ |
| | പള്ളിക്കുന്നത്ത് പൗലോസ് ജോസ് |
| പാലാഴി | വില്ലൻ വർഗ്ഗീസ് ഷാജി |
| | കൊടകരക്കാരൻ അന്തോണി ബൈജു |
| പല്ലിശ്ശേരി | കോമ്പാറ വട്ടക്കുഴി ലോനപ്പൻ ഇനാശു |
| | ചിരിയങ്കണ്ടത്ത് കൊച്ചപ്പൻ സൈമൺ |
| | കോമ്പാറ മാപ്രാണത്തുക്കാരൻ ലൂവീസ് ലിയോ |
| പനമുക്ക് | പുത്തൂക്കാരൻ ജോയ് |
| | പാറക്കൽ ജോജു |
| | തരുൺ ഡേവിസ് |
| | പൊറത്തൂക്കാരൻ വിൽസൺ |
| പങ്ങാരപ്പിള്ളി | പഴയകരിയിൽ ജോസ് |
| | കന്നുതൊട്ടിയിൽ ജോസ് |
| പരക്കാട് | കൂട്ടിയാനിക്കൽ തോമസ് ജോബി |
| | പാലക്കുഴിയിൽ ചാണ്ടി ചാക്കോച്ചൻ |
| പാറന്നൂർ | വാഴപ്പിള്ളി ജോസ് രാജു |
| | തരകൻ തോമസ് ടോളി |
| പറപ്പൂർ | പുത്തൂർ ജോസ് വർഗ്ഗീസ് |
| | നെയ്യൻ ചേറുകുട്ടി ജോസ് |
| | നിധിയിരിക്കൽ ഫ്രാൻസിസ് വർഗ്ഗീസ് |
| പറവട്ടാനി | ചിറയത്ത് മഞ്ഞിയിൽ ഔസേഫ് ഡേവിസ് |
| | ചിറങ്ങര പൈലോത് റോയ് |
| | ചെറുശ്ശേരി ജോസ് ജോമോൻ |
| പാറേമ്പാടം | മണലിൽ ഫ്രാൻസിസ് ജോയ് |

| | |
|---|---|
| | മണലിൽ ചേറു വർഗ്ഗീസ് |
| പതിയാരം | ആളൂർ ജോസ് ബിജോയ് |
| | മുരിങ്ങാത്തേരി എസ്തപ്പാനോസ് ജോസഫ് |
| പാത്രമംഗലം | പാലയൂർ ലൂവീസ് ജോയ് |
| | കുളങ്ങര ഫ്രാൻസിസ് ബാബു |
| | കീഴൂർ മുട്ടിക്കൽ ലൂവീസ് ബിജു |
| പാവറട്ടി | ചിരിയങ്കണ്ടത്ത് ദേവസ്സി ചാക്കോ |
| | ചിരിയങ്കണ്ടത്ത് തോമസ് സാംസൺ |
| | ഒലക്കേങ്കിൽ ജോബ് ആന്റണി |
| | അന്തിക്കാട്ട് താരു ഏന്റോ |
| പഴയങ്ങാടി | വടക്കേത്തല ഔസേപ്പ് ബൈജു |
| | ഒലക്കേങ്കിൽ ജോസഫ് പോളി |
| | ചിരിയങ്കണ്ടത്ത് ജോർജ്ജ് ജോബി |
| പഴയന്നൂർ | തടത്തിൽ ജോർജ്ജ് |
| | വേങ്ങാപ്പിള്ളിൽ സാബു |
| പഴുവിൽ | ചാലിശ്ശേരി ആന്റണി ജോയ് |
| | പുലിക്കോട്ടിൽ ജോസഫ് ജോയ് |
| | ആലപ്പാട്ട് ബിജു ഔസേപ്പ് |
| | തറയിൽ സജി വർഗ്ഗീസ് |
| പേരകം | ചെമ്മണ്ണൂർ ഫ്രാൻസിസ് നിക്സൺ |
| | ചീരൻ വർക്കി ഡൊമിനിക് |
| | തൈക്കാടൻ ലാസർ ജീജോ |
| പേരാമംഗലം | നീലങ്കാവിൽ തോമസ് ജോസ് |
| | ചിറ്റിലപ്പിള്ളി ലാസർ റോബർട്ട് |
| പെരിഞ്ചേരി | വള്ളൂപ്പാറ പൗലോസ് ദേവസ്സികുട്ടി |
| | കൊക്കൻ അന്തോണി ജോസഫ് |
| | പൊറുത്തൂക്കാരൻ ജോർജ്ജ് ജോബി |
| | കല്ലൂക്കാരൻ ഫ്രാൻസിസ് ജോസഫ് |
| പെരിങ്ങോട്ടുകര | താണിക്കൽ ചമ്മണത്ത് ഔസേപ്പ് വർഗ്ഗീസ് |
| | മാളിയേക്കൽ ചേമ്പൻ ജോസ് ലിജയ് |
| പെരുവല്ലൂർ | കാക്കശ്ശേരി തോമ ജോയ് |
| | തരകൻ റാഫേൽ ചാക്കോച്ചൻ |
| പൊങ്ങണംകാട് | മാരിപുറത്ത് അബ്രാഹം ജോഷി |
| | ആലപ്പാടൻ ആൻഡ്രൂസ് ലിന്റോ |
| | മാരിപുറത്ത് ജോസഫ് സണ്ണി |

| | |
|---|---|
| | ചെറുമഠത്തിൽ വറീത് ജോഷി |
| പൊന്നാനി | പുലിക്കോട്ടിൽ ജേക്കബ് |
| | മഞ്ഞില ജോയ് |
| പോന്നോർ | ചിറ്റിലപ്പിള്ളി ഔസേഫ് തോമസ് |
| | ചിറ്റിലപ്പിള്ളി ദേവസ്സി ഫ്രാൻസിസ് |
| | വാഴപ്പിള്ളി മാത്തു ലൈജു |
| പൊന്നൂക്കര | നെറ്റിക്കാടൻ ജോർജ്ജ് സിന്റോ |
| | തേറാട്ടിൽ കൂനൻ ദേവസ്സികുട്ടി ചാക്കോ |
| | കളത്തിങ്കൽ വറീത് തോമസ് |
| പൂച്ചിന്നിപ്പാടം | കൂടലി വർക്ഷീസ് ജോൺസൺ |
| | കല്ലൂക്കാരൻ ആന്റണി ജോസഫ് |
| പൂത്തറക്കൽ | അടമ്പുകുളം ജേക്കബ് ജിമ്മി |
| | അറയ്ക്കൽ മാറോക്കി ആന്റണി വിൽസൺ |
| പൊറത്തൂർ | ആലപ്പാട്ട് മേച്ചേരിപ്പടി ദേവസ്സി ബാബു |
| | ആലപ്പാട്ട് മേച്ചേരിപ്പടി ജോൺ ഷാജി |
| പുതുക്കാട് നോർത്ത് | പോന്നോർ അന്തോണി ജോസഫ് |
| | ചിറയത്ത് ജേക്കബ് ബിന്നി |
| | ചിറയത്ത് കൊച്ചാപ്പു ജെയിംസ് |
| പുതുശ്ശേരി | ചിറ്റിലപ്പിള്ളി ലാസർ ജോൺസൻ |
| | ചെറുവത്തൂർ റപ്പായി ആന്റോ |
| | ചൂലിശ്ശേരി ദേവസ്സി ഗീവർ |
| പുലക്കാട്ടുകര | പൊന്നാരി പൈലോത് ജോൺ |
| | തേയ്ക്കാനത്ത് ചാക്കോള പൈലോത് ജോണി |
| | തയ്യാലക്കൽ അന്തപ്പൻ റപ്പായി |
| പുല്ലഴി | ചക്കാലക്കൽ പാവു ജോസ് |
| | പാടിയിൽ ജോൺ നവീൻ |
| പൂങ്കുന്നം | അലക്സ് ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു |
| | അബ്രാഹം കുരുവിനാകുന്നേൽ |
| | റോളി വർഗ്ഗീസ് തേക്കാനത്ത് |
| പുറനാട്ടുകര | ആളൂർ ഫ്രാൻസിസ് പോൾസൺ |
| | ചാലക്കൽ റപ്പായി ജോസഫ് |
| | ചിറ്റിലപ്പിള്ളി ജേക്കബ് ജിനോ |
| പുത്തൻപീടിക | ചിറയത്ത് ദേവസ്സി സെബാസ്റ്റ്യൻ |
| | കുരുതുകുളങ്ങര ജേക്കബ് ഫ്രാൻസിസ് |
| | മാളിയേക്കൽ ജോസഫ് ജോജോ |

| | |
|---|---|
| | തട്ടിൽ പോൾ ആൽവിൻ |
| പുത്തൂർ | കൊറ്റല്ലൂക്കാരൻ തോമസ് സണ്ണി |
| | മാളിയേക്കൽ ഔസേഫ് ജോഷി |
| | മുണ്ടോപുറം അന്തോണി ഡേവിസ് |
| | പൊറത്തൂർ വർഗ്ഗീസ് ജോയ് |
| പുതുരുത്തി | ചിരിയങ്കണ്ടത്ത് പൊറിഞ്ചു പത്രോസ് |
| | ആളൂർ ജേക്കബ് ഷൈജോ |
| | മുരിങ്ങാത്തേരി പൊറിഞ്ചു ജേക്കബ് |
| സരിതപുരം | വട്ടംതൊട്ടിയിൽ വർഗ്ഗീസ് |
| | കോടപ്പിള്ളി തോമസ് |
| സ്നേഹപുരം | പൊന്തേക്കൻ ചെറിയ ലൂവീസ് |
| | പൊന്തേക്കൻ ദേവസ്സി സേവ്യർ |
| തൈക്കാട്ടുശ്ശേരി | മുത്തിപ്പീടിക ഫ്രാൻസിസ് ഫെനിൽ |
| | മാത്തുംപിടി പൗലോസ് ആന്റണി |
| | കുരിശിങ്കൽ തോമസ് സിജോ |
| തലക്കോട്ടുകര | തേർമഠം വർക്കി ഡേവിസ് |
| | കുറ്റിക്കാട്ട് ജേക്കബ് സേവി |
| | വടക്കൻ ചേറു സണ്ണി |
| തങ്ങാലൂർ നോർത്ത് | വടക്കൂടൻ ദേവസ്സി ജോൺസൺ |
| | ചീരമ്പൻ ജോസ് ജെയ്സൺ |
| തയ്യൂർ | പൊറത്തൂർ ജോസഫ് ജോൺസൺ |
| | ചിറ്റാട്ടുകര പൊറിഞ്ചു ഷാജു |
| | വാഴപ്പിള്ളി ജേക്കബ് ഫ്രാൻസിസ് |
| തിരുത്തിപറമ്പ് | കൊള്ളന്നൂർ തോമ ഫ്രാൻസിസ് |
| | പൊറത്തൂർ ജോർജ്ജ് മേജോ |
| | ചിരിയങ്കണ്ടത്ത് ഔസേപ്പ് പ്രിൻസൺ |
| തിരുവില്ല്വാമല | കോട്ടുകണ്ടം ജോസ് |
| | പറപ്പിള്ളിയിൽ ഷിബു |
| തൊയക്കാവ് | എലുവത്തിങ്കൽ ചാക്കു വർഗ്ഗീസ് |
| | എലുവത്തിങ്കൽ മുട്ടിക്കൽ ജോസഫ് ജോയ് |
| | വടക്കൻ ജോൺ സഖറിയാസ് |
| തൃക്കൂർ | കുരിയൻ ലോനപ്പൻ ഫ്രാൻസിസ് |
| | തൈക്കാടൻ ഔസേപ്പ് ആന്റണി |
| | പുതുശ്ശേരിപ്പടി കൊച്ചപ്പൻ ഷൈജു |
| | അപ്പാടൻ റപ്പായി ഫ്രാൻസിസ് |

| | |
|---|---|
| തൃപ്രയാർ | കുരുതുകുളങ്ങര ചാക്കോ ലാസർ |
| | പൊറുത്തൂർ തോട്ടുങ്ങൽ ജോർജ്ജ് ബിജു |
| തൃശ്ശൂർ ബസിലിക്ക | ആന്റണി കുണ്ടുകുളം |
| | ജോസഫ് ടി. ടി. |
| | ജോയ് കെ. ജോൺ |
| | ജോവിൻ വിൻസെന്റ് |
| തൃശ്ശൂർ കത്തീഡ്രൽ | ജോൺ ജോസഫ് ചിറമ്മൽ |
| | ജോൺസൺ ചാക്കോ പടിഞ്ഞാറേത്തല |
| | ദേവസ്സി തോമസ് കൊള്ളന്നൂർ |
| | ജോർജ്ജ് ജോസി ചാണ്ടി |
| തൃശ്ശൂർ സെന്റ് ആൻ | ആലപ്പാട്ട് പോൾ ബിജു |
| | ചക്കാലമറ്റത്ത് പനങ്കുളം ജോസ് ജിനോ |
| | ചാലിശ്ശേരി വളപ്പില തോമസ് ആന്റണി |
| | കൊടിയത്ത് തോമസ് ബാബു |
| വാടാനപ്പിള്ളി | കല്ലൂർ അന്തപ്പൻ ഫ്രെഡി |
| | മാങ്ങൻ തോമസ് ഫ്രാൻസിസ് |
| വടൂക്കര | കുന്നത്തുപറമ്പിൽ ജോർജ്ജ് ബിനു |
| | തളിയത്ത് വർഗ്ഗീസ് ജോയ് |
| | കൂനമ്മാവ് ലോനപ്പൻ ജിജി |
| വാക | നീലങ്കാവിൽ ലാസർ സ്റ്റീഫൻ |
| | ചാലക്കൽ തോമസ് ഫ്രാൻസിസ് |
| | കാക്കശ്ശേരി ഇയ്യുണ്ണി പോൾ |
| വല്ലച്ചിറ | എരുകുളം സൈമൺ ആന്റണി |
| | പിടിയത്ത് തോമകുട്ടി ലോനപ്പൻ |
| | മുത്തിപ്പീടിക അന്തോണി ബേബി |
| വാണിയമ്പാറ | പെരുമാട്ടിക്കുന്നേൽ സ്റ്റാൻലി ജോസഫ് |
| | ചെമ്പകശ്ശേരി കുരിയാക്കോസ് ആന്റണി |
| വരടിയം | കൊളമ്പ്രത്ത് ലോനപ്പൻ ജോൺ കെന്നഡി |
| | വാഴപ്പിള്ളി ബാബു മേബിൻ |
| | ചിറ്റാട്ടുകര വറീത് സൈമൺ |
| | പൈനാടത്ത് തോമസ് ജോയ് |
| വരാക്കര | പിണ്ട്യാൻ റപ്പായി ജോസ് |
| | മാപ്രാണത്തുക്കാരൻ പൈലൻ റപ്പായി |
| | മാപ്രാണത്തുക്കാരൻ ഇടിച്ചിറ ജോൺസൺ |
| വരാക്കര സൗത്ത് | ചെരടായി ഔസേപ്പ് ജേക്കബ് |

| | |
|---|---|
| | മുത്തിപ്പീടിക കൊച്ചപ്പൻ ജോയ് |
| | മാളിയേക്കൽ കാരാത്ര ജോണി ആന്റു |
| വരന്തരപ്പിള്ളി പള്ളിക്കുന്ന് | തുലാപറമ്പിൽ പൈലോത് അന്തോണി |
| | താണിശ്ശേരിക്കാരൻ ലോനപ്പൻ തോമസ് |
| | തീതായ് ജോൺ ജെയിംസ് |
| | കുറ്റിയറ ജോസഫ് വർക്കി |
| വരവൂർ | ഇട്ട്യോക്കോട്ട് തോമസ് സിബി |
| | കീലത്ത് മാത്യു വിൻസെന്റ് |
| വീണ്ടശ്ശേരി | കുറ്റ്യാനിക്കൽ ജോസഫ് ആന്റണി |
| | കുന്നുംപുറത്ത് ജോസഫ് ജോസ് |
| വെള്ളാനിക്കോട് | തൈപറമ്പിൽ മൈക്കിൾ ബാബു |
| | കൊടവരക്കാരൻ മാത്യു ഡേവിസ് |
| | മുണ്ടക്കൽ വർക്കി ജോഷി |
| | വെള്ളാരംതടത്തിൽ തോമസ് മത്തായി |
| വെള്ളറക്കാട് | കൂത്തൂർ പറിഞ്ചു ചാക്കോ |
| | ചുങ്കത്ത് ജോസ് ജോഷി |
| | തരകൻ പറിഞ്ചു തോമസ് |
| വെള്ളാറ്റഞ്ഞൂർ | പുത്തൂർ ദേവസ്സി ജോസ് |
| | പൊറത്തൂർ ജെയ്ക്കബ് വിൻസെന്റ് |
| | പുത്തൂർ വർക്കി സേവ്യർ |
| | വാഴപ്പിള്ളി ജോർജ്ജ് ബിജു |
| വേലൂർ | പാലക്കൽ ഫിലിപ്പ് യേശുദാസ് |
| | അറക്കൽ ഇട്ട്യേച്ചൻ ഡെയ്സൻ |
| | പനക്കൽ ജേക്കബ് ഷാജു |
| | ചുങ്കത്ത് ജേക്കബ് ഷാന്റോ |
| വെളുത്തൂർ | മേനാച്ചേരി ഡേവിസ് ജെയ്സൺ |
| | തേയ്ക്കാനത്ത് ദേവസ്സികുട്ടി പോൾ |
| വെണ്ടോർ | പാണ്ടാരി വറീത് ജോൺസൺ |
| | ചെറുവാൾക്കാരൻ അന്തോണി കൊച്ചുവാവു |
| | തട്ടിൽ ഇയ്യു അന്തോണി റാഫി |
| | പന്തല്ലൂക്കാരൻ ഔസേഫ് ഡേവിസ് |
| വെങ്ങിണിശ്ശേരി | ഊക്കൻ ജോസ് ജോൺസൻ |
| | ചിറ്റാട്ടുകരക്കാരൻ പാവുണ്ണി ആന്റോ |
| വെട്ടുക്കാട് | കുന്നത്ത് വർഗ്ഗീസ് |
| | ജോൺസൻ ചിറയത്ത് |

| | |
|---|---|
| | ജേക്കബ് പാലമിറ്റം |
| | ജോസഫ് പാലംപറമ്പിൽ |
| വിജയപുരം | മാറോക്കി വാറപ്പൻ ബിജു |
| | തൂമുള്ളിൽ പത്രോസ് ജോൺ |
| | ഒലക്കേങ്കിൽ ദേവസ്സി വർക്കി |
| | തട്ടിൽ നടക്കലാൻ പൊറിഞ്ചു ജോർജ്ജ് |
| വില്ലടം | വിൽസൺ ചൂണ്ടൽ |
| | ദേവസ്സി പൊറത്തൂക്കാരൻ |
| | വിൽസൺ കൊള്ളന്നൂർ |
| | ജോർജ്ജ് പുതുക്കാട്ടുക്കാരൻ |
| വിയ്യൂർ | വടക്കൂട്ട് ഞാറയിൽ ചുമ്മാർ ജോൺ |
| | ചേലപ്പാടൻ ഔസേപ്പ് ജോയ് |
| | വേലൂക്കാരൻ ദേവസ്സി ജോൺസൺ |
| | വെട്ടുക്കാട്ടിൽ ജോസ് ബൈജു |
| വൈലത്തൂർ | തലക്കോട്ടൂർ കൊച്ചുവാറു ബ്രൈറ്റ് |
| | കൊള്ളന്നൂർ ജോണി മോഹൻ |
| | ചിരിയങ്കണ്ടത്ത് തോമസ് ബിജു |
| വടക്കാഞ്ചേരി | ജോയ് ജോസഫ് നെടുങ്ങാട്ടിൽ |
| | ജോബി ദേവസ്സി പാറക്കൽ |
| | ജോമോൻ അബ്രാഹം വടയാട്ടുകുഴി |
| | ഫ്രാൻസിസ് റപ്പായി ചൊവ്വല്ലൂർ |
| അഞ്ചേരി സൗത്ത്, ഒല്ലൂർ | മാർട്ടിൻ പറപ്പൂക്കര |
| | ലിജോ ജോൺ |
| | ജോയ് കണ്ണമ്പുഴ |
| | റോജൻ ചാലിശ്ശേരി |
| അന്നകര, പറപ്പൂർ | പാലയൂർ റപ്പായി ഫ്രാൻസിസ് |
| | ചിറ്റിലപ്പിള്ളി ഔസേപ്പ് സണ്ണി |
| അവിണിശ്ശേരി, ഒല്ലൂർ | വർഗ്ഗീസ് കരിയാറ്റിൽ |
| | ബേബി ആറ്റപറമ്പിൽ |
| | ജോസ് നിലയാറ്റിങ്കൽ |
| | ഫ്രാങ്കോ പാലിയേക്കര |
| ചെമ്പുക്കാവ്, തൃശ്ശൂർ ലൂർദ്ദ് | മേക്കാട്ടുകുളം ജോണി ജോസ് |
| | വലിയവീട്ടിൽ പൗലോസ് ജോപോൾ |
| | കൊള്ളന്നൂർ ജോണി വിനോദ് |
| | ചിറ്റിലപ്പിള്ളി തോമസ് പോൾ |

| | |
|---|---|
| ചേങ്ങോട്, പുതുരുത്തി | പുത്തൂർ ജോസഫ് റിജോ |
| | അന്തിക്കാട്ട് പുളിക്കൻ ജോസ് ഷാജു |
| ചിയ്യാരം ഗലീലി, ഒല്ലൂർ | ബോസ്കോ ഉക്രാൻ |
| | പോൾസൻ പാറശ്ശേരി |
| | ജോസ് ഉക്രാൻ |
| | ജോളി മേച്ചേരി |
| കാക്കശ്ശേരി, പാവറട്ടി | എടക്കളത്തൂർ ലോനപ്പൻ ജോസ് |
| | പനക്കൽ ചാക്കുണ്ണി ഫ്രാൻസിസ് |
| കാഞ്ഞിരക്കോട്, കുണ്ടന്നൂർ | ഒലക്കേങ്കിൽ അന്തോണി ജോസ് |
| | ആളൂർ ദേവസ്സി സുധിൻ |
| കാരമുക്ക് നോർത്ത് | എലുവത്തിങ്കൽ കുറ്റൂക്കാരൻ അന്തോണി വർഗ്ഗീസ് |
| സെന്റ് ജോസഫ് | തത്രത്തിൽ പൊന്മാണി ചാക്കു ജെയ്സൻ |
| കോഞ്ചിറ, ഏനമ്മാവ് | പെരുമാട്ടിൽ ജോർജ്ജ് റിജോ |
| | കൈമഠത്തിൽ വറീത് ആൻഡ്രൂസ് |
| മുറ്റിച്ചൂർ, പുത്തൻപീടിക | പട്ടത്താനം എഡിസൻ വില്ലി |
| | പുലിക്കോട്ടിൽ ചാക്കു തോമസ് |
| നാടാംപാടം, വേലൂപ്പാടം | പുളിക്കൽ തൊമ്മൻ തോമസ് |
| | ഇളയാനിക്കാട്ടിൽ മാത്യു രാജു |
| പനംകുളം, പല്ലിശ്ശേരി | കല്ലൂക്കാരൻ ലോനപ്പൻ വർഗ്ഗീസ് |
| | ചെമ്പൻ വറീത് ആന്റണി |
| പാപ്പാനഗർ, മുണ്ടൂർ | മുട്ടത്ത് വർഗ്ഗീസ് ജോസഫ് |
| | ചിറ്റിപറമ്പൻ പൗലോസ് പ്രവീൺ |
| പെരിങ്ങാട്, പാവറട്ടി | കൊമ്പൻ പൗലോസ് വർഗ്ഗീസ് |
| | ചിരിയങ്കണ്ടത്ത് ജോസഫ് ലോറൻസ് |
| തളിക്കുളം, വാടാനപ്പിള്ളി | കുളങ്ങര ലാസർ ജോൺസൺ |
| | മഞ്ഞളി പൊറിഞ്ചു ജോസ് |
| തോളൂർ, പറപ്പൂർ | ചിറ്റിലപ്പിള്ളി ദേവസ്സി ആന്റണി |
| | ചിറ്റിലപ്പിള്ളി ആന്റണി റൈജു |
| | കുണ്ടുകുളങ്ങര കുഞ്ഞിപ്പു ലോനപ്പൻ |
| തൊറവ്, പുതുക്കാട് | താഴത്ത് ദേവസ്സി ആന്റണി |
| | ചെറിയാലത്ത് അബ്രാഹം ബേബി |
| ഊരകം, പറപ്പൂർ | ചുങ്കത്ത് അന്തോണി സൈമൺ |
| | പാലയൂർ കൊച്ചന്തോണി വർഗ്ഗീസ് |
| ഊരാക്കോട്, മച്ചാട് | ചെമ്പകശ്ശേരി ജോണി ജിജോ |
| മലാക്ക, മച്ചാട് | അക്കര വറീത് വർഗ്ഗീസ് |

# ആദരാഞ്ജലികൾ



## റവ. ഫാ. പോൾ മാറോക്കി (84)

**28.05.1933 10.09.2017**

തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. **ഫാ. പോൾ മാറോക്കി** 2017 സെപ്റ്റംബർ 10ന് രാവിലെ 6:45 ന് അന്തരിച്ചു.

അറക്കൽ മാറോക്കി പരേതരായ പൈലോത് + റോസ ദമ്പതികളുടെ മകനായി 1933 മേയ് 28ന് പരിയാരത്ത് ജനിച്ചു. പരേതനായ ജോസ്, സിസ്റ്റർ ഓൾഗ എഫ്.സി.സി., ഫ്രാൻസിസ്, പരേതയായ മേരിപോൾ എന്നിവർ സഹോദരങ്ങളാണ്. തൃശ്ശൂർ മൈനർ സെമിനാരി, കാന്റി, പൂന പേപ്പൽ സെമിനാരികൾ എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1959 ഒക്ടോബർ 3-ന് പൂനയിൽ വച്ച് റൈറ്റ് റവ. ഡോ. ആൻഡ്രൂ ഡിസൂസ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ചാലക്കുടി, ലൂർദ് കത്തീഡ്രൽ എന്നിവിടങ്ങളിൽ അസ്തേന്തിയായും, ബ്രഹ്മകുളം, വാണിയമ്പാറ എന്നിവിടങ്ങളിൽ ആക്ടിങ്ങ് വികാരിയായും സേവനമനുഷ്ഠിച്ചശേഷം സുദീർഘമായ നാലു പതിറ്റാണ്ടുകൾ വൈദിക പരിശീ

ലന രംഗത്ത് അദ്ദേഹം വ്യാപൃതനായിരുന്നു. കേരളത്തിലെ വിവിധ രൂപതകളിലുള്ള ഒട്ടേറെ വൈദികർക്ക് ഗുരുവും മാതൃകയും ആത്മനിയന്താവുമായിരുന്ന ബഹു. പോളച്ചൻ കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ 33 വർഷം പ്രൊഫസർ, ലൈബ്രേറിയൻ, ആദ്ധ്യാത്മിക പിതാവ്, വൈസ് റെക്ടർ എന്നീ നിലകളിലും കേരളത്തിലെ വിവിധ മേജർ സെമിനാരികളിൽ വിസിറ്റിങ് പ്രൊഫസറായും 3 വർഷം തൃശ്ശൂർ മൈനർ സെമിനാരി റെക്ടറായും ആചാര്യ ശുശ്രൂഷ ചെയ്തു. അദ്ദേഹം 3 വർഷം തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭൗതികശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉന്നത ബിരുദം നേടിയ ബഹു. പോളച്ചൻ കേരള ഫിലസോഫിക്കൽ കോൺഗ്രസ് മെമ്പർ, അതിരൂപതാ ആലോചന സമിതി അംഗം എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. മതവും ശാസ്ത്രവും, കൺവെർജൻസ്, ക്രിസ്തുമതവും ശാസ്ത്രവും, പരിണാമവാദം: നൂതനമായ കാഴ്ചപ്പാട്, ദൈവമേഖല (വിവർത്തനം) തുടങ്ങിയ ഗ്രന്ഥങ്ങളും ഈടുറ്റ നിരവധി ലേഖനങ്ങളും ബഹു. പോളച്ചൻ രചിച്ചിട്ടുണ്ട്. 2004 മുതൽ അദ്ദേഹം തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം സെപ്തംബർ 10 ഞായറാഴ്ച വൈകിട്ട് 5 മുതൽ 6:30 വരെ പൊതുദർശനത്തിനുവച്ച ശേഷം സ്വവസതിയായ മരത്താക്കരയിലേക്കു കൊണ്ടുപോയി. മൃതസംസ്കാരകർമ്മത്തിന്റെ ആദ്യഭാഗം സെപ്തംബർ 11 തിങ്കളാഴ്ച ഉച്ചക്ക് രണ്ടുമണിക്ക് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഇടവകപള്ളിയിൽ വച്ച് മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗവും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അവസാനഭാഗവും നടത്തപ്പെട്ടു. മാർ റാഫേൽ തട്ടിൽ പിതാവ് വി. കുർബാനയിൽ അനുസ്മരണസന്ദേശം നൽകി.

'നിനക്കെന്റെ കൃപ മതി' എന്ന ആപ്തവാക്യവുമായി കർത്താവിന്റ മുന്തിരിത്തോപ്പിൽ അഹോരാത്രം വേലചെയ്ത ബഹു. പോളച്ചന് ദൈവം നിത്യസൗഭാഗ്യം പ്രതിഫലമായി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## അതിരൂപതയുടെ സ്മരണാഞ്ജലി!!!




| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Pastoral Visit at Chowannur Parish |
| 02 | Mon | Morning | Baptism of the Fifth Child and Holy Mass at Olarikkara Priest Annual Retreat at Marymatha Major Seminary |
| | | Evening | Priest Annual Retreat |
| 03 | Tue | | Priest Annual Retreat |
| 04 | Wed | Morning | Holy Mass at Calvery Asram, Priest Annual Retreat |
| 05 | Thu | | Priest Annual Retreat |
| 06 | Fri | | Priest Annual Retreat |
| | | | Priests' Conference |
| 09-Nov 2 | | | Eurpoe / Rome visit |




| Date | Day | Time | Description |
|---|---|---|---|
| 01-04 | | | Hyderabad Convention |
| 05-06 | | | Satana Seminary Jubilee Celebration and Apostolic Visitation |
| 07 | Sat | Morning | Kakkanad |
| 08 | Sun | Morning | Mission Congress- Vallarpadam |
| 09-10 | | | Bishop's House |
| 11 | Wed | Morning | Holy Mass, Basilica |
| 12 | Thu | Morning | Bishop's House |

| | | | |
|---|---|---|---|
| 13 | Fri | | Laying foundation Stone- Kottekkad, Catechetical Symposium Kakkanad. |
| 14 | Sat | Morning | CLC Mariyolsavam ST. Thomas Collage, Holy Mass Olarikara CHF Provincial House-Jubilee Celebration, |
| | | Evening | Vestition FCC Sisters, Kannara |
| 15-20 | | | MST Fathers Retreat, Sangli |
| 21-22 | | | Goa- Apostolic Visitation |
| 23 | Mon | Evening | Holy Mass at Ollur |
| 26 | Thu | Morning | Engaged-Ollur |
| 27-29 | | | Trichy- Apostolic Visitation |
| 30 | Mon | Morning | Irinjalakuda |
| 31 | Tue | Evening | Holy Mass, Mukkattukara |





## മാർ ടോണി പിതാവിന്റെ പരിപാടികൾ

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Evening | Ollur Forane Yuvajana Sangamam at Chiyaram and Parannur Parish Day |
| 02-06 | Mon | | Priests' Retreat |
| 08 | Sun | Morning | Poomala: Holy Mass |
| | | Evening | Erumapetty: Retreat Inauguaral Mass |
| 12 | Thu | Evening | KTA meeting at POC |
| 14 | Sat | Morning | Convocation ceremony at Jyothi |
| 15 | Sun | Morning | Vellatanjur: Holy Mass |
| 18 | Wed | Morning | Meeting of Teacher's Guild |
| | | Morning | Aranattukara: Akila Kerala Kundumba Sangamam |
| 22 | Sun | Evening | Arimboor: Holy Mass (Etamidam) |
| 28 | Sat | Evening | Kuttanellur: St. Jude Feast |
| 29 | Sun | Morning | Palakkal: Holy Mass, Feast |
| | | Evening | Kundannur: Feast, Holy Mass |
| | | | Kolengattukkara: Rosary Conclusion |
| 31 | Tue | Morning | Peechi: Holy Mass |




# ആഗസ്റ്റ് 2017

01. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് എക്സെൽ അക്കാദമിയുടെ പുതിയ ക്ലാസ്സ് റൂമുകൾ വെഞ്ചരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന വൈദികരുടെ ഗ്രാന്റ് കോൺഫറൻസിൽ പങ്കെടുത്തു.

02. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചു നടന്ന വിയാനി ഡേ ആഘോഷങ്ങളിലും വൈദികസമ്മേളനത്തിലും പങ്കെടുത്തു. പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ആശംസയർപ്പിച്ചു.

03. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് 7 മണിക്ക് വിയാനി ഭവനിലെ വിയാനി ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

04. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് മാന്ദാമംഗലം ഇടവകപള്ളിയിൽ വി. ബലിയർപ്പിച്ചു.

05. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന ഏകസ്ഥരുടെ കൂട്ടായ്മയിൽ സന്ദേശം നൽകി. തുടർന്ന് മൈനർ സെമിനാരിയിൽ ബെനഫാക്ടേഴ്സ് ഡേ യോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്ക് മേരിമാത മേജർ സെമിനാരിയിൽ ഉപകാരികളുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ശേഷം ഹോളിഫാമിലി സന്യാസിനി സമൂഹത്തിലെ അർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണചടങ്ങിന് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അരണാട്ടുകര പള്ളിയിൽ വി. ബലിയർപ്പിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് മണലൂർ പടിഞ്ഞാറ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് അത്താണി ഇടവകയിൽ മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി സന്ദേശം നൽകുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. ഉച്ചക്ക് പറപ്പൂർ ഇടവകയിൽ തൃശ്ശൂർ അതിരൂപത സി. എൽ. സി.യുടെ വി. ഇഗ്നേഷ്യസ് ഡേ അനുഗ്രഹപ്രഭാഷണം നടത്തി. വൈകിട്ട് കോട്ടപ്പടിയിൽ മതബോധനയൂണിറ്റിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി.

07. അഭിവന്ദ്യ താഴത്ത് പിതാവ് കെ. സി. ബി. സി. ധ്യാനത്തിൽ പങ്കെടുക്കാൻ പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് കലാമണ്ഡലം ഗോപിയാശാന് തൊമ്മിയാസ് അവാർഡ് വിതരണം കേരള സാഹിത്യ അക്കാദമിയിൽ വച്ചു നൽകി. രാത്രി കെ. സി. ബി. സി. ധ്യാനത്തിനായി പോയി.

11. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചക്ക് സീറോ മലബാർ മിഷൻ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗ് മൗണ്ട് സെന്റ് തോമസിൽ കൂടി.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലോക മലയാളി കരിസ്മാറ്റിക് കൺവെൻഷന്റെ ഉദ്ഘാടനകർമ്മം ഇരിങ്ങാലക്കുടയിൽ നിർവഹിച്ചു. ഉച്ചകഴിഞ്ഞ് മേരിമാത മേജർ സെമിനാരിയിൽ ഇന്റർനാഷണൽ സിമ്പോസിയത്തിൽ സംസാരിച്ചു. വൈകിട്ട് ബോൺ നത്താലെയുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ശേഷം കൊഴുക്കുള്ളി ഇടവകയുടെ നവീകരിച്ച സെമിത്തേരി ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ദിവംഗതനായ ബഹു. ജോസ് തെക്കൻ സി. എം. ഐ.ക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ ക്രൈസ്റ്റ് കോളേജിൽ നടത്തി.

13. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ഡി. ബി. സി. എൽ. സി. യിൽ അതിരൂപത മതബോധന പി. ടി. എ. ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഇരിങ്ങാലക്കുട ആളൂരിൽ നടന്ന ലോക കരിസ്മാറ്റിക് കൺവെൻഷനിൽ സന്ദേശം നൽകി. തുടർന്ന് ഇരിങ്ങാലക്കുട വെള്ളാഞ്ചിറയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് രണ്ടു മണി മുതൽ ഡി. ബി. സി. എൽ. സി. യിൽ പി. ടി. എ. ഭാരവാഹികളുടെ സമ്മേളനത്തിൽ സിൽവർ ജൂബിലിയോടനുബന്ധിച്ച് സന്ദേശം നൽകി.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അവിണിശ്ശേരി സ്കൂളിന്റെ നവീകരിച്ച ക്ലാസ്സ് റൂമുകൾ ആശീർവദിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ്

രാവിലെ എറണാകുളം മാമ്പ്ര പള്ളിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് ബഹു. ബാബു ചേലപ്പാടനച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് മുല്ലശ്ശേരി ഇടവകയുടെ സ്റ്റെല്ല മാരിസ് കൺവെൻഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് പുലക്കാട്ടുകര പള്ളിയിൽ സന്യാസജൂബിലി വി. കുർബാന യർപ്പിച്ചു. വൈകിട്ട് ഡി. ബി. സി. എൽ. സി. യിൽ എ. സി. സി. ബിരുദദാന ചടങ്ങിലും മെറിറ്റ് ഡേയിലും പങ്കെടുത്തു. വൈകിട്ട് പുല്ലഴി ക്രിസ്റ്റീന ഹോമിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കൊഴുക്കുള്ളി പള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. വെളപ്പായ വൈദികമന്ദിര ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് അരിമ്പൂരിൽ സി. എലിസേവൂസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ശേഷം മുല്ലശ്ശേരിയിൽ ഇടവകയിൽ നിർമ്മിച്ച പള്ളിഹാളിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പൊതുസമ്മേളനത്തിലും പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ 9-ാമത്തെ ബാച്ചിന്റെ ബിരുദദാനചടങ്ങ് ലുലു കൺവെൻഷൻ സെന്ററിൽ നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സുവർണ്ണജൂബിലി യോടനുബന്ധിച്ച് ഗ്രീൻ ക്യാംപസ് സെന്റ് തോമസ് കോളേജിൽ ഉദ്ഘാടനം ചെയ്തു. വൈകിട്ട് നെന്മണിക്കര ഇടവകയിൽ തിരുനാൾ സമാപനത്തിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത ആലോചന സമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചക്ക് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സി. എസ്. ആർ. ഫണ്ടിൽ നിന്ന് ഹോം മിഷനുവേണ്ടി യുള്ള 2 കാറുകൾ സ്വീകരിച്ച് ജൂബിലി മിഷൻ ആശുപത്രിക്ക് കൈമാറി. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് മണലിക്കാട് നിത്യസഹായമാതാവിന്റെ പള്ളിയിൽ വി. ബലിയർപ്പിച്ചു.

18. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ദൈവശബ്ദം കൺവെൻഷന് ഒരുക്കമായുള്ള വി. കുർബാന ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ അർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കുത്തുപാറ (പൂമല ഇടവക)

കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചക്കുശേഷം അതിരൂപത അസംബ്ലിയുടെ റിസോഴ്സ് ടീം പരിശീലനപരിപാടിയിൽ ക്ലാസ്സെടുത്തു. വൈകിട്ട് പുല്ലൂർ എസ്. എച്ച്. മിഷൻ ആശുപത്രിയുടെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പുല്ലഴി ക്രിസ്റ്റീന ഹോമിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് അതിരൂപത അസംബ്ലിയുടെ റിസോഴ്സ് ടീം പരിശീലനപരിപാടിയിൽ ക്ലാസ്സെടുത്തു. വൈകിട്ട് ഇരിങ്ങാലക്കുട കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചെവ്വൂർ, പൂത്തറക്കൽ, ചേർപ്പ്, പൂച്ചിന്നിപ്പാടം, വല്ലച്ചിറ, പല്ലിശ്ശേരി എന്നീ ഇടവകകൾ സന്ദർശിച്ചു. തുടർന്ന് അഭയം ശാന്തിഭവൻ പ്രവാസി സംഗമം പല്ലിശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന നവദമ്പതി സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചക്കുശേഷം കത്തോലിക്കാ കോൺഗ്രസ്സിന്റെ സെന്റിനറി ആഘോഷം ഉദ്ഘാടനം ചെയ്തു. വൈകിട്ട് പറവട്ടാനിയിൽ കെ. എൽ. എം. ജനറൽ ബോഡി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പൊന്നാനി പള്ളിയിൽ വി. ബലിയർപ്പിച്ച് മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി സന്ദേശം നൽകി. തുടർന്ന് വൈലത്തൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് അരണാട്ടുകര പള്ളിയിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു.

21 – 26. അഭിവന്ദ്യ പിതാക്കന്മാർ സിനഡിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരന്തരപ്പിള്ളി, വേലൂപ്പാടം, വരാക്കര സൗത്ത്, മണ്ണംപേട്ട, വെണ്ടോർ, നെല്ലിക്കുന്ന് എന്നീ ഇടവകകൾ സന്ദർശിച്ചു. തുടർന്ന് മരത്താക്കരയിൽ സി. കനീസി എഫ്. സി. സി. യുടെ മൃതസംസ്കാരചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അയ്യന്തോൾ ഇടവകയിൽ വി. ബലിയർപ്പിച്ച് സാന്തോം മിഷനെ പരിചയപ്പെടുത്തി. ഉച്ചക്ക് ഫാ. ജേക്കബ് പനക്കലിന്റെ പുസ്തകപ്രകാശനം മുണ്ടൂരിൽ നിർവഹിച്ചു. വൈകിട്ട് വി. എവുപ്രാസ്യാമ്മയുടെ തീർത്ഥകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു.

28. അഭിവന്ദ്യപിതാക്കന്മാർ സീറോ മലബാർ ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

# നാമകരണ നടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

സെപ്തംബർ മാസത്തെ ആദ്യവെള്ളിയാഴ്ച്ച ദിവ്യബലിക്ക് നേതൃത്വം നൽകിയത് മാന്ദാമംഗലം ഇടവക വികാരി ഫാ. അൽജോ കരേരക്കാട്ടിൽ ആയിരുന്നു.



ഒരു നാടിന്റെ നല്ല ഇടയനായി വർത്തിച്ചിരുന്ന ദൈവദാസൻ ആന്റണിയച്ചൻ ജനത്തെ മുഴുവൻ പച്ച പുൽമേട്ടിലേക്ക് നയിച്ചുവെന്ന് വചനസന്ദേശത്തിൽ അൽജോ അച്ചൻ ഏവരേയും ഓർമ്മിപ്പിച്ചു. ഏറ്റവും വലിയ വിരുന്നായ ദിവ്യബലി, കൂട്ടായ്മയുടെ ഒരു അനുഭവമാക്കി മാറ്റിയവനായിരുന്നു അച്ചനെന്നും, തന്റെ ആരേഗ്യവും സമയവും ഈ നാടിന് വേണ്ടി വ്യയം ചെയ്തവനായിരുന്നു അന്തോണിയച്ചനെന്നും അൽജോ അച്ചൻ പറഞ്ഞു. മാസാദ്യവെള്ളിയാഴ്ച്ചയിലെ വചന പ്രഘോഷണം നടത്തിയത് ശ്രീ. ജോർജ്ജ് പൂമലയാണ്. ദിവ്യൂലിയിലും ഊട്ട് സദ്യയിലും നിരവധി പേർ പങ്കെടുത്തിരുന്നു. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നതിനായി നിരവധി ആളുകൾ എത്തിയിരുന്നു.

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

സി.എസ്.സി മരിയ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. സിസ്റ്റർ ദിയ സി.എസ്.സി. ഊക്കനച്ചനും സി.എൽ.സി. സംഘടനയും എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി. ചെറുപ്രായത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ട ഊക്കനച്ചന് പരി. അമ്മയോട് ഏറെ വാത്സല്യവും സ്നേഹവും ഉണ്ടായിരുന്നു. എല്ലാം പരി. അമ്മയിൽ സമർപ്പിക്കുകയാണ് ചെയ്തത്. മാതാവിന്റെ സംരക്ഷണവും വിശുദ്ധിയും എല്ലാവർക്കും മനസ്സിലാക്കിയ അദ്ദേഹം പരി.അമ്മയിലൂടെ ഈശോയിലേക്ക് കടന്നുചെല്ലാനുള്ള എല്ലാവഴിതാരകളും സി. എൽ.സി. സംഘടനയിലൂടെ തുറന്നുകൊടുത്തു. ജപമാലയും കുടുംബപ്രാർത്ഥനയും ഒരിക്കലും മുടക്കാൻ പാടില്ല എന്നും എല്ലാ തിന്മകളെയും അകറ്റുന്ന ഒരു ആയുധമാണ് ജപമാലയെന്നും ബ. സിസ്റ്റർ ഓർമ്മപ്പെടുത്തി. 10.30 ന് അനുസ്മരണബലി കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ.ഫാ.വർഗ്ഗീസ് ഊക്കൻ ആണ്. നമുക്ക് പരിശീലിക്കാം എന്ന് ആശംസിച്ചുകൊണ്ട് അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചു. ആരോഗ്യവാൻമാർക്കല്ല, രോഗികൾക്കാണ് വൈദ്യനെകൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ തേടിയാണ് ഞാൻ വന്നിരിക്കുന്നത്. (മർക്കോ 2/17) ഈ ഒരു കാഴ്ചപ്പാടാണ് ഊക്കനച്ചൻ സ്വീകരിച്ചിരുന്നത്. സത്യവിശ്വാസം പകർന്നുകൊടുക്കാനും തൊഴിലില്ലാത്ത വ്യക്തികളുടെ കുടുംബജീവിതം കൂടുതൽ സുന്ദരമാക്കാനും ആജീവനാന്തം പരിശ്രമിച്ച ഊക്കനച്ചൻ ഈ ദൗത്യങ്ങളെല്ലാം ഒരു പ്രത്യേകമായ സ്ഥലത്ത് അതായത് ചൊവ്വന്നൂര് പൂർത്തികരിച്ച ഊക്കനച്ചന്റെ മാദ്ധ്യസ്ഥം നമുക്ക് തേടാം എന്ന് ആശംസിച്ചുകൊണ്ട് ബ.അച്ചൻ തന്റെ ക്ലാസ്സ് അവസാനിച്ചു.



**ഫാ. പോൾ പുളിക്കൻ** (പോസ്റ്റുലേറ്റർ)

# സാമ്പത്തിക കാര്യാലയം




**1. തെരട്ട് സമർപ്പിക്കൽ**

തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**2. പള്ളിഹാൾ ഉപയോഗം**

ഹാളുകൾ ഉള്ള ഇടവകകൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുവാൻ താൽപര്യപ്പെടുന്നു.

1. ഹാളുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾക്ക് ഫുഡ് സേഫ്റ്റി കമ്മീഷ്ണറുടെ അനുവാദം ഉണ്ടായിരിക്കേണ്ടതാണ്
2. ഹാളുകളിൽ ഉപയോഗിക്കുന്ന കുടി വെള്ളം ശുദ്ധത ഉള്ളതാണ് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി സർട്ടിഫിക്കറ്റ് വാങ്ങിവക്കേണ്ടതാണ്

**3 അതിരൂപത സഹായ ഫണ്ട്**

1. വിദ്യാഭ്യാസം – 5000 2. വിവാഹം – 129000
3. ചികിത്സ – 33500

**4.സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. പറപ്പൂർ – 267393 2. പേരാമംഗലം – 50000

**5. ഫാ.സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ**

1 . ഭവന നിർമ്മാണം – 20000 2. ചികിൽസ – 35000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ.ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

# വൈദികർ



## ജന്മദിനങ്ങൾ - ഒക്ടോബർ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| മോൺ. ജോർജ്ജ് അക്കര | 03 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ആന്റണി ഐനിക്കൽ | 08 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 10 |
| ഫാ. ജോണി ആന്റണി പാറേക്കാട്ട് | 10 |
| ഫാ. ചാക്കോ പാറയിൽ | 11 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 12 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 12 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ | 17 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 21 |
| ഫാ.ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |

| | | | |
|---|---|---|---|
| ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് | 04 | ഫാ. അൽജോ കരേരക്കാട്ടിൽ | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 | ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ഫ്രാൻസിസ് ആളൂർ | 04 | ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 | ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 | ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| | | ഫാ. ജോൺ പോൾ തൈക്കാടൻ | 22 |

# ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജേക്കബ് കടവി | 27-10-1828 |
| ഫാ. ഗീവർഗ്ഗീസ് അറക്കൽ | 13-10-1895 |
| ഫാ. പിയൂസ് അക്കര | 31-10-1948 |
| ഫാ. തോമസ് മാളിയേക്കൽ | 18-10-1950 |
| ഫാ. ജോൺ ഊക്കൻ | 13-10-1956 |
| ഫാ. തോമസ് ഇരിമ്പൻ | 28-10-1957 |
| ഫാ. മാത്യു ചെറുനിലം | 13-10-1965 |
| ഫാ. ജോർജ്ജ് വാലിക്കോടത്ത് | 17-10-1968 |
| ഫാ. ജോസഫ് ആട്ടോക്കാരൻ | 29-10-1970 |
| ഫാ. ജോൺ പൊറത്തൂർ | 17-10-1972 |
| ഫാ. തോമസ് കാളാശ്ശേരി | 05-10-1977 |
| ഫാ. പീറ്റർ മണ്ടുംപാല | 09-10-1987 |
| ഫാ. ജോൺ ചെറുവത്തൂർ | 11-10-1990 |
| ഫാ. ഡേവിസ് കാഞ്ഞിരത്തിങ്കൽ | 04-10-1991 |
| ഫാ. പോൾ പെല്ലിശ്ശേരി | 02-10-1997 |
| ഫാ. ജേക്കബ് ചൊവ്വല്ലൂർ | 24-10-1999 |
| ഫാ. തോമസ് പാലത്തിങ്കൽ | 26-10-2004 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19-10-2008 |
| മോൺ. ജോസഫ് വിളങ്ങാടൻ | 09-10-2011 |
| ഫാ. സിജോ ചീരൻ | 13-10-2014 |
| ഫാ. ജോസ് ആലപ്പാട്ട് | 25-10-2015 |
| ഫാ. ജോർജ്ജ് കണ്ണാത്ത് | 11-10-2016 |

# സന്യസ്തർ



## സി.ആർ.ഐ. വാർത്തകൾ

**01.08.2017 : എസ്.എ.ബി.എസ്.** രണ്ടാം വർഷ നോവിസസ്, ഡിറക്ട്രസ് സി. ജെസ്‌ലിൻ റോസ് ബ്രഹ്മകുളത്തോടൊപ്പം എക്സ്പോഷർ പ്രോഗ്രാമിന്റെ ഭാഗമായി ഒരാഴ്ച പെരിങ്ങണ്ടിയൂർ പീസ് ഹോമിൽ ശുശ്രൂഷ ചെയ്തു.

**03.08.2017 : എസ്.എ.ബി.എസ്.** ജൂണിയർ സിസ്റ്റേഴ്സിന്റെ പ്രത്യേക മദ്ധ്യസ്ഥനായ വി. പീറ്റർ ജൂലിയൻ എയ്മാർഡിന്റെ തിരുന്നാൾ എല്ലാ ഭവനങ്ങളിലും ആഘോഷിച്ചു. തിരുമണിക്കൂർ, സ്നേഹവിരുന്ന്, കലാപരിപാടികൾ എന്നിവയ്ക്ക് സീനിയർ സിസ്റ്റേഴ്സ് നേതൃത്വം നൽകി.

**04.08.2017 : എഫ്.സി.സി.**ജൂനിയർ സിസ്റ്റേഴ്സിന്റെ മാസധ്യാനം 4,5 തീയതികളിൽ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

**എസ്.എ.ബി.എസ്.** ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ രണ്ടു ദിവസത്തെ പ്രോഗ്രാം ജൂണിയർ സിസ്റ്റേഴ്സിനായി നടത്തി. 17 സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്തു.

**05.08.2017 : സി.എച്ച്.എഫ്.** നവജ്യോതി പ്രോവിൻസിലെ 5 നോവിസസ് ഉച്ചയ്ക്ക് 2.30–ന് ലിറ്റിൽഫ്ളവർ ഇടവക ദേവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മീകത്വത്തിലുള്ള ദിവ്യബലി മദ്ധ്യേ ആദ്യ വ്രത വാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. 7 വൈദീകർ സഹകാർമ്മീകരായുണ്ടായിരുന്നു. ദിവ്യബലിയിലും ശേഷം നടത്തിയ സ്നേഹവിരുന്നിലും എല്ലാവരും പങ്കെടുത്ത് നവകന്യകമാർക്ക് ആശംസകൾ നേർന്നു.

**സി.എം.സി.** തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് CMC Associates ന് ഒരു ദിവസത്തെ സെമിനാർ നടത്തി. ഇരിഞ്ഞാലക്കുട ഉദയ പ്രോവിൻസിലെ കൗൺസിലർ സി. ഡോ. വിമല സി.എം.സി ക്ലാസ്സുകൾ നയിച്ചു.

**07.08.2017 : സി.എം.സി.** മാടക്കത്ര സെന്റ് ജോസഫ് ഇടവകയിൽ രണ്ടാഴ്ച സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി.

**08.08.2017 : എഫ്.സി.സി.** സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പി

ക്കുന്നതിന്റെ ഭാഗമായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസ് മുഴുവൻ സൗരോർജ്ജ പാനൽ വെച്ച് പ്രവർത്തനസജ്ജമാക്കി.

**09.08.2017 : സി.എച്ച്.എഫ്.** നവജ്യോതി പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോൾ ഒറീസയിലുള്ള 2 കോൺവെന്റുകളിലും കാനോനിക സന്ദർശനം നടത്തി.

**എസ്.എ.ബി.എസ്.** പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ ലിറ്റിൽ മരിയ തെക്കേക്കരയുടെ നേതൃത്വത്തിൽ പ്രോവിൻസിലെ ഫോർമേറ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചുകൂടി സഭാതലത്തിൽ നടത്തിയ ഫോർമേറ്റേഴ്സ് കോഴ്സിലെ വിശദാംശങ്ങൾ പങ്കു വയ്ക്കുകയും പരിശീലന രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**10.08.2017 : എസ്.എ.ബി.എസ്.** മേരി മാത മേജർ സെമിനാരിയിൽ നടത്തിയ Mary Matha Encounters of Pastoral ഇവമഹഹലിഴലൃ (MEPC), Salt of the Earth, Light of the World എന്നീ സെമിനാറുകളിൽ സി. ക്ലെരീസ മണവാളൻ, സി. സുമ തെരേസ് പെരേപ്പാടൻ എന്നിവർ സംബന്ധിച്ചു.

**11.08.2017 : എഫ്.സി സി.** സ്ഥാപകമാതാവായ വി. ക്ലാരയുടെ നാമഹേതുക തിരുന്നാളിനോ ടനുബന്ധിച്ച് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ പ്രാർത്ഥനാശുശ്രൂഷയിലും സ്നേഹവിരുന്നിലും വിവിധ സന്യാസിനീസമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സിന്റെ സാന്നിധ്യമുണ്ടായിരുന്നു.

**12.08.2017 : എസ്.എ.ബി.എസ്.** ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ച വാർഷിക ധ്യാനത്തിൽ 38 സിസ്റ്റേഴ്സ് സംബന്ധിച്ചു. തലശ്ശേരി രൂപതാംഗവും പരിയാരം മരിയൻ ധ്യാന കേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറുമായ റവ. ഫാ. സെബാസ്റ്റ്യൻ പുതുപ്പാട്ടിൽ ധ്യാനത്തിന് നേതൃത്വം നൽകി.

**എഫ്.സി.സി.** ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയുടെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് അമ്മക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.

**13.08.2017 : എസ്.എ.ബി.എസ്.** വി. ബെർക്കുമാൻസിനെ തങ്ങളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി സ്വീകരിച്ചിരിക്കുന്ന പോസ്റ്റുലൻസിന് തിരുന്നാൾ മംഗളങ്ങൾ ആശംസിച്ചു.

**14.08.2017 : എഫ്.സി.സി.** കുറുമാൽ ധ്യാനകേന്ദ്രത്തിൽ ഇന്നത്തെ കാലഘട്ടത്തിൽ മാധ്യമങ്ങളുടെ പ്രസക്തി എന്ന വിഷയത്തെ സംബന്ധിച്ച ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ക്ലാസ്സ് എടുത്തു.

**15.08.2017 : എഫ്.സി.സി.** ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും കൗൺസിലർ സി. ജ്യോതി ഫ്രാൻസീസും ബാംഗ്ലൂരിൽ വിവിധ പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സിസ്റ്റേഴ്സിനെ സന്ദർശിച്ചു.

**19.08.2017 : സി.എം.സി.** പ്രൊവിൻഷ്യൽ പ്ലിനറി മീറ്റിംഗ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

**എസ്.എ.ബി.എസ്.** ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി.

**എസ്.എ.ബി.എസ്.** പോസ്റ്റുലൻസ് ഡേ, പോസ്റ്റുലൻസ് ഡിറക്ട്രസ് സി. റോസ് മേരി പ്ലാക്കലിന്റെ നാമഹേതുക തിരുനാൾ എന്നിവ സംയുക്തമായി ആഘോഷിച്ചു.

**എസ്.എ.ബി.എസ്.** ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു.

**എസ്.എ.ബി.എസ്.** പോസ്റ്റുലൻസ് ഡേ, പോസ്റ്റുലൻസ് ഡിറക്ട്രസ് സി. റോസ് മേരി പ്ലാക്കലിന്റെ നാമഹേതുക തിരുനാൾ എന്നിവ മനോഹരമായി ആഘോഷിച്ചു.

**21.08.2017 : സി.എം.സി.** ഒല്ലൂർ വി.എവുപ്രാസ്യമ്മയുടെ തീർത്ഥകേന്ദ്രത്തിൽ വി. എവുപ്രാസ്യമ്മയുടെ നൊവേന ആരംഭത്തോടനുബന്ധിച്ചുള്ള ദിവ്യബലിയിൽ തൃശ്ശൂർ അതിരൂപതാ മെത്രാൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു.

**സി.എസ്.സി.** മരിയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. റവ. ഫാ. ഡേവീസ് പനയ്ക്കൽ ക്ലാസ്സെടുത്തു.

**25.08.2017 : എസ്.എ.ബി.എസ്.** ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ രണ്ടു ദിവസത്തേക്ക് സമ്മേളിച്ച് ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു.

**26.08.2017 : സി.എച്ച്.എഫ്.** നവജ്യോതി പ്രാവിൻഷ്യൽ ഹൗസിൽ ജൂനിയർ സിസ്റ്റേിഴ്സിന് 2 ദിവസത്തെ കോഴ്സ് നടത്തി. റവ. ഫാ. സാജൻ പിണ്ടിയാൻ വചനാധിഷ്ഠിതമായ സന്യാസ ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. റവ. ഫാ. ജോസ് എടാട്ടുകാരൻ കുമ്പസാരത്തിന് നേതൃത്വം നൽകി.

**28.08.2017 : സി.എച്ച്.എഫ്.** നവജ്യോതി പ്രൊവിൻഷ്യൽ റവ.സി.മേഴ്സി പോൾ ചേലക്കര അമലഭവനിലും ലിറ്റിൽ ഫ്ളവർകോൺവെന്റിലും കാനോനിക സന്ദർശനം നടത്തി.

**സി.എസ്.സി.** മരിയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ടീച്ചേഴ്സ് കോൺഫ്രൻസ് നടന്നു. റവ. ഫാ. ആൻസൻ മേച്ചരി ക്ലാസ്സെടുത്തു.

**സി.എം.സി.** സുപ്പീരീയേഴ്സ്, സോഷ്യൽ പ്രോമോട്ടേഴ്സ്, ഫെയ്ത്ത് ഫോർമേഷൻ മെമ്പേഴ്സ് ഇവർക്കായി ഒരു മീറ്റിംഗ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

**എസ്.എ.ബി.എസ്.** ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാന്തോം പകൽവീട്ടിൽ വച്ച് കൊച്ചിൻ തൊഴിലാളി വിദ്യഭ്യാസ ബോർഡിന്റെ നേതൃത്വത്തിൽ ഇടവകയിലെ അമ്മമാർക്കു വേണ്ടി നടത്തിയ 2 ദിവസത്തെ ക്ലാസിൽ 36 പേർ പങ്കെടുത്തു. ബ. വികാരി റവ. ഫാ. ബോബി തറക്കുന്നേൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര അദ്ധ്യക്ഷം വഹിച്ചു.

## ആദരാഞ്ജലികൾ



**14.08.2017 : എഫ്.സി.സി.** മുണ്ടൂർ സെന്റ് ഫ്രാൻസീസ് ഭവനാംഗമായ **ബ. സി. എലിസേവൂസ്** ആഗസ്റ്റ് 14–ാം തീയതി നിര്യാതയായി. 15–ാം തീയതി ഉച്ചതിരിഞ്ഞ് 3.00 മണിക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ അരിമ്പൂർ സെന്റ് ജെമ്മാസ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ ബ. സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



**26.08.2017 : എഫ്.സി.സി.** മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ **ബ. സി. കനീസിയ** ആഗസ്റ്റ് 26–ാം തീയതി ഉച്ചതിരിഞ്ഞ് 4.45 ന് നിത്യഗേഹത്തിലേക്ക് വിളിക്കപ്പെട്ടു. 27–ാം തീയതി രാവിലെ 11.00 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മരത്താക്കര ബ്ലസഡ് സാക്രമെന്റ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ ബ. സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.

**സി. ജോസഫൈൻ പാലത്തിങ്കൽ SABS**
സി. ആർ. ഐ. സെക്രട്ടറി



# പാലയൂർ മാർത്തോമ അതിരൂപത തീർത്ഥകേന്ദ്രം

**1. കുർബ്ബാനസമയം**

എല്ലാദിവസവും – രാവിലെ 6.30 ന് വി. കുർബ്ബാന.

ചൊവ്വാഴ്ചകളിൽ – ഉച്ചയ്ക്ക് 12.15 നും വൈകീട്ട് 5.30 നും വി. കുർബ്ബാന.

ചൊവ്വാഴ്ചകളിൽ എല്ലാ കുർബ്ബാനയോടുകൂടിയും, കൂടാതെ രാവിലെ 10.00 നും വൈകീട്ട് 3.00 നും നൊവേനയും തിരുശേഷിപ്പുവണക്കവും.

ശനി – വൈകീട്ട് 5.30 ന് വി. കുർബ്ബാനയും മറ്റു തിരുകർമ്മങ്ങളും.

ഞായർ – രാവിലെ 10.30 നും, വൈകീട്ട് 5.30 നും വി.കുർബ്ബാന ഉണ്ടായിരിക്കും.

**2. മാർതോമാചൊവ്വാഴ്ച ആചരണം**

ഒക്ടോബർ 3, 10, 17, 24, 31 തിയ്യതികളിൽ രാവിലെ 10.00 മുതൽ 3.30 വരെ.

നൊവേന, സമർപ്പണം, വചനപ്രഘോഷണം, ആരാധന, മധ്യസ്ഥ പ്രാർത്ഥന, സാക്ഷ്യങ്ങൾ, കൗൺസലിങ്ങ്, കുമ്പസാരം, വി. കുർബ്ബാന, ഉച്ചയ്ക്ക് നേർച്ചഭക്ഷണം, പരി. കുർബ്ബാനയുടെ ആശീർവ്വാദം, തിരുശേഷിപ്പു വണക്കം.

സെപ്തംബർ മാസത്തിൽ ഫാ. ജോസ് പുലിക്കോട്ടിൽ, ഫാ. ക്രിസ്റ്റോൻ പെരുമാട്ടിൽ, ഫാ. സനോജ് അറങ്ങാശേരി, സാബുവർഗ്ഗീസ്, സി. ടി. സെബാസ്റ്റ്യൻ, അന്തപ്പൻ വടൂക്കര, വിത്സൻ ടി. ഒ. വേലൂപാടം, ലോലി ഒല്ലൂർ, എൻ. സി ജോർജ്ജ് വെട്ടുക്കാട്, കൃഷ്ണൻകുട്ടി ആന്റണി മുളയം, ശ്രീമതി മേരി, ശ്രീമതി ജോളി, ഇ. എഫ്. ആന്റണി, സി. എൽ. ജേക്കബ് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഒരുമനയൂർ, ഗുരുവായൂർ, കാക്കശ്ശേരി, പേരകം പള്ളികളിലെ പ്രാർത്ഥന ഗ്രൂപ്പുകളും ഫൊറോന മാതൃവേദിയും വിവിധ ചൊവ്വാഴ്ചകളിൽ നേതൃത്വം കൊടുത്തു.

**3. മുപ്പിട്ട് ഞായർ തിരുനാളും ദണ്ഡവിമോചനവും ഒക്ടോബർ 14, 15**

ഒക്ടോബർ 14 ശനി വൈകീട്ട് 5.00 ന് ദണ്ഡവിമോചന നവീകരണശുശ്രൂഷയും വി. കുർബ്ബാനയും തിരുനാൾ കർമ്മങ്ങളും. തുടർന്ന് 15-ാം തിയ്യതി രാത്രി വരെ വിശ്വാസകവാടത്തിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം പ്രാപിക്കാം. 15 ന് രാവിലെ 6.30 ന് തിരുനാൾ കുർബ്ബാനയും പ്രദക്ഷിണവും മറ്റു തിരുനാൾ തിരുകർമ്മങ്ങളും. 10.30 നും, വൈകീട്ട് 5.30 നും കുർബ്ബാനയും തിരുനാൾ തിരുക്കർമ്മങ്ങളും, വൈകീട്ട് 3.00 ന് തളിയകുളത്തിൽ മാമ്മോദീസ, പ്രദക്ഷിണം, കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച, തിരുനാൾ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും.

**4. തീർത്ഥകേന്ദ്രത്തിൽ ദിവ്യബലി അർപ്പിക്കാം**

തീർത്ഥകേന്ദ്രത്തിൽ ദിവ്യബലി ഇല്ലാത്ത സമയങ്ങളിൽ തീർത്ഥാടകരായോ തീർത്ഥാടകരോടുകൂടിയോ വരുന്ന വൈദികർക്ക് ആവശ്യപ്പെടുന്നപക്ഷം ദിവ്യബലി അർപ്പിക്കാൻ സൗകര്യപ്പെടുത്തുന്നതാണ്.

**5. ഒന്നാം വാർഷികവും 1965-ാം വാർഷികവും**

പേപ്പൽ ഡിക്രിപ്രകാരം ദണ്ഡവിമോചനം പ്രാപിക്കാവുന്ന മാർതോമ വിശ്വാസകവാടം സ്ഥാപിതമായതിന്റെ ഒന്നാം വാർഷികം 19.11.2017 നും മാർതോമാശ്ലീഹാ മുസ്സിരിസ്സിൽ കപ്പലിറങ്ങി അവിടെ നിന്ന് ജലമാർഗ്ഗം തന്നെ പാലയൂരിലെ വഞ്ചിക്കടവിൽ എ.ഡി 52 നവംബർ 21 ന് വന്നിറങ്ങിയ ഭാരതപ്രവേശനത്തിന്റെ 1965-ാം വാർഷികം 21.11.2017 നും ഭക്തിനിർഭരമായ തിരുകർമ്മങ്ങളോടെ പാലയൂർ തീർത്ഥകേന്ദ്രത്തിൽ ആഘോഷിക്കുന്നതാണ്.

**6. തിരുകർമ്മങ്ങളോടുകൂടി നിയോഗങ്ങളും പ്രാർത്ഥനാസഹായങ്ങളും**

അറിയിക്കേണ്ട നമ്പർ - 0487 2556418

**7. ജപമാല**

ഒക്ടോബർ 18 ന് തീർത്ഥകേന്ദ്രത്തിൽ അഖണ്ഡജപമാല. മറ്റു ദിവസങ്ങളിൽ വൈകീട്ട് 6.00 മണിക്ക് ആഘോഷമായ ജപമാല ഉണ്ടായിരിക്കും.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ/വികാരി

# മതബോധനകേന്ദ്രം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

ഒക്ടോബർ മാസം കൊന്തമാസമാണ്. പരിശുദ്ധ ജപമാല രാജ്ഞിയോട് പ്രത്യേകം ഭക്തിയുള്ളവരാണ് മലയാളികൾ. നിങ്ങൾ വീട്ടിലും പള്ളിയിലും ജപമാല ചൊല്ലുന്നുണ്ടല്ലോ? നമ്മുടെ കുടുംബത്തിന്റെ ആത്മീയശക്തി ജപമാലയോടുകൂടിയ കുടുംബപ്രാർത്ഥനയാണ്. ജപമാലമാസം പരി. അമ്മയുടെ മധ്യസ്ഥതയിൽ വളരെയധികം ദൈവാനുഗ്രഹം പ്രാപിക്കാൻ പറ്റിയ അവസരമാണ്.

പരി. അമ്മ പ്രത്യക്ഷപ്പെട്ട പല അവസരങ്ങളിലും ജപമാല ചൊല്ലാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 1858-ൽ ലൂർദ്ദിൽ ബർണാദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും 1917-ൽ ഫാത്തിമായിൽ ലൂസി, ജെസീന്ത, ഫ്രാൻചെസ്കോ എന്നീ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും ജപമാല ചൊല്ലാൻ ആഹ്വാനം ചെയ്യുകയുണ്ടായി. വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയാണ്. വി. പത്താം പിയൂസ് പറയുന്നു: ജപമാല ഏറ്റവും നല്ല ആയുധമാണ്. വി. ഡൊമിനിക്കിന്റെ വാക്കുകളിൽ ജപമാലയും ഉത്തരീയവും വഴി പരി. അമ്മ ലോകത്തെ രക്ഷിക്കും. വാഴ്ത്തപ്പെട്ട 9-ാം പിയൂസ് പാപ്പ പറയുന്നത് കൊന്ത ചൊല്ലുന്ന ഒരു സൈന്യത്തെ തരൂ, ഞാൻ ഈ ലോകത്തെ കീഴടക്കാം എന്നാണ്. അത്രയ്ക്കും പ്രാധാന്യമുള്ള പ്രാർത്ഥനാരീതിയായാണ് സഭ ജപമാലയെ നോക്കി കാണുന്നത്.

എന്തുകൊണ്ടാണ് പ്രിയ കുട്ടികളേ, ജപമാല ഭക്തിക്ക് ഇത്രയും പ്രാധാന്യം ലഭിക്കുന്നത്? ഇത് സാധാരണക്കാരൻ യേശുവിന്റെ ജീവിതത്തെ

ധ്യാനിക്കുന്ന വഴിയാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ജപമാല ഭക്തിയെ വിശദീകരിക്കുന്നത് പരി. അമ്മയുടെ കണ്ണുകളിലൂടെ ഈശോയുടെ ജീവിതത്തെ നോക്കി കണ്ടുകൊണ്ടുള്ള ധ്യാനമായിട്ടാണ്. നിങ്ങളുടെ അമ്മമാരോട് നിങ്ങളുടെ ജീവചരിത്രം പറയാൻ നിങ്ങൾ ആവശ്യപ്പെട്ടാൽ അമ്മ എങ്ങനെയാണ് മറുപടി പറയുക എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പരി. കന്യകാമറിയം യേശുവിന്റെ മനുഷ്യാവതാരം മുതൽ മരണവും ഉത്ഥാനത്തിന് ശേഷം അവളെ ത്രിലോക രാജ്ഞിയായി മുടിയണിയിപ്പിച്ചതു വരെയുള്ള ഈശോയുടെ ജീവിതത്തിന്റെ ധ്യാനമാണ് ജപമാല. യേശു പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും ഗബ്രിയേൽ ദൂതനും എലിസബത്തും മറിയത്തെ അഭിസംബോധന ചെയ്തുള്ള നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും ജപിച്ചുകൊണ്ടാണ് ഈ ധ്യാനം നടത്തുന്നത്.

ജപമാലയിൽ 20 രഹസ്യങ്ങളുണ്ട്. യേശുവിന്റെ ജനനത്തെ കുറിച്ച് ഗബ്രിയേൽ ദൂതൻ പറഞ്ഞ കാര്യങ്ങളാണ് മറിയത്തിന്റെ മനസ്സിൽ യേശുവിനെ നോക്കികാണുമ്പോൾ ആദ്യം വരിക. അതാണ് സന്തോഷത്തിന്റെ ഒന്നാം രഹസ്യം. പരിശുദ്ധാത്മാവ് മറിയത്തിൽ നിറഞ്ഞ് യേശുവിനെ ഗർഭം ധരിച്ചതും യേശുവിനെ സംവഹിച്ചുകൊണ്ട് ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിച്ചതും അവിടെ വച്ച് എലിസബത്ത് പറഞ്ഞ വാക്കുകളും രണ്ടുപേരും കൂടെ സ്തോത്രഗീതം പാടിയതും മറിയത്തിന് ഓർമ്മയുണ്ട്. പ്രസവസമയമായപ്പോൾ യൗസേപ്പും മറിയവും കൂടി രാജാവിന്റെ കല്പനപ്രകാരം ബത്‌ലെഹമിലേക്ക് പോയതും സത്രത്തിൽ സ്ഥലം കിട്ടാത്തതിനാൽ കാലിതൊഴുത്തിൽ യേശുവിനെ പ്രസവിച്ചതും മാലാഖമാർ പാടിയതും ഇടയന്മാരും രാജാക്കന്മാരും വന്നതും മറിയത്തിന്റെ മനസ്സിൽ തെളിഞ്ഞ് നിന്നിട്ടുമുണ്ട്. യേശുവിനെ രക്ഷിക്കാൻ ഈജിപ്തിലേക്ക് ഓടിപ്പോയതും ദൈവാലയത്തിൽ ശെമയോന്റെ കരങ്ങളിൽ യേശുവിനെ കാഴ്ചവച്ചതും 12-ാം വയസ്സിൽ യേശുവിനെ നഷ്ടപ്പെട്ടതും പിന്നീട് ദൈവാലയത്തിൽ കണ്ടെത്തിയതും മറിയം ഓർക്കുന്നുണ്ട്. യേശുവിന്റെ 30 വർഷത്തെ രഹസ്യ ജീവിത്തെ ഏറ്റവും ഹ്രസ്വമായി പരി. മറിയം ധ്യാനിച്ചതാണ് സന്തോഷത്തിന്റെ രഹസ്യം.

മൂന്ന് വർഷത്തെ യേശുവിന്റെ പരസ്യജീവിതത്തെ കുറിച്ചുള്ള മറിയത്തിന്റെ ധ്യാനമായി പ്രകാശത്തിന്റെ രഹസ്യത്തെ നോക്കി കാണാം. യേശു മാമ്മോദീസ സ്വീകരിച്ചതും കാനായിലെ വെള്ളം വീഞ്ഞാക്കിയതും ദൈവരാജ്യം പ്രസംഗിച്ചതും താബോറിൽ രൂപാന്തരപ്പെട്ടതും ഒടുവിലത്തെ അത്താഴ

ത്തിൽ വി. കുർബാന സ്ഥാപിച്ചതും യേശുവിന്റെ രക്ഷാകര ചരിത്രത്തിലെ നാഴികകല്ലുകളാണ്.

മനുഷ്യനെ രക്ഷിക്കാൻ വേണ്ടി യേശു പീഡകൾ സഹിച്ചതിനെ കുറിച്ചുള്ള ധ്യാനമാണ് ദുഃഖരഹസ്യങ്ങൾ. ഗദ്സമെനിൽ രക്തം വിയർത്തതും പീലാത്തോസിന്റെ കല്പനയാൽ ചമ്മട്ടിയടിയേറ്റതും പട്ടാളക്കാർ മുൾക്കിരീടം യേശുവിന്റെ ശിരസ്സിലമർത്തിയതും ഭാരമേറിയ കുരിശ് ചുമലിൽ ഏറ്റിയതും കുരിശിന്റെ വഴിയെ നടന്ന, കീഴിൽ നിന്ന, മൃതനായ യേശുവിനെ മടിയിൽ കിടത്തിയ, സംസ്കരിക്കാൻ കൂടെ നടന്ന മറിയത്തിന് ഒരിക്കലും മറക്കാനാകില്ല. എന്നാൽ സഹരക്ഷകയായ പരി. അമ്മ ഒരിക്കലും നിരാശപ്പെട്ടില്ല. യേശു മൂന്നു പ്രാവശ്യം പീഡാനുഭവപ്രവചനം നടത്തിയപ്പോഴും യേശു മരണത്തെ തോല്പിച്ച് മൂന്നാം ദിവസം ഉയിർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ പ്രത്യാശയുടെ മുഹൂർത്തങ്ങളാണ് മഹിമയുടെ രഹസ്യങ്ങളിൽ മറിയത്തോടൊപ്പം നമ്മൾ ധ്യാനിക്കുന്നത്. യേശു ഉത്ഥാനം ചെയ്തതും നാല്പതാം നാൾ സ്വർക്ഷാരോഹണം ചെയ്തതും ശിഷ്യരും മറിയവും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളി വന്ന് അവരിൽ നിറഞ്ഞതും പ്രധാന സംഭവങ്ങളാണ്. യേശുവിന്റെ കൂടെ നിന്ന മറിയത്തെ യേശു സ്വർക്ഷത്തിലേക്ക് കൊണ്ടുപോയി ത്രിലോകരാജ്ഞിയായി മുടി ധരിപ്പിച്ചു. ഈ കാര്യങ്ങൾക്കൂടി നാം മഹിമയുടെ രഹസ്യത്തിൽ ധ്യാനിക്കുന്നു.

പ്രിയ കുട്ടികളേ, ജപമാലയെന്ന് പറഞ്ഞാൽ, ചുരുക്കത്തിൽ, മറിയത്തോട് ചേർന്ന് ഈശോയുടെ ജീവചരിത്രം ധ്യാനിക്കലാണ്. അതിന് യേശു പഠിപ്പിച്ച പ്രാർത്ഥനയും മംഗളവാർത്തയും നമ്മുടെ യാചനകളും ആവർത്തന സൂക്തങ്ങളാക്കുന്നു. നന്നായി ജപമാല ചൊല്ലാൻ സാധിച്ചാൽ തീർച്ചയായും പരി. അമ്മയുടെ മധ്യസ്ഥതവഴി ദൈവാനുഗ്രഹങ്ങൾ നമുക്ക് ലഭിക്കാതിരിക്കില്ല. അതുകൊണ്ട് മുടങ്ങാതെ ജപമാല ചൊല്ലാൻ നിങ്ങൾ പ്രതിജ്ഞയെടുക്കുക. നിങ്ങൾ എനിക്കും തട്ടിൽ പിതാവിനും ടോണി പിതാവിനും അതിരൂപതയ്ക്കും വേണ്ടി പരി. അമ്മയോട് പ്രാർത്ഥിക്കുമല്ലോ?

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥത യാചിക്കുന്നതിനായി പ്രത്യേകം നീക്കിവച്ചിട്ടുള്ള മാസമാണല്ലോ ഇത്. അതുപോലെത്തന്നെ സഭയുടെ സാർവ്വത്രിക പ്രേഷിതത്വത്തിൽ പങ്കാളികളാകാനുള്ള ഓർമ്മപ്പെടുത്തലായി മിഷൻ ഞായറാചരണവും. അടുത്തമാസം 4-ാം തിയതി സി. റാണിമരിയ എഫ്. സി. സി. യെ സഭ 'വാഴ്ത്തപ്പെട്ട രക്തസാക്ഷി'യായി പ്രഖ്യാപിക്കുകയുമാണ്. ഈശോയുടെ മിഷനറിമാരാകാനുള്ള, സുവിശേഷത്തിന് സാക്ഷികളാകാനുള്ള, ഒരുക്കംകൂടിയാണ് വിശ്വാസപരിശീലനം. അതിനാൽ, ദൈവിക പദ്ധതിയോടുള്ള പരി. അമ്മയുടെ സമർപ്പണവും സി. റാണിമരിയയുടെ തീക്ഷ്ണതയും നമ്മുടെ പ്രേഷിതാഭിമുഖ്യങ്ങളെ പ്രോജ്ജ്വലിപ്പിക്കട്ടെ. പ്രേഷിതചൈതന്യം വിദ്യാർത്ഥികളിലേക്ക് പകരുന്നതിനും സ്വയം സമർപ്പിച്ചും ജപമാലചൊല്ലി പ്രാർത്ഥിച്ചും സാമ്പത്തികമായി സഹായിച്ചും പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ അവരെ പരിശീലിപ്പിക്കാനും ഈ അവസരങ്ങൾ പ്രയോജനപ്പെടുത്താം. ഭക്തിയോടും ശ്രദ്ധയോടും കൂടി ജപമാല ചൊല്ലുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളിലെ ജപമാല മാസാചരണം ഭക്തിനിർഭരവും അനുഗ്രഹപ്രദവുമാക്കാൻ മതബോധനയൂണിറ്റുകൾ പ്രത്യേക താത്പര്യത്തോടെ സഹകരിക്കുമല്ലോ.

**1. അർദ്ധവാർഷിക പരീക്ഷകൾ :**

അർദ്ധവാർഷിക പരീക്ഷകൾ ഒക്ടോബർ 8, 15 എന്നീ തിയതികളിലാണ് നടത്തുന്നത്. പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് എല്ലാവരും സഹകരിക്കുകയും വിദ്യാർത്ഥികൾ നന്നായി ഒരുങ്ങി പരീക്ഷയിൽ പങ്കെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും പരീക്ഷാവിജയം ആശംസിക്കുന്നു. മുടങ്ങിയവർക്കുള്ള പരീക്ഷയെ സംബന്ധിച്ചും അറിയുവാൻ വാർഷിക പ്രോഗ്രാം പേജ് 42, 43 കാണുക

**2. പുനഃപരീക്ഷ :** (വാർഷിക പ്രോഗ്രാം പേജ് 42, 43, 71 കാണുക)

വിദ്യാർത്ഥിയുടെ രോഗം, ആശുപത്രി വാസം, അടുത്ത ബന്ധുവിന്റെ മരണം, സ്വഭവനത്തിലെ സഹോദരീ സഹോദരന്മാരുടെ വിവാഹം, ഒഴിച്ചുകൂടാനാകാത്ത സർക്കാർ പൊതുപരീക്ഷ എന്നീ അഞ്ച് കാര്യങ്ങളിൽ ഏതെങ്കിലും മതബോധന പരീക്ഷാദിവസം സംഭവിക്കുന്നതുകൊണ്ട് അർദ്ധ വാർഷിക പരീക്ഷയ്ക്ക് ഹാജരാകാൻ പറ്റാത്ത Std. I മുതൽ ACC വരെയുള്ള വിദ്യാർത്ഥികൾക്ക് അതിരൂപതാമതബോധനകേന്ദ്രം തത്തുല്ല്യമായ മറ്റൊരു പരീക്ഷ ക്രമീകരിക്കുന്നതാണ്. ഇതിന്, ഹാജരാകാത്ത പരീക്ഷയ്ക്ക് ശേഷം 7 ദിവസത്തിനു

ള്ളിൽ അതിരൂപതാ മതബോധനകേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം കാരണങ്ങൾ തെളിയിക്കുന്ന രേഖ (ഉദാ: Medical Certificate) ബോധ്യപ്പെട്ട് ബഹു. വികാരിയച്ചന്റെ ശിപാർശ കത്ത് ഹാജരാക്കണം. ഈ പരീക്ഷകൾ നവംബർ 5-ാം തിയ്യതി 2pm-4pm വരെ ആയിരിക്കും. അതതു യൂണിറ്റുകളിൽ തന്നെയാണ് പരീക്ഷ നടത്തേണ്ടത്. ഇപ്രകാരമുള്ള പരീക്ഷാഫലം റാങ്കിനോ, സ്കോളർഷിപ്പിനോ മറ്റു സമ്മാനങ്ങൾക്കോ പരിഗണിക്കുന്നതല്ല. നവംബർ 3 മുതൽ ചോദ്യപേപ്പർ മതബോധനകേന്ദ്രത്തിൽ നിന്നും പ്രധാനാധ്യാപകർ കൊണ്ടുപോകേണ്ടതാണ്.

**3. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒരുക്കമായി അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസ്സ് പുനഃപരിശോധന** (വാർഷിക പ്രോഗ്രാം പേജ് 42, 43 കാണുക)

അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ (50 ൽ 40 മാർക്ക്) അതിൽക്കൂടുതലോ മാർക്കു വാങ്ങിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ യൂണിറ്റുകളിൽനിന്ന് മതബോധനകേന്ദ്രത്തിലേക്ക് ഒക്ടോബർ 31 ന് മുമ്പായി പുനർമൂല്യനിർണ്ണയത്തിന് അയയ്ക്കേണ്ടതാണ്. നിശ്ചിത തിയതിക്കുമുമ്പ് ലഭിക്കാത്ത ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്യുന്നതിന് സാധിക്കാതെവരുമെന്നതിനാൽ, അവ പരിഗണിക്കപ്പെടുന്നതല്ല.

അർദ്ധവാർഷിക പരീക്ഷയുടെയും വാർഷിക പരീക്ഷയുടെയും ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാകാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കില്ല.

അർദ്ധവാർഷിക പരീക്ഷയിലെയും വാർഷിക പരീക്ഷയിലെയും ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനഃപരിശോധന ചെയ്ത ശേഷം, രണ്ടിലും കൂടി 90%മോ അതിൽകൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികളെ മാത്രമാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തിരഞ്ഞെടുക്കുന്നത്

**4. ACC വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ** (വാർഷിക പ്രോഗ്രാം പേജ് 71 കാണുക)

രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചത് ഒക്ടോബർ 31 ന് മുമ്പ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. പേരുകൾ S. S. L. C. ബുക്കിലേത് തന്നെയാകണം. Spelling പ്രത്യേകം ശ്രദ്ധിക്കണം.

**5. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റ** (വാർഷിക പ്രോഗ്രാം പേജ് 39 കാണുക)

ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൃത്യമായ ബയോഡാറ്റായും ഫോട്ടോയും മതബോധന കേന്ദ്രത്തിൽ ലഭിക്കണം. കഴിഞ്ഞ

വർഷമോ അതിനും മുമ്പോ 12-ാം ക്ലാസ്സ് പരീക്ഷ എഴുതി തോൽക്കുകയോ ഇംപ്രൂവ്മെന്റ് വേണമെന്ന് ആഗ്രഹിക്കുകയോ ചെയ്യുന്ന കുട്ടികളുണ്ടെങ്കിൽ അവരുടെ വിവരങ്ങളും ബയോഡാറ്റയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**പുതിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന യൂണിറ്റുകൾ ചെയ്യേണ്ടത്:**

1. സോഫ്റ്റ് വെയറിൽ നൽകിയിട്ടുള്ള, വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. വിദ്യാർത്ഥികളുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ 50 K. B യിൽ കൂടാത്ത വിധം ആണ് അപ്ലോഡ് ചെയ്യേണ്ടത്.)

3. ഈ രണ്ടു കാര്യങ്ങളും ചെയ്തശേഷം സോഫ്റ്റ് വെയറിൽ നിന്നും Std. XII ലെ Students List Report എടുത്ത് അതിന്റെ PDF Copy മതബോധനകേന്ദ്രത്തിലേക്ക് മെയിൽ ചെയ്യുക. (യൂണിറ്റിൽ നിന്നും മേൽപറഞ്ഞ കാര്യങ്ങൾ പൂർത്തീകരിച്ചാലേ, തുടർജോലികൾ മതബോധനകേന്ദ്രത്തിൽ പൂർത്തീകരിക്കാൻ സാധിക്കൂ. അതിന് ഈ PDF File ആവശ്യമാണ്).

**6. Std. XII പ്രതിഭാ പരിശീലന ക്യാമ്പ്**

12-ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രതിഭാപരിശീലനക്യാമ്പ് മതബോധനകേന്ദ്രത്തിൽവെച്ച് ഒക്ടോബർ 22-ന് നടത്തുന്നതാണ്. 9am-4pam

**7. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരായവരുടെ പേര് വിവരം ഇതിനോടൊപ്പം ചേർത്തിട്ടുണ്ട്. പേരിന്റെ അക്ഷരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തണം. എന്തെങ്കിലും തിരുത്തലുകളുണ്ടെങ്കിൽ, ഒക്ടോബർ 15-നുമുമ്പ് മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. അതിനുശേഷം വരുന്ന വിവരങ്ങൾ സ്വീകരിക്കുന്നതല്ല.

**8. പ്രബോധനവിഷയ-പ്രവർത്തനമേഖല സെമിനാർ** (വാർഷിക പ്രോഗ്രാം പേജ് 47 കാണുക)

12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിവരുന്ന ഏകദിനസെമിനാർ യൂണിറ്റുതലത്തിൽ നടത്തേണ്ടതാണ്. യൂണിറ്റിന്റെ സാഹചര്യം കണക്കിലെടുത്ത് 11, 12, ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഒരുമിച്ചുചേർത്ത് ഇത് നടത്താവുന്നതാണ്. സെമിനാറിന് ഈ വർഷത്തെ വിഷയം *വിശ്വാസപരിശീലനം കുടുംബങ്ങളിൽ* എന്നതാണ്. ഈ വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുന്നതിനുള്ള വ്യക്തികളെ മതബോധനകേന്ദ്രത്തിൽ പരിശീലിപ്പിച്ചുകഴിഞ്ഞു.

ഇവരുടെ പേരുവിവരങ്ങൾ Blog-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ സഹായത്തോടെ യൂണിറ്റുകളുടെ ഉത്തരവാദിത്വത്തിൽ സെമിനാർ നടത്തണം. അർദ്ധദിനസെമിനാറായോ ഉചിതമായ പരിപാടികളോടെ, ഉദാഹരണത്തിന് സാമൂഹ്യസേവനപരിപാടികൾ, സ്ഥാപനസന്ദർശനങ്ങൾ, പരിസ്ഥിതിപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി, ഏകദിനസെമിനാറായോ യൂണിറ്റിന്റെ ഔചിത്യമനുസരിച്ച് ഇത് നടത്താവുന്നതാണ്. 2017 ഡിസംബറിനുമുമ്പ് എല്ലാ യൂണിറ്റിലും ഈ സെമിനാർ നടത്തേണ്ടതാണ്. നിശ്ചിത ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. യൂണിറ്റിലെ മതബോധന പ്രവർത്തന റിപ്പോർട്ട് പുസ്തകത്തിൽ സെമിനാറിന്റെ വിവരങ്ങൾ എഴുതിവയ്ക്കണം.

### 9. യൂണിറ്റ് സന്ദർശനം

യൂണിറ്റ് സന്ദർശനത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും അവരുടെ സേവനം വിട്ടുനല്കിയ ബഹു. വികാരിയച്ചന്മാർക്കും സഹപ്രവർത്തകർക്കും ഉള്ള നന്ദി അറിയിക്കുന്നു. സന്ദർശകരെ താല്പര്യപൂർവ്വം സ്വീകരിക്കുകയും അവരോട് സഹകരിക്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാർക്കും പ്രധാനാധ്യാപകർക്കും എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പി.ടി.എ.യ്ക്കും പ്രത്യേകം നന്ദി.

## 10. List of Sunday Catechism Teachers Eligible for Service Award as on 31-03-2017 Award Day 26th January 2018

| Sl. No | Name of Teacher | Parish/Unit |
|---|---|---|
| **15 Years** | | |
| 1 | Jain Joseph P. | Manalady |
| 2 | Eliamma Varkey | Manalady |
| 3 | Jessy Thomas | Mayannur |
| 4 | Alphonsa Varghese | Eyyal |
| 5. | Jissa Rajan | Kadangode |
| 6 | Gracy Joseph | Mangad |
| 7 | Sr. Litty Theres FCC | Mangad |
| 8 | Lissy Jose | Pathiyaram |
| 9 | Jaseendha C. K. | Puthuruthy |
| 10 | Elsy Pious | Arimpur |
| 11 | Kochutheresia Raphy | Arimpur |
| 12 | Gracy Babu | Arimpur |
| 13 | Subas A. Jose | Engandiyur |
| 14 | Johnson P. A | Engandiyur |
| 15 | Bab | Kandassankadavu |
| 16 | Josy Davis | Kanjani |
| 17 | Reena Jose | Kanjani |
| 18 | Anjo Paul K. | Karamuck North |
| 19 | Emily Joseph | Manakody |
| 20 | Jose C. P. | Manalur East |
| 21 | Sunny C. A. | Manalur East |
| 22 | Sr. Julia CMC | Manalur West |
| 23 | Maggy Antony | Kottekad |
| 24 | Joby Joy | Kottekad |

| | | | | | |
|---|---|---|---|---|---|
| 25 | Beena Johny | Varadiam | 59 | Lilly Lonappan | Adat |
| 26 | Reena T. L. | Aloor | 60 | Sherly Baby | Ambakad |
| 27 | Alphonsa Simon | Aloor | 61 | Jancy David | Edakkalathur |
| 28 | Bindhu Shaji Chittattukara | | 62 | Sinto Kundukulam | Parappur |
| | | | 63 | Sabeena Jacob | Parappur |
| 29 | Pushpa Rajan | Chittattukara | 64 | Daison Panengadan | Parappur |
| 30 | Sr. Jees Grace CMC | Choondal | 65 | John P. J. | Parappur |
| 31 | Sr. Seeja Paul FCC | Mattom | 66 | Lijy Baju | Parappur |
| 32 | Omana Aipunny | Mattom | 67 | Johny Joseph | Manjakunnu |
| 33 | Elsy Francis | Pazhunnana | 68 | Sr. Rani Maria CHF | Pattikad |
| 34 | Simon C. N. | Pazhunnana | 69 | Lissy Joseph | Vaniampara |
| 35 | Mariyama Pious | Pudussery | 70 | Litty Sebi | Vaniampara |
| 36 | Ambika Vincent | Vaka | 71 | Joymol K. O. | Chevoor |
| 37 | Jairi Saji | Ammadam | 72 | Sr. Naveen Mariya CHF | Chevoor |
| 38 | Lissy Joseph K. | Ammadam | 73 | Saijo Jose | Chevoor |
| 39 | Joe J. Paliakkara | Chiyyaram | 74 | Princy Soni | Nattika |
| 40 | Lissy Joshy | Chiyyaram | 75 | Sr. Bilgy Anto FCC | Peringottukara |
| 41 | Lissy Shabu | Galilee | 76 | Sunny K. A. | Puthenpeedika |
| 42 | Lilly Jose | Galilee | 77 | Shaly Joshy | Chengaloor |
| 43 | Annam Joy | Panamkuttichira | 78 | Sr. Mariya Alphonsa LSMS | Chittissery |
| 44 | Shaju K. A. | Perinchery | 79 | Binoy K. Thomas | Chittissery |
| 45 | Shaju K. V. | Perinchery | 80 | Sijo Chacko Manjila | Chittissery |
| 46 | Sr. Rini Maria FCC | Pootharakkal | 81 | Alice Ouseph | Kallur East |
| 47 | Philomina Varghese | Pulakattukara | 82 | Joy N. P. | Nandipulam North |
| 48 | Baby Mathew | Thalore | 83 | Glady Chakkunny | Nandipulam North |
| 49 | Rosily Johnson | Anjoor | 84 | Devassy P. I. | Nenmanikkara |
| 50 | Alfonza Thomas | Arthat | 85 | Linda Devassy | Pallikkunnu |
| 51 | Sheji Anto | Attupuram | 86 | Jose Mathew | Pudukad |
| 52 | Lawrence M. A. | Kottapadi | 87 | Johnson P. U. | Pudukad |
| 53 | Mercy Paul | Orumanayur | 88 | Leena Francis | Eravimangalam |
| 54 | Sr. Vimala Jees FCC | Orumanayur | 89 | Mary Joseph | Kundukad |
| 55 | Anto E. J. | Orumanayur | 90 | Sr. Mary Rose SMC | Kundukad |
| 56 | Jimmy J. Tharayil | Pavaratty | 91 | Elsy Peter | Kundukad |
| 57 | Sr. Vimal Mariya CMC | Pavaratty | 92 | Dessy Mohan | Nellankara |
| 58 | Kochumary K. C. | Ponani | 93 | Mary Regina | Ollukkara |

94 Geo K. George Ollukkara
95 Thomas C. T. Paravattani
96 Sr. Liza Tom CSM Cathedral
97 Bindu Jose E. J. Cathedral
98 Jessy Francis Cathedral
99 Diyas M. Kuriakose Aranattukara
100 Jose B. A. Chettupuzha
101 Reena Joy Kannamkulangara
102 Lizzy Joy Kuriachira
103 Thomas Alapatt Nirmalapuram
104 Rosy Joju Poothole
105 Babu Thomas K. West Fort
106 Joicy Kuriakose Arampilly
107 Alfred Paul T. L. Chiranellur
108 Sr. Dolly Vadakkan SLMI Eranellur
109 Lissy Jose Pazhayangadi
110 Jolly Louis K. Vellattanjoor
111 Reena Jose Kundannur
112 Lissy Jose Kundannur
113 Joseph M. D. Kundannur
114 Shibu M. Jose Machad
115 Tessy Vincent Varavoor
116 Sr. Anitha LSMS Wadakkanchery
117 Sr. Elena LSMS Wadakkanchery

**25 Years**

1 Johnson Cheruvathur Mayannur
2 Vinson Chittilappilly Mullurkara
3 Gracy Joseph Thiruvilwamala
4 Manoj Cheeramban Mangad
5 Manoj Neyyan Vellarakad
6 Leena Yohannan Vellarakad
7 Davis Pulikottil Engandiyur
8 Thomas Tholath Kanjany
9 Poulose Arimboor Cheerotha Kanjany
10 Selwyn Kodenkandath Karamuck N.
11 Selva Perumadan Manalur East
12 Jolly Francis Vatanappilly
13 Antony Neelamkavil Kolengattukara
14 Antony Thaikkattil Kuttur
15 Sr. Maria Antony FCC Mundur
16 Baju Kollannur Valappaya
17 Varghese Edakkalathur Valappaya
18 Lazar Cheeran Viyyur
19 James Kakkassery Mattom
20 Alphonsa Rapheal Mattom
21 Ambika Chiramal Nambazhikad
22 Josepeena Palu Kodannur
23 Varghese Valappattukaran Padavarad
24 Jose Thattil Palakkal
25 Saviour Vaidyakaran Palakkal
26 Robin Cheruvathur Arthat
27 George Tharakan Guruvayur
28 Joshy Chiriyankandath Guruvayur
29 Babu Kuttikat Pavaratty
30 James Joseph Vadakkan Chittilappilly
31 Baby Davis Edakkalathur
32 Francis Panangadan Parappur
33 Jaison Chittilappilly Parappur
34 Jose Francis Chittilappilly Puranattukara
35 Thomas Kaimala Kannara
36 Annie Jose Kannara
37 Philomina Mathew Pattikad
38 Sebastian Mathew Kallur East
39 John Ainikal Pudukad
40 Jose Kokkadan Varakkara South
41 Jenson Poovathingal Madona Nagar
42 Omana Devassy Madona Nagar

| | | |
|---|---|---|
| 43 | Shabu Thomas | Nellankara |
| 44 | Sr. Brighty CSC | Punkunnam |
| 45 | Shagy Thomas | Cheroor |
| 46 | Sr. Anitta SMC | Cheroor |
| 47 | Santhosh Emmatty | Cheroor |
| 48 | Jose Pulikkal | Elthuruth |
| 49 | Varghese Thalakkottur | Eranellur |
| 50 | Varghese Alappat | Eranellur |
| 51 | Shibu Panengadan | Karumathra |
| 52 | Resil Kuriakose | Karumathra |
| 53 | Joshy Alappatt | Kolazhy |
| 54 | Clara Maliakkal | Thiroor |

**35 Years**

| | | |
|---|---|---|
| 1 | Kochumary Alappadan | Kandassankadavu |
| 2 | Anthony Koothur | Mullassery |
| 3 | Sr. Renjini SD | Valappaya |
| 4 | Antony Olakkengil | Varadiam |
| 5 | Joy Paul Koonamplackal | Marathakkara |
| 6 | Mercy Joy Chowallur | Guruvayur |
| 7 | George Pulikkottil | Kottapadi |
| 8 | Joy Kanjirathingal | Pudukad |
| 9 | Sebastian Thayyil | Vettukad |
| 10 | Joy Parathottu | Vettukad |
| 11 | Sr. Egidia Valappila SMC | Cheroor |

**45 Years**

| | | |
|---|---|---|
| 1 | George Puthur | Mangad |
| 2 | Sr. Rita Maris SH | Mundur |
| 3 | Johny Puthukkara | Peramangalam |
| 4 | Jose Kollannur | Pavaratty |
| 5 | Jose Tharayil | Pavaratty |
| 6 | Paul Kuttamath | Chengalur |
| 7 | Antony Chiratta | Velupadam |
| 8 | Paul Pananchery | Vadookkara |

**50 Years**

| | | |
|---|---|---|
| 1 | Thomas Arimboor Cheerotha | Kanjany |
| 2 | Emily Ponmani | Kanjany |
| 3 | Rappai Kannanaikkal Sharan | Thalore |
| 4 | Varghese Chowallur | Attupuram |
| 5 | Jose Neyyan | Parappur |

ഹെഡ്മാസ്റ്റർമാർ ഈ ലിസ്റ്റ് ബന്ധപ്പെട്ട അധ്യാപകർക്ക് കാണിച്ചുകൊടുക്കണം. സ്പെല്ലിങ്ങിലോ മറ്റോ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ മതബോധനകേന്ദ്രത്തിൽ അറിയിച്ച് തിരുത്തി എന്ന് ഉറപ്പുവരുത്തണം. യൂണിറ്റിൽ നിന്നും അയച്ചുതന്ന ലിസ്റ്റിലെ പേരുകളോടൊപ്പമുള്ള ഇനീഷ്യലിനു പകരം ആയതിന്റെ പൂർണ്ണരൂപമാണ് നലകിയിട്ടുള്ളത്. എല്ലാവരുടെയും പേരുകൾ അപ്രകാരം പൂർണ്ണരൂപത്തിലേക്ക് മാറ്റിയിട്ടുള്ളതതിനാൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടോ എന്ന് വ്യക്തമായി പരിശോധിച്ച് തിരുത്തലുണ്ടെങ്കിൽ വരുത്തേണ്ടതാണ്. ഒക്ടോബർ 15–നു മുമ്പ് മതബോധനകേന്ദ്രത്തിൽ വിവരം ലഭിച്ചിരിക്കണം. ഈ ലിസ്റ്റ് മതബോധന ബ്ലോഗിലും പബ്ലിഷ് ചെയ്യുന്നതാണ്.

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
(Asst. Directors)

**Fr. Raphael Akkamattathil**
(Director)

# INSTITUTE OF THEOLOGY
## TRICHUR

### 1. B.A. in Theology and Religious Studies :

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ഒക്ടോബറിൽ ആരംഭിക്കുന്നു. B. A. THEOLOGYക്ക് ചേരാനുള്ള Minimum യോഗ്യത Degree അല്ലെങ്കിൽ Degreeയോട് സമാനമായ മറ്റ് കോഴ്സുകൾ ചെയ്തിരിക്കണം. ഞായറാഴ്ചകളിൽ 2 PM മുതൽ5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

### 2. Correspondence Theology Course:

**പുനഃ പരീക്ഷ:** വാർഷിക പരീക്ഷ തോറ്റവർക്കും പരീക്ഷ എഴുതാത്തവർക്കും October 2, 5, 7, 9,12,14 എന്നീ തീയ്യതികളിൽ രണ്ട് മണി മുതൽ നാലു മണി വരെ പുനഃപരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

**അടുത്ത ക്ലാസ്സുകൾ:** കറസ്പോണ്ടൻസ് കോഴ്സിന്റെ അടുത്ത ക്ലാസ്സുകൾ October 8, 22 എന്നീ തീയ്യതികളിൽ 2 PM മുതൽ5 PM വരെ ആയിരിക്കും.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ,** ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**1. സ്വാതന്ത്ര്യദിനം, സ്വർഗ്ഗാരോപണത്തിരുന്നാൾ (ആഗസ്റ്റ് 15)**

തലേനാളിലെ വേസ്പരക്ക് കാർമ്മികത്വം വഹിച്ചത് ബഹു. സൈജോ തൈക്കാട്ടിൽ അച്ചനായിരുന്നു. ബഹു. വർഗ്ഗീസ് ഞാളിയത്തച്ചൻ തദവസരത്തിൽ വചനസന്ദേശം നൽകി. തിരുന്നാൾദിനം രാവിലെ ബഹു. ഫെക്സിൻ കൂത്തൂരച്ചൻ വിശുദ്ധബലിയർപ്പിച്ച് തിരുവചനവ്യാഖ്യാനം നടത്തി. അതിനുശേഷം ദേശീയപതാക ഉയർത്തിയും ഭാരതീയ പൈതൃകത്തെ അനുസ്മരിപ്പിക്കുന്ന ദൃശ്യാവിഷ്ക്കാരങ്ങൾ അവതരിപ്പിച്ചും സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. അന്നേദിവസം വൈകീട്ട് സംഘടിപ്പിച്ച അക്കാഡമിയിൽ അങ്കമാലി എം. എൽ. എ. ബഹു. റോജി എം. ജോൺ അദ്ധ്യക്ഷനായിരുന്നു. സ്വാതന്ത്ര്യസമരസേനാനികളുടെ ത്യാഗോജ്ജ്വലമായ ജീവാർപ്പണവും രാഷ്ട്രസ്നേഹവും നിസ്തുലമായിരുന്നെന്ന് ഓർമ്മിപ്പിച്ച അദ്ദേഹം സമകാലീന പൗരന്മാരുടെ കടമകളെക്കുറിച്ച് പരാമർശിക്കാനും മറന്നില്ല.

**2. മാസധ്യാനം (ആഗസ്റ്റ് 19)**

ബഹു. ഫാ. തോമസ് ഇരുമ്പുകുത്തിയിൽ സി. എം. ഐ. ഇത്തവണത്തെ മാസധ്യാനത്തിന് നേതൃത്വം നൽകി. പുരോഹിതനുണ്ടായിരിക്കേണ്ട ജീവിതവിശുദ്ധിയെയും പ്രവാചകദൗത്യത്തെയും കുറിച്ച് ഊന്നിപ്പറഞ്ഞ അദ്ദേഹം പല ഉദാഹരണങ്ങളിലൂടെ തീക്ഷ്ണതയാർന്ന പൗരോഹിത്യ ശുശ്രൂഷയെ സ്വപ്നം കണ്ട് അതിനായി തങ്ങളെത്തന്നെ ഒരുക്കാൻ വൈദികവിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു.

**3. എക്സ്റ്റൻഷൻ ലക്ചർ – നിയുക്ത മെത്രാന് സ്വീകരണം**

*അർണോസ് പാതിരിയും പുത്തൻ പാനയും ഇതരസാഹിത്യസംഭാവനകളും* എന്നതായിരുന്നു ഇത്തവണത്തെ എക്സ്റ്റൺഷൻ ലക്ചറിന്റെ (Extension Lecture) വിഷയം. ശ്രീ ആന്റണി പുത്തൂരാണ് വിഷയം അവതരിപ്പിച്ച് സംസാരിച്ചത്. അർണോസ് പാതിരിയിലൂടെ കേരളസഭക്ക് ലഭിച്ച മഹത്തായ സമ്മാനമാണ് പുത്തൻപാനയെന്നും അതിന്റെ പ്രാധാന്യവും കാവ്യഭംഗിയും വളരെ വലുതാണെന്നും അദ്ദേഹം എല്ലാവരെയും ഓർമ്മപ്പെടുത്തി.

സെപ്റ്റംബർ ഒന്നാം തിയ്യതി മേരിമാതാ കുടുംബത്തിന്റെ റെക്ടർ ബഹു. ടോണി നീലങ്കാവിലച്ചൻ തൃശ്ശൂർ അതിരൂപതയുടെ സഹായ മെത്രാനായി പ്രഖ്യാപിക്കപ്പെട്ടത് ഞങ്ങളുടെ അഭിമാനവും സന്തോഷവും വർദ്ധിപ്പിച്ചു. കാക്കനാടുള്ള സീറോമലബാർ സഭാ ആസ്ഥാനമന്ദിരത്തിലും അതിരൂപതാ കത്തീഡ്രലിലും അതിമെത്രാസനമന്ദിരത്തിലുമുള്ള ഔപചാരിക ചടങ്ങുകൾക്കുശേഷം വൈകീട്ട് 8.45 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിനൊപ്പം സെമിനാരിയിൽ എത്തിച്ചേർന്ന നിയുക്തമെത്രാനെ സെമിനാരി കുടുംബം ഊഷ്മളമായി സ്വീകരിച്ചു.

**4. തിരുവോണം (സെപ്റ്റംബർ 04)**

തിരുവോണനാളിൽ വി. ബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് ബഹു. ഡേവിസ് പുലിക്കോട്ടിലച്ചനായിരുന്നു. ബഹു. ടോണി നീലങ്കാവിൽ പിതാവിന്റെ സാന്നിദ്ധ്യം ഈ വർഷത്തെ ഓണാഘോഷങ്ങളുടെ മാറ്റു കൂട്ടി.

**5. വി. മദർ തെരേസയുടെ തിരുന്നാൾ (സെപ്റ്റംബർ 05)**

സെപ്റ്റംബർ 4 ന് വൈകുന്നേരം ബഹു. റോയ് മൂക്കനച്ചന്റെ നേതൃത്വത്തിൽ തിരുന്നാളാഘോഷത്തോടനുബന്ധിച്ചുള്ള വേസ്പര നടന്നു. വി. മദർ തെരേസയുടെ ജീവിതത്തെ ഉദാഹരിച്ചുകൊണ്ട് വിശുദ്ധകുർബ്ബാന കേന്ദ്രീകൃതമായുള്ള ആത്മീയതയിൽ വളരാൻ വൈദികവിദ്യാർത്ഥികളും വൈദികരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് തിരുന്നാൾ സന്ദേശത്തിൽ ബഹു. വർഗ്ഗീസ് ഊക്കനച്ചൻ ഓർമ്മപ്പെടുത്തി. തിരുന്നാൾ ദിനത്തിൽ ഡിവൈൻ യൂണിയൻ വൊക്കേഷനറിയുടെ റെക്ടർ ബഹു. ഫാ. അനിൽ അക്കര എസ്. ഡി. വി. വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

# ബേഴ്സ് സ്ഥാപിച്ചവർ

## Individual Benefactor Membership

1. ശ്രീ. ആന്റണി കെ. എൽ., കാപ്പാനി, ഒല്ലൂർ , തൃശ്ശൂർ.
2. ശ്രീ. ഡേവീസ് സി. ജെ., ചാലയ്ക്കൽ, മിഷ്യൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ.
3. ശ്രീമതി ഏല്യാക്കുട്ടി ജോർജ്ജ്, ചിരിയങ്കണ്ടത്ത്, അരണാട്ടുകര, തൃശ്ശൂർ.
4. ശ്രീ. ഷീജറ്റ്, ഓലിക്കൽ, കൈനൂർ , തൃശ്ശൂർ.

## Institutional Wellwisher Membership

1. ഷെറിൻ, C/o ബസിലിക്കാ ഓഫ് ഔർ ലേഡി ഓഫ് ഡോളേഴ്സ്, തൃശ്ശൂർ.

## Individual Wellwisher Membership

1. ശ്രീ. ഡെയ്സൺ എം. ഡി., മുരിയാടൻ, ചെവ്വൂർ , തൃശ്ശൂർ.
2. ശ്രീമതി തങ്കമണി സെബാസ്റ്റ്യൻ, മുരിയാടൻ, ചെവ്വൂർ , തൃശ്ശൂർ.
3. ശ്രീമതി ഡെയ്സി ഇ. ഡി., എലുവത്തിങ്കൽ, പാലിശ്ശേരി, തൃശ്ശൂർ.

വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിലും സെമിനാരിയുടെ നടത്തിപ്പിലും ഔദാര്യപൂർവ്വം സഹകരിക്കുന്ന എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കുനംപ്ലക്കൽ** (റെക്ടർ)

# സെന്റ് മേരീസ് മൈനർ സെമിനാരി

**1. പുതിയ ടേം**

ഈ അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ ടേം ഓണാവധിക്കുശേഷം സെപ്തംബർ 10-ാം തിയ്യതി സമാരംഭിച്ചു.

**2. വാർഷിക ധ്യാനങ്ങൾ**

സെപ്തംബർ 6 മുതൽ 9 വരെ ഡിഗ്രി വിദ്യാർത്ഥികൾക്കായി ബഹു. ജോർജ്ജ് കടൂപ്പാറയിൽ അച്ചനും സെപ്തംബർ 11 മുതൽ 15 വരെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ബഹു. ജോസഫ് എഴുമായിൽ അച്ചനും വാർഷികധ്യാനങ്ങൾ നയിച്ചു.

**3. അഭിവന്ദ്യ പിതാക്കന്മാരുമൊത്ത് ദിവ്യബലിയർപ്പണം**

സെപ്തംബർ 7,11,13,14 എന്നീ ദിവസങ്ങളിൽ യഥാക്രമം നിയുക്ത മെത്രാൻ മാർ ടോണി നീലങ്കാവിൽ, മാർ ആൻഡ്രൂസ് താഴത്ത്, മാർ ജെയ്ക്കബ് തുങ്കുഴി, മാർ റാഫേൽ തട്ടിൽ എന്നീ പിതാക്കന്മാർ സെമിനാരി കുടുംബത്തോടൊപ്പം വാർഷികധ്യാന ദിവസങ്ങളിൽ വി. ബലിയർപ്പിച്ച് തിരുവചന സന്ദേശം നല്കി.

**4. നവീകരിച്ച ബാസ്ക്കറ്റ് ബോൾ കോർട്ട്**

സെമിനാരിയിൽ നവീകരിച്ച ബാസ്ക്കറ്റ് ബോൾ കോർട്ടിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെപ്തംബർ16-ാം തിയ്യതി നടത്തി ഉദ്ഘാടനത്തോടനുബന്ധിച്ച് വൈദികവിദ്യാർത്ഥികളും അതിരൂപതയിലെ ബഹു. വൈദികരും തമ്മിലുള്ള സൗഹൃദ മത്സരവും ഉണ്ടായിരുന്നു.

# ബേഴ്സ് സ്ഥാപിച്ചവർ

1. Fr. Vicar & Staff, St. Mary's Assumption Church, Ayyanthole
2. V. Rev. Fr. Vicar, Our Lady of Dolours Basilica, Thrissur
3. ശ്രീ. ആന്റണി ജഷീൻ, ചാണ്ടി ഹൗസ്, അഞ്ചങ്ങാടി, തൃശൂർ
4. ശ്രീ. ജോസി മണലിൽ. അകതിയൂർ, കൊണ്ടന്നൂർ
5. In memory of late Rev. Sr. Mary Fusta Beniditta & late Mr. Sunny Chiryath
6. ശ്രീ എം. ഐ. ഡേവീസ്, മുത്തുപീടിക ഹൗസ്, അവിണിശ്ശേരി
7. ശ്രീ. ടി. ജി. റോയ്, തലക്കോട്ടൂർ ഹൗസ്, തൊയക്കാവ്
8. ശ്രീ. ബി.വി. വർഗ്ഗീസ്, ബ്രഹ്മകുളം ഹൗസ്, പറവട്ടാനി
9. ശ്രീ. ജോസ് മേനാച്ചേരി, മണ്ണുത്തി
10. ശ്രീ. മാർട്ടിൻ വെള്ളിയാകുളത്ത്, വെട്ടുകാട്
11. Rev. Fr. Vicar & Parishioners, Madakkathara
12. ശ്രീ. കെ. പി. ഡേവീസ് & ശ്രീമതി ലില്ലി ഡേവീസ്, കുറ്റിക്കാട്ട് ഹൗസ്, തൃശൂർ
13. ശ്രീ. കെ.ടി. ജോൺസൺ & ശ്രീമതി മോളി ജോൺസൺ, കൂത്തൂർ വെള്ളാട്ടുകര, പുത്തൻപീടിക.

ഈശോയടെ പാത പിൻതുടർന്ന് ഇടയധർമ്മം ഏറ്റെടുക്കുവാൻ ഒരുങ്ങുന്ന വൈദിവിദ്യാർത്ഥികളെ അകമഴിഞ്ഞ് സഹായിക്കുന്ന എല്ലാവരെയും അവിടുന്ന് ആശീർവദിച്ചനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ** (റെക്ടർ)

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലിയിൽ മതസൗഹാർദ്ദ സാംസ്കാരിക കൂട്ടായ്മ 'ഓണനിലാവ്' ആഘോഷിച്ചു**

ഓണാഘോഷത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മതസൗഹാർദ്ദ കൂട്ടായ്മ 'ഓണനിലാവ്' ആഘോഷിച്ചു. പരിപാടിയുടെ ഉദ്ഘാടനം തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോ. തോമസ് കാക്കശ്ശേരി, പുറനാട്ടുകര ശ്രീരാമകൃഷ്ണ മഠം സ്വാമി സദ്ഭവാനന്ദ, കാളത്തോട് ജൂമാമസ്ജിദ് ഇമാം ആരിഫ് മൗലവി അൽ-ഖാസ്മി എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് നടന്ന പൂക്കളമത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാനദാനം സിനിമാ സംവിധായകനും നടനുമായ ശ്രീ. ശ്രീകാന്ത് മുരളി നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ എന്നിവർ ആശംസകളർപ്പിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് ആശുപത്രിയിൽ പത്ത് ദിവസത്തെ ഡയാലിസിസ് സൗജന്യമായിരുന്നു. ഇതിനുപുറമെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ, രോഗികൾക്ക് ഓണസദ്യ എന്നിവയും ഉണ്ടായിരുന്നു.

**ജൂബിലിയിൽ പുതിയ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം**

ജൂബിലി മിഷൻ ആശുപത്രിയിലെ എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ പോലീസ് കേഡറ്റുകൾക്ക്, അത്യാഹിത സന്ദർഭങ്ങളിൽ ആവശ്യമായ പ്രഥമശുശ്രൂഷകളെ കുറിച്ച് ക്ലാസ്സ് നടത്തി. 300 പോലീസ് കേഡറ്റുകൾക്കാണ്, അത്യാഹിത വിഭാഗം ഡോക്ടർമാർ ക്ലാസ്സുകൾ എടുത്തത്

**റിസർച്ച് മെത്തഡോളജി സെമിനാർ 2017**

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ നേതൃത്വത്തിൽ പി. ജി. വിദ്യാർത്ഥികൾക്കായി ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നത് എങ്ങനെ

എന്നതിനെകുറിച്ച് ഏകദിനശില്പശാല സംഘടിപ്പിച്ചു. അമ്പതോളം വിദ്യാർത്ഥികളും ഡോക്ടർമാരും പങ്കെടുത്ത ഈ പരിപാടിയിൽ KUHS-ലെ മുൻ റിസർച്ച് ഡീൻ ഡോ. അജിത്കുമാർ സംസാരിക്കുകയുണ്ടായി. ഡോ. ആഞ്ജല ജ്ഞാനദുരൈ സ്വാഗതം പറഞ്ഞു. ഡോ. പ്രവീലാൽ, ഡോ. പല്ലവി പഞ്ചു, ഡോ. ഡി. എം. വാസുദേവൻ, മി. ഉണ്ണികൃഷ്ണൻ, ശ്രീമതി മൃദുല വെല്ലൂർ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. റിസർച്ചിലെ നോഡൽ ഓഫീസർ ഡോ. കുമുദം ഉണ്ണി നന്ദി പറഞ്ഞു. .

**ജൂബിലിയിൽ ലൈഫ് സ്റ്റൈൽ മെഡിസിൻ ശില്പശാല നടന്നു**

ജീവിതശൈലിയിൽ ഉണ്ടായ മാറ്റം മനുഷ്യ ശരീരത്തിൽ അവയവങ്ങളുടേയും ഗ്രന്ഥികളുടേയും മറ്റും പ്രവർത്തനങ്ങളിൽ എന്തു മാറ്റമാണ് വരുത്തുന്നത് എതിനെ സംബന്ധിച്ചുള്ള വിദഗ്ദ്ധരുടെ ശിൽപശാല ജൂബിലിയിൽ നടന്നു. ലൈഫ് സ്റ്റൈൽ മെഡിസിൻ എന്ന ശിൽപശാല ഫിസിയോളജി വിഭാഗമാണ് സംഘടിപ്പിച്ചത്. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്ന് നൂറ്റിയമ്പതോളം ഡോക്ടർമാർ പങ്കെടുത്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അക്കാദമിക്ക് ഡീൻ ഡോ. ബി. വി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

**ജൂബിലി ജേർണൽ ക്ലബ്ബ്**

ജൂബിലി ജേർണൽ ക്ലബ്ബിന്റെ 19-ാമത് ജേർണൽ ക്ലബ്ബ് ന്യൂ സി.സി.എം. ഹാളിൽ നടന്നു. ഹൃദ്രോഗവിഭാഗം മേധാവി ഡോ. T. ഗോവിന്ദനുണ്ണി പ്രബന്ധം അവതരിപ്പിച്ചു. രക്താദിസമ്മർദ്ദം നിയന്ത്രിക്കുന്നതിന് സാധാരണ ഉപയോഗിക്കുന്ന രീതിയും തീവ്ര നിയന്ത്രണ രീതിയും തമ്മിലുള്ള താരതമ്യപഠനമായിരുന്നു പ്രബന്ധവിഷയം. Sprint Trial ന്റെ ഗവേഷണഫലങ്ങൾ ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിൻ, 2015-ൽ പ്രസിദ്ധീകരിച്ച ലേഖനമാണിത്. തീവ്ര നിയന്ത്രണ രീതിയിൽ Systolic pressure 121.4 mm Hg ൽ നിലനിർത്താൻ കഴിഞ്ഞു. സാധാരണ രീതിയിൽ ഇത് 136.2 mm Hg ആയിരുന്നു. പഠനത്തിന്റെ ഉയർന്ന വിജയത്തെ തുടർന്ന് 3.26 വർഷം മാത്രമേ രോഗികളെ നിരീക്ഷിക്കുകയുണ്ടായുള്ളൂ എന്ന് ഡോ. ഗോവിന്ദനുണ്ണി പ്രത്യേകം പരാമർശിച്ചു.

**ഫോക്കസ് - ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികളുടെ പരിശീലന പരിപാടി നടത്തി**

ഗൈനക്കോളജി വിഭാഗം ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 2017 നടത്തി. കാശ്മീർ മുതൽ ഇങ്ങോട്ട് ഏതാണ്ട് അഞ്ഞൂറ്റിഅമ്പതോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ പഞ്ചദിന പരിപാടി നടത്തിയത് ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്.

മെഡിക്കൽ കോളേജുകളുടെ എണ്ണം കൂടുകയും വിദ്യാഭ്യാസം യാന്ത്രികമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ സ്വാഭാവികമായും പഠനനിലവാരം താഴു ന്നുവോ എന്ന ആശങ്ക പരക്കെ നിലനിൽക്കുന്നുണ്ട്. അഖിലേന്ത്യാതലത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ഒരു മിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കാനുള്ള ഒരു അവസരം ഉണ്ടാക്കുക എന്ന ആശയത്തിൽ നിന്നാണ് ഫോക്കസിന്റെ പിറവി. ഡൽഹി, ചെന്നൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, വെല്ലൂർ, ജിപ്മർ എന്നിവടങ്ങളിലെ പ്രഗത്ഭരായ പ്രൊഫസർമാർക്കൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ഗൈനക്കോളജി വിഭാഗം മേധാവികളും കൂടി അണിനിരക്കുന്ന ഈ ശിൽപശാല രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയിലെ പരമ്പരാഗതവും നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നു. ഡോ. അശോക് കുമാർ (മൗലാന ന്യൂഡൽഹി), ഡോ. ഹരേഷ് ദോഷി (ബി.ജെ. മെഡിക്കൽ കോളേജ്, അഹമ്മദാബാദ്), ഡോ. ലക്ഷ്മി ശേഷാദ്രി (സി.എം.സി വെല്ലൂർ), ഡോ.അൽക്ക കൃപലാനി (ഡൽഹി), ഡോ. അരുണ കേക്രേ (ബാംഗ്ലൂർ), ഡോ. ഹബീബുള്ള (ജിപ്മർ, പോണ്ടിച്ചേരി), ഡോ. മുരളീധർ പൈ (മണിപാൽ) തുടങ്ങിയ പ്രമുഖ ഡോക്ടർമാർ ക്ലാസുകൾ എടുത്തു. സാധാരണ പരിപാടികളിൽ നിന്ന് വ്യത്യസ്തമായി ഇത് ബിരുദാനന്തരബിരുദ വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നത് പുതുതലമുറയെ ശരിയായ രീതിയിൽ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കാണിക്കുന്നത്.

**ജനിതക രോഗനിർണ്ണയ ചികിത്സ ജൂബിലിയിൽ ദേശീയ സിമ്പോസിയം നടന്നു**

ജനിതക രോഗ നിർണ്ണയ-ചികിത്സാരംഗത്തെ ഇന്ത്യയിലെ പ്രമുഖർ പങ്കെടുക്കു ദേശീയ സിമ്പോസിയം ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് സംഘടിപ്പിച്ചു. ഡോ. റിമ ദാദ (ന്യൂ ഡെൽഹി), ഡോ. ഹേമ പുരന്ധരെ (മൂംബൈ), ഡോ. കൗശിക് മണ്ഡൽ (ലക്നൗ), ഡോ. പ്രജന്യ രംഗനാഥ് (ഹൈദരാബാദ്) തുടങ്ങി 12 പേർ അഞ്ച് സെഷനുകളായി മുഖ്യപ്രഭാഷണം നടത്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 22 പേർ അനുബന്ധ പ്രബന്ധങ്ങളും അവതരിപ്പിച്ചു. മദർ തെരേസ ഹാളിലാണ് സിമ്പോസിയം സംഘടിപ്പിച്ചത്.

**അഭിനന്ദനങ്ങൾ... ആശംസകൾ...**

സെന്റ് തോമസ് കോളേജിൽ നടന്ന Srishti 17 Waltz ഡാൻസ് കോമ്പറ്റീഷനിൽ മൂന്നാം സ്ഥാനം നേടിയ ജൂബിലി മെഡിക്കൽ സ്റ്റുഡൻസിന് അഭിനന്ദനങ്ങൾ.

സ്റ്റുഡന്റ്സ് നേഴ്സസ് അസോസിയേഷന്റെ നോർത്ത് ഈസ്റ്റ് സോൺ വിദ്യഭ്യാസ കലാമത്സരങ്ങളിൽ തുടർച്ചായി രണ്ടാം തവണയും ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ടീം ഓവറോൾ ചാമ്പ്യൻമാരായി.

കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ പി. ജി. പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ

ഒന്നാം റാങ്ക് – ഡോ. സ്വപ്ന ജോയ്, എം. ഡി മൈക്രോബയോളജി

ഒന്നാം റാങ്ക് – ഡോ. സനൂജ പിങ്കി, എം. ഡി ഇമ്മ്യൂണോ ഹെമറ്റോളജി & ട്രാൻസ്ഫ്യൂഷൻ മെഡിസിൻ

ഒന്നാം റാങ്ക് – ഡോ. മെറിൻ പൗലോസ്, എം. ഡി സൈക്യാട്രി

രണ്ടാം റാങ്ക് – ഡോ. വിമൽ കോശി, എം. ഡി എമർജൻസി മെഡിസിൻ

മൂന്നാം റാങ്ക് – ഡോ. ലിനു എ, എം. ഡി എമർജൻസി മെഡിസിൻ

**മെഡിക്കൽ ക്യാമ്പുകൾ**

♦ പൂത്തറക്കൽ സെന്റ് റോക്കീസ് പള്ളിയിൽ മെഡിക്കൽ ക്യാമ്പ് നടന്നു.

♦ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ മെഡിക്കൽ –രക്തനിർണ്ണയക്യാമ്പ് നടന്നു.

♦ ഇയ്യാൽ സമത പെയിൻ & പാലിയേറ്റീവ് കെയറിൽ കാർഡിയോളജി ക്യാമ്പും രക്തനിർണ്ണക്യാമ്പും നടന്നു.

♦ വരാക്കര സെന്റ് ആന്റണീസ് പള്ളിയിൽ കാർഡിയോളജി ക്യാമ്പും രക്തനിർണ്ണയക്യാമ്പും നടന്നു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

♦ ശ്രീ. ആന്റോ ആലുക്ക, ആലുക്ക ഹൗസ്, അവന്യൂ റോഡ്, തൃശ്ശൂർ (200 ഡയാലിസിസ്)

♦ സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ (400 ഡയാലിസിസ്)

♦ സെന്റ് മേരീസ് കോൺവെന്റ് ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, അവർ ലേഡീസ് ഓഫ് റോസരി ചർച്ച്, എരനെല്ലൂർ, തൃശ്ശൂർ (50 ഡയാലിസിസ്)

♦ ശ്രീ വർഗ്ഗീസ്, ചാലക്കൽ ഹൗസ്, വെങ്കിടങ്ങ്, തൃശ്ശൂർ ( 20 ഡയാലിസിസ്)

♦ ശ്രീ. വിവിൻ വിൻസെന്റ്, ഇരിങ്ങാലക്കുടക്കാരൻ ഹൗസ്, അവിണിശ്ശേരി, തൃശ്ശൂർ ( 50 ഡയാലിസിസ്)

♦ ശ്രീമതി ടിന്റു ജോയ്, കുണ്ടുകുളം ഹൗസ്, പറപ്പൂർ, തൃശ്ശൂർ (38 ഡയാലിസിസ്)

♦ ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ, സെന്റ് ജോസഫ്സ് ചർച്ച്, പൊൂന്നുക്കര, തൃശ്ശൂർ ( 140 ഡയാലിസിസ്)

♦ സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി, സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ (80 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

♦ ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**, ഡയറക്ടർ

# THRISSUR EDUCATIONAL TRUST
# &
# Jyothi Engineering College

▶▶ **ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഐ.സി.ഐ. ഉദ്ഘാടനവും സിംക്രോ സോഫ്റ്റ് വെയർ പരിശീലനവും** : ആഗസ്റ്റ് 26ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഇൻഡ്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അൾട്രാടെക് സിമന്റ് കമ്പനി മാനേജർ ശ്രീ. ശരദ് വിനോദ് നിർവ്വഹിച്ചു. കോൺക്രീറ്റ് നിർമ്മാണത്തിൽ കാലാനുസ്രതമായി ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത ശ്രീ. ശരദ് ഊന്നിപ്പറഞ്ഞു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പേരേപ്പാടൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. കെ.കെ. ബാബു, സിവിൽ വിഭാഗം തലവൻ പ്രൊഫ. എസ്. രതീഷ്, ശ്രീ. രാഹുൽ, കുമാരി. ഡോൺ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് സിവിൽ നിർമ്മാണപ്രവർത്തനങ്ങളിലുണ്ടാകുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ശരദ് വിനോദ് ക്ലാസ്സെടുത്തു. സിവിൽ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ തയ്യാറാക്കിയ  ജലവും ജീവിതവും  എന്ന പുസ്തകത്തിന്റെ പ്രകാശനവും ഫാ. ജിന്റോ പേരേപ്പാടൻ നിർവ്വഹിച്ചു. കൂടാതെ സിവിൽ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി സിംക്രോ എന്ന ട്രാഫിക് സിഗ്നൽ ഡിസൈൻ സോഫ്റ്റ് വെയറിൽ, ദുബായ് ക്യബെൽ റീത്ത് ഹിൽ ഇന്റർനാഷണൽ ടീം ലീഡർ ശ്രീ. പ്രത്യുഷ് പരിശീലനം നല്കി.

**Autodesk fusion 360 Awareness and Workshop** : ആഗസ്റ്റ് 26ന്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് സ്റ്റുഡന്റ്സ് അസോസിയേഷനും SAEINDIA Collegiate clubഉം സംയുക്തമായി മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി Autodesk fusion 360 Awareness and Workshop സംഘടിപ്പിച്ചു.

**Android Development & Rhino 3D software Training Programme** : ആഗസ്റ്റ് 26ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് Enterpreneurship Development Cell ഉം IEEEയും സംയുക്തമായി വിദ്യാർത്ഥികൾക്കായി ഏകദിന Android Development & Rhino 3D software Training Programme നടത്തി.

**പ്രധാനമന്ത്രി യുവയോജന പരിശീലന പരിപാടി :** വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുകയും അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ Ministry of Skill Development and Entrepreneurship (MSDE) ആരംഭിച്ചിരിക്കുന്ന പ്രധാനമന്ത്രി യുവയോജന ആഗസ്റ്റ് 21 മുതൽ 25 വരെ സംഘടിപ്പിച്ച അദ്ധ്യാപകർക്കായുള്ള പരിശീലന പരിപാടിയിൽ ശ്രീ. അനിൽ ആന്റണി പങ്കെടുത്തു. കേരളത്തിൽ നിന്ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ 14 കോളേജുകളേയാണ് പ്രസ്തുത പരിപാടിയിലേക്ക് തിരഞ്ഞെടുത്തിരിക്കുന്നത്.

**ജ്യോതിയിൽ ഓണാഘോഷം :** ഈ വർഷത്തെ ഓണാഘോഷങ്ങൾ വളരെ വിപുലമായ രീതിയിൽ ജ്യോതി കുടുംബം ആഘോഷിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും ഓണസദ്യയും ഉണ്ടായിരുന്നു. പരിപാടികൾക്ക് മാനേജർ മോൺ. തോമസ് കാക്കശ്ശേരി നേതൃത്വം നല്കി.

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

**അസി. മാനേജേഴ്സ്**

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

## സോഫ്റ്റ് സ്കിൽ ട്രെയിനിംങ്ങ് പ്രോഗ്രാം സംഘടിപ്പിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ 8-8-2017 ചൊവ്വാഴ്ച എറണാകുളം സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് കമ്പനിയായ ഇഗ്നസി ന്റെ എം.ഡി യായ ശ്രീമതി.ഡോളി, ശ്രീ.തൗസിഫ് എന്നിവരുടെ നേതൃത്വത്തിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടത്തി. പ്രസ്തുത പരിപാടിയിൽ പ്രിൻസിപ്പൽ സ്വാഗതം നിർവ്വഹിച്ചു. തുടർന്ന്, പ്രേംകുമാർ. കെ. പി. നന്ദിപ്രകടനം നടത്തി.

## ടാലന്റ് ഡെ പ്രോഗ്രാം സംഘടിപ്പിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ആഗസ്റ്റ് 23-ാം തിയ്യതി ടാലന്റസ് ഡെ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ അസി.മാനേജർ ഫാ. ബാബു അപ്പാടൻ ഉദ്ഘാടനം നിർവഹിച്ചു. വിവിധ ഓപ്ഷനിലെ വിദ്യാർത്ഥികൾ അവരുടെ കഴിവുകൾ മികച്ച രീതിയിൽ അവതരിപ്പിച്ചു.

## കോളേജ് യൂണിയൻ ഉദ്ഘാടനം നടന്നു

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ബി. എഡ് 2017-19 അധ്യയനവർഷത്തിലെ കോളേജ് യൂണിയന്റെയും, ആർട്സ് ക്ലബ്ബുകളുടെയും ഉദ്ഘാടനം 29-8-2017 ചൊവ്വാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. പ്രസ്തുത പരിപാടിയിൽ കേളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് പ്രശസ്ത ഗാനരചയിതാവ് നവീൻ മാരാർ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ അധ്യക്ഷത വഹിച്ചു. വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം അസിസ്റ്റന്റ് മാനേജർ ഫാ. ബാബു അപ്പാടൻ നിർവ്വഹിച്ചു. അധ്യാപക പ്രതിനിധി സുനിൽ. പി. യു, ചെയർമാൻ ഫാ. ഫെബിൻ കൂത്തൂർ എന്നിവർ ആശംസകളർപ്പിച്ചു. വേദിയിൽ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

**റവ. ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

## കോഴിക്കോട് സർവകലാശാലയുടെ സുവർണ ജൂബിലി ആഘോഷങ്ങളിലെ ഗ്രീൻ ക്യാംപസ് കാമ്പയിൻ തൃശൂർ സെന്റ് തോമസ് കോളേജിൽ ഉദ്ഘാടനം ചെയ്തു

കോഴിക്കോട് സർവകലാശാലയുടെ സുവർണജൂബിലിയോടനുബന്ധിച്ച് തൃശൂർ-പാലക്കാട് ജില്ലകളിലെ വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായുള്ള ഗ്രീൻ ക്യാമ്പസ് കാമ്പയിൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട പ്രൊ. വൈസ് ചാൻസലർ ഡോ. പി. മോഹൻ തൃശൂർ സെന്റ് തോമസ് കലാലയത്തിൽവച്ച് നർവഹിച്ചു. കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ സ്വാഗതവും ബഹുമാന്യയായ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് നിർമല ടി.കെ. ഹരിതസന്ദേശം നൽകുകയും ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. ഇഗ്നേഷ്യസ് ആന്റണി, കോളേജ് യൂണിയൻ ചെയർമാൻ ശബരിദാസ് എന്നിവർ സംസാരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവൈറോമെന്റൽ സ്റ്റഡീസിന്റെ ഡയറക്ടർ ഡോ. രാമസാമി ഗ്രീൻ ടെക്നോളജിയെ പറ്റി ക്ലാസെടുത്തു. പ്രകൃതി സംരക്ഷണത്തിൽ വിവിധ കലകളുടെയും കലാകാരന്മാരുടെയും പങ്കിനെക്കുറിച്ച് തൃശൂർ ദൂരദർശന്റെ മുൻ ഡയറക്ടർ ഡോ. സി.കെ. തോമസ് പ്രബന്ധം അവതരിപ്പിച്ചു. ഡോ. ഫ്രാൻസി കെ. കാക്കശ്ശേരി, ഡോ. ജോബി പോൾ, ഡോ. ആൽഫ്രഡ് ജോ എന്നിവർ തുമ്പികളെയും ചിത്രശലഭങ്ങളെയും വാഴകളുടെയും ഗുണങ്ങളെ സംബന്ധിച്ചും പ്രകൃതിയുമായുള്ള ബന്ധങ്ങളെ സംബന്ധിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സർവ്വകലാശാല സെനറ്റ് അംഗങ്ങളായ ഡോ. ജോബി തോമസ് കെ. ശ്രീ. പി.ജെ. ആന്റു എന്നിവർ വിത്തുകളും തൈകളും സ്വീകരിച്ചു. തൃശൂർ-പാലക്കാട് ജില്ലകളിലെ അറുപതോളം കലാലയങ്ങളിൽ നന്നിുള്ള പ്രതിനിധികൾ പങ്കെടുത്തു.

## സെന്റ് തോമസിൽ 'സമൃദ്ധി'

തൃശൂർ സെന്റ് തോമസ് കോളേജിലെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ് ഒരുക്കിയ ഓണവിപണി 'സമൃദ്ധി-17' ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ അജിത്കുമാർ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ, ബർസാർ ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, വൈസ് പ്രിൻസിപ്പാൾ ഡോ. തോമസ് പോൾ കാട്ടുകാരൻ, ക്ലബ് കോ-ഓർഡിനേറ്റർമാരായ പ്രഫ. സിന്ധു ജോർജ്, പ്രഫ. ജോബി സെബാസ്റ്റ്യൻ, പ്രഫ. ജിൽന ജോൺ, സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ ജോസഫ് ജോയ് എന്നിവർ പ്രസംഗിച്ചു.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

---

EXCEL ACADEMY
Archdiocese of Trichur
Institute for Career Formation

### എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം

പഠനത്തിൽ മിടുക്കരായിട്ടുള്ളവരും, എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ കുട്ടികളെ സഹായിക്കുവാനായി അതിരൂപത ഏർപ്പെടുത്തിയ എക്സൽ അക്കാദമി സ്പോൺസർഷിപ്പ് പ്രോഗ്രാം നല്ല രീതിയിൽ മുന്നോട്ടു പോയികൊണ്ടിരിക്കുകയാണ്. ആ സ്പോൺസർഷിപ്പ് പ്രോഗ്രാമിലേക്ക് ആഗസ്റ്റ് മാസത്തിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ ഇടവകകൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അതിനായി പ്രത്യേകം പരിശ്രമിച്ച ഇടവക വികാരിമാർ, കൈക്കാരന്മാർ, പ്രതിനിധി അംഗങ്ങൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ എന്നിവർക്കും പ്രത്യേകം നന്ദി.

പുതിയ കൈകാരന്മാർ ചാർജ് എടുക്കുന്ന സമയമായതുകൊണ്ട്, പല ഇടവകകളുടെയും അഭ്യർത്ഥന മാനിച്ച് സ്പോൺസർഷിപ്പ് പ്രോഗ്രാമിൽ പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ആഗസ്റ്റ് 31-ാം തിയ്യതി എന്നുള്ളത്, **സെപ്തംബർ 30-ാം തിയ്യതി** വരെ നീട്ടിയിട്ടുണ്ട് എന്ന് സന്തോഷത്തോടെ അറിയിക്കുന്നു. എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുകയാണ്.

**ആഗസ്റ്റ് മാസം സഹകരിച്ച ഇടവകകളും കുടുംബകൂട്ടായ്മകളും**

1. സെന്റ് ആന്റണീസ് ചർച്ച്, പുത്തൻപീടിക.
2. ഡോളേഴ്സ് ചർച്ച്, തൃശൂർ.
3. സെന്റ് മേരീസ് ചർച്ച്, അയ്യന്തോൾ.
4. സെന്റ് പീറ്റേഴ്സ് ചർച്ച്, നെഹ്റു നഗർ.
5. സെന്റ് ആന്റണീസ് ചർച്ച്, പുതുക്കാട്.
6. സെന്റ് ജോസഫ് ചർച്ച്, കുരിയിച്ചിറ.
7. സെന്റ് തോമസ് ചർച്ച്, തിരൂർ.
8. സെന്റ് ജോസഫ് ചർച്ച്, ചേരുംകുഴി.
9. സെന്റ് ആന്റണീസ് ചർച്ച്, പഴുവിൽ.
10. സെന്റ് തോമസ് ചർച്ച്, വില്ലടം.
11. സെന്റ് മേരീസ് ചർച്ച്, പേരാമംഗലം.
12. സെന്റ് ജോൺ ബോസ്കോ ചർച്ച്, മരിയാപുരം.
13. അസംപ്ഷൻ ചർച്ച്, പള്ളിക്കുന്ന്, വരന്തരപ്പിള്ളി.
14. സെന്റ് മാത്യു ചർച്ച്, പാലക്കൽ.
15. നിത്യസഹായമാതാ ചർച്ച്, വിയ്യൂർ.
16. സെന്റ് മേരീസ് ചർച്ച്, പെരിങ്ങോട്ടുകര.
17. സെന്റ് ജോസഫ് ചർച്ച്, അവിണിശ്ശേരി.
18. മേരി ഇമ്മാക്കുലേറ്റ് ചർച്ച്, മരത്താക്കര കുടുംബകൂട്ടായ്മ കേന്ദ്ര സമിതി.
19. സെന്റ് ജോൺ ബോസ്കൊ ചർച്ച്, മരിയാപുരം കുടുംബകൂട്ടായ്മ കേന്ദ്ര സമിതി.
20. സെന്റ് ഫ്രാൻസീസ് സേവ്യർ ചർച്ച്, ചൊവ്വൂർ കത്തോലിക്കാ കോൺഗ്രസ്സ്.

## പ്രീസ്റ്റ് സ്പോൺസേഴ്സ്

1 ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി

2. ഫാ. ജെൻസ് തട്ടിൽ

3. ഫാ. ജോൺസൺ ഐനിക്കൽ

## എക്സൽ അസോസിയേറ്റ്സ്

1. പ്രൊഫ. സി.എ. ഈനാശു
2. ഫെൻബി പോളി
3. പ്രോമിയ പോളി
4. ഡോ. മാണി കെ പീറ്റർ

**ഫാ. ഡേവീസ് തെക്കേക്കര** (ഡയറക്ടർ)

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

## 1. ഓർമ്മിക്കാൻ ആചരിക്കാൻ (2017 ഒക്ടോബർ)

1. ഞായർ - വി. കൊച്ചുത്രേസ്യ
2. തിങ്കൾ - ഗാന്ധി ജയന്തി
4. ബുധൻ - വി. ഫ്രാൻസിസ് അസ്സീസി
5. വ്യാഴം - വാല്മീകി ജയന്തി
6. വെള്ളി - ആദ്യവെള്ളി, വി. കുർബാന
18. ബുധൻ - ദീപാവലി
24. ചൊവ്വ - യു. എൻ. ദിനം
31. ചൊവ്വ - ഇന്ദിരാഗാന്ധി ചരമദിനം2. ജപമാലമാസം

**2. ജപമാലമാസം**: ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലോ. ജപമാല ഭക്തിയിൽ വളരുവാൻ നമ്മുടെ വിദ്യാർത്ഥികൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകണം. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലോ.

**3. സ്കൂൾ മാനേജർമാരുടെ യോഗം**

തൃശൂർ അതിരൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാവിദ്യാലയങ്ങളിലേയും മാനേജർമാരുടെ ഒരു യോഗം ആഗസ്റ്റ് 17 വ്യാഴാഴ്ച്ച് 3pm ന് മെത്രാസന മന്ദിരത്തിൽവെച്ച് കൂടി. 2016/ 2017ലെ സ്കൂളുകളിലെ നോമിനേഷൻസിന് അപേക്ഷകൾ വിളിക്കുവാൻ തീരുമാനിച്ചു.

**4. സ്കോളർഷിപ്പ് പരീക്ഷ**

Std. IV, VII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷ 2017 ഡിസംബർ 2, 9 തീയതികളിൽ (ശനിയാഴ്ച്ചകൾ) നടത്തുന്നതാണ്. എല്ലാവരും സഹകരിക്കുക.

**5. അഭിനന്ദനങ്ങൾ**

ദേശീയ അധ്യാപക അവാർഡ് നേടിയ വാടാനപ്പിള്ളി യു. പി. സ്കൂളിലെ പ്രധാനാധ്യാപകൻ ശ്രീ. ഒ. ജെ. ഷാജൻ മാസ്റ്റർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി** (കോർപ്പറേറ്റ് മാനേജർ)

# സാന്ത്വനം

**ഓണനിലാവ് സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ഈ വർഷം ഓണനിലാവ് എന്ന പേരിൽ 6 ദിവസം നീണ്ടുനില്ക്കുന്ന ഓണാഘോഷപരിപാടികൾ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ഷീലാ വിജയൻ പ്രസ്തുത പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഓരോ ദിവസവും സാന്ത്വനത്തിലെ വിവിധ പ്രസ്ഥാനങ്ങളായ സ്ലം സർവ്വീസ് സെന്റർ, സ്വയം സഹായ സംഘങ്ങൾ, ഗോഡ്സ് ഓൺ ഫാമിലി, സ്നേഹനിധി, സേവ് എ ഫാമിലി എന്നിവർ ഓണനിലാവിന് നേതൃത്വം നല്കി. ഓണസദസ്സ്, ഓണമത്സരങ്ങൾ, ഓണസദ്യ, കലാപരിപാടികൾ, ഓണചന്ത, ഓണസമ്മാനവിതരണം, അവാർഡ് വിതരണം, വിവിധ സംഗമങ്ങൾ തുടങ്ങിയ പരിപാടികളാൽ ഓണനിലാവ് സമ്പുഷ്ടമായിരുന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, നിയുക്ത സഹായ മെത്രാൻ മാർ**.** ടോണി നീലങ്കാവി**ൽ,** വികാരി ജനറാൾമാരായ ഫാ.തോമസ് കാക്കശ്ശേരി, ഫാ. ജോർജ്ജ് കോമ്പാറ, പ്രൊകുറേറ്റർ ഫാ. ജോയ് മൂക്കൻ, സി.എസ്.ബി. ജനറൽ മാനേജർ ശ്രീ. കുരിയൻ ജോർജ്ജ് തുടങ്ങിയവർ ഓണനിലാവ് സന്ദർശിക്കുകയും ഓണസന്ദേശം നല്കുകയും ചെയ്തു.

**റീജിനൽ മീറ്റിംഗ് സംഘടിപ്പിച്ചു.**

FDP ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ടി കുടുംബാസൂത്രണത്തെക്കുറിച്ചും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചും വിശദമായ ക്ലാസ്സുകൾ നടത്തുകയുണ്ടായി. FDP ടീം ലീഡർ ശ്രീ. ജോൺ സിറിൾ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. എല്ലാ കുടുംബങ്ങളും അതീവ ശ്രദ്ധയോടും താല്പര്യത്തോടും കൂടെ ക്ലാസ്സുകളിൽ പങ്കെടുത്തു.

**പുതിയ കുടുബങ്ങളെ കണ്ടെത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഢപ്രകാരമാണ് കൈപ്പറമ്പ് പഞ്ചായത്തിന്റെ കീഴിലുള്ള 1, 2, 3, 4, 17, 18 എന്നീ വാർഡുകളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്.

**FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

നടത്തറ-Rs.28,000/-, സരിതപുരം-Rs.25,000/-, വില്ലടം- Rs.53,500/-, എരവിമംഗലം-Rs.7,000/-, അടാട്ട്-Rs.30,000/-, അരിമ്പൂർ-Rs.25,000/-,

മുളയം-Rs.34,000/-, തിരൂർ-Rs.10,000/-, ഒളരി-Rs.8,000/-, പാല യൂർ-Rs.14,938/-, വെട്ടുകാട്-Rs.84,100/-.

**സ്നേഹനിധിയുടെ വാർഷിക പൊതുയോഗങ്ങൾ നടന്നു.**

ഒളരി, പുത്തൻ പീടിക, സൗത്ത് വരാക്കര, ആർത്താറ്റ്, എരനെല്ലൂർ, ചേറ്റുപുഴ, ആമ്പക്കാട് എന്നീ യൂണിറ്റുകളിൽ സ്നേഹനിധിയുടെ വാർഷിക പൊതുയോഗങ്ങൾ നടന്നു. ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തന ങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു.

**പുതിയ സ്നേഹനിധി യൂണിറ്റ് രൂപീകരിച്ചു.**

സ്നേഹനിധി യൂണിറ്റ് രൂപീകരിക്കുന്നതിന് വേണ്ടി സ്നേഹനിധി ക്രെഡിറ്റ് യൂണിയനെക്കുറിച്ചുള്ള ഒരു ബോധവല്ക്കരണക്ലാസ്സ് പഴുവിൽ പള്ളിയിൽ സംഘടിപ്പിച്ചു. തുടർന്നു സ്നേഹനിധി രൂപീകരിക്കുകയും യൂണിറ്റ് പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഇടവക വികാരി റവ. ഫാ. തോമസ് ചൂണ്ടൽ, സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി, എന്നിവർ യോഗത്തിന് നേതൃത്വം നല്കി.

**സ്നേഹനിധി-സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ആഗസ്റ്റ് മാസം വരെ 113 അംഗങ്ങൾക്കായി 6,05,000/-രൂപ, സഹാ യധനമായി നല്കി. 3,50,000/-രൂപ വിവാഹ സഹായവും 1,75,000/-രൂപ ചികി ത്സാസഹായവും 80,000/-രൂപ മരണാനന്തരസഹായവും നൽകി.

**ചെറുകിട വായ്പ വിതരണം നടത്തി.**

സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ്സിന്റെ നേതൃത്വത്തിൽ സ്വയം സഹായ സംഘങ്ങൾക്ക് വായ്പാ വിതരണം നടത്തി. സംഘങ്ങൾക്ക് വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചുരുങ്ങിയ പലിശനിരക്കിൽ നൽകുന്ന വായ്പാ വിതരണത്തിന്റെ ഈ ഘട്ടത്തിൽ 35 സ്വയം സഹായ സംഘങ്ങളെയാണ് തെരഞ്ഞെടുത്തത്. ചേലക്കര ഫൊറോന പള്ളിയിൽ വെച്ച് നടത്തിയ ലോൺ മേളയിൽ സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഫൊറോന വികാരി റവ ഫാ. റാഫേൽ താണിശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കാത്തലിക്ക് സിറിയൻ ബാങ്ക് ജനറൽ മാനേജർ മുഖ്യപ്രഭാഷണം നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾക്കായി 50 ലക്ഷം രൂപ വായ്പ വിതരണം ചെയ്യുകയും ചെയ്തു.

വായ്പാ വിതരണത്തിന്റെ അടുത്ത ഘട്ടം ഫാമിലി അപ്പസ്തോലേ റ്റിൽവെച്ച് നടന്നു. 37 സ്വയം സഹായ സംഘങ്ങൾക്കാണ് ഈ തവണ വായ്പ വിതരണം ചെയ്തത്. കോ-ഓർഡിനേറ്റർ ശ്രീ. സി.പി. ജോർജ്ജ് സ്വാഗതം ആശംസിച്ച യോഗത്തിൽ സാന്ത്വനം ഡയറക്ടർ അദ്ധ്യക്ഷത വഹിക്കുകയും കാത്തലിക്ക് സിറിയൻ ബാങ്ക് ജനറൽ മാനേജർ ശ്രീ. കുരി

യൻ ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. സാന്ത്വനം അഡ്മിനിസ്റ്റേറ്റർ ശ്രീ. എസ്. കെ. മഞ്ഞിയിൽ എല്ലാവർക്കും ആശംസ നേരുകയും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾക്കായി കാത്തലിക്ക് സിറിയൻ ബാങ്ക് ജനറൽ മാനേജർ 50 ലക്ഷംരൂപ വിതരണം ചെയ്യുകയും ചെയ്തു. സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ് മാനേജർ ശ്രീ. തോമസ് പെരിഞ്ചേരിയുടെ നന്ദിയോടെ യോഗം സമാപിച്ചു.

**GOF – റീജിനൽ മീറ്റിംഗ് നടത്തി.**

ഗോഡ്സ് ഓൺ ഫാമിലി പ്രോജക്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കായുള്ള റീജിനൽ മീറ്റിംഗ് സംഘടിപ്പിച്ചു. അതിരൂപത പ്രൊക്കുറേറ്റർ റവ. ഫാ. ജോയ് മൂക്കൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ സാന്ത്വനം ഡയറക്ടർ റവ. ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റിയും ലക്ഷ്യങ്ങളെക്കുറിച്ചും കോ-ഓർഡിനേറ്റർ സംസാരിച്ചു.

**സാന്ത്വനസ്പർശം- ഉപകാരികളുടെ സംഗമം നടത്തി.**

സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന ഉപകാരികളുടെ സംഗമം ഫാമിലി അപ്പസ്തോലെറ്റ് സെന്ററിൽ വച്ച് നടത്തി. സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപത മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ വിശിഷ്ടാതിഥിയായി വരുകയും ആശംസകളർപ്പിച്ചു സംസാരിക്കുകയും ചെയ്തു. യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെകുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

**സാമൂഹ്യക്ഷേമസമിതി കൺവീനർമാരുടെ യോഗം സംഘടിപ്പിച്ചു.**

ഫാമിലി അപ്പസ്തോലേറ്റിൽ ചേർന്ന യോഗത്തിന് സാമൂഹ്യക്ഷേമസമിതി കൺവീനർ ശ്രീ. ഷിമ്മി സ്വാഗതം ആശംസിക്കുകയും സാന്ത്വനം ഡയറക്ടർ റവ ഫാ. തോമസ് പൂപ്പാടി അദ്ധ്യക്ഷതവഹിക്കുകയും ചെയ്തു. സാമൂഹ്യക്ഷേമസമിതി മുഖേന ഇടവകകളിലും ഫൊറോനകളിലുമായി എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് കൺവീനർമാർ, ഡയറക്ടറുടെ നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്തു. അതിനുശേഷം ഒരു വർഷത്തെ കർമ്മപരിപാടി തയ്യാറാക്കുകയും അത് അവതരിപ്പിക്കുകയും ചെയ്തു. കോ-ഓർഡിനേറ്ററുടെ നന്ദിയോടെ യോഗം സമാപിച്ചു.

**ആശാകിരണം – സമർപ്പിത വളണ്ടിയേഴ്സ് സംഗമം നടത്തി.**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായ സമർപ്പിത വളണ്ടിയേഴ്സ് സംഗമം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തുകയുണ്ടായി. ആശാകിരണം കൺവീനർ ശ്രീ. എ. എ. ആന്റണി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സാന്ത്വനം ഡയറക്ടർ റവ ഫാ. തോമസ് പൂപ്പാടി യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

**കാൻസർ സുരക്ഷാ ബോധവല്ക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.**

ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി അടുപ്പുട്ടി, വരാക്കര, ഒളരി, പുത്തൻപീടിക എന്നീ സ്ഥലങ്ങളിൽ കാൻസർ സുരക്ഷാ ബോധവല്ക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. വിവിധ സ്ഥലങ്ങളിൽ നടന്ന ക്ലാസ്സുകൾക്ക് സാന്ത്വനം ഡയറക്ടർ റവ ഫാ. തോമസ് പൂപ്പാടി നേതൃത്വം നല്കി. കാൻസർ രോഗം വരാനുള്ള കാരണങ്ങളെപ്പറ്റിയും കാൻസർരോഗത്തെ എങ്ങനെ പ്രതിരോധിക്കാമെന്നതിനെപ്പറ്റിയും ക്ലാസ്സുകളിൽ വിവരിക്കുകയുണ്ടായി.

**ലാവൻഡർ മേജർജനറൽ - ലാവൻഡർ മേജർ ഒത്തു ചേർന്നു.**

ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ നടപ്പിലാക്കിയ ആശാകിരണം ലാവൻഡർ ആർമിയിലെ ലാവൻഡർ മേജർ ജനറലും ലാവൻഡർ മേജറും ഒത്തു ചേർന്നു. ലാവൻഡർ ആർമി വഴി സ്കൂൾ തലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിയിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സാന്ത്വനം ഡയറക്ടറുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുകയും ചെയ്തു.

**ജൈവകുടുംബകൃഷി സെമിനാറും വിത്ത് വിതരണവും**

കാരിത്താസ് ഇന്ത്യയുടെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ഫാമിലി ഫാമിങ്ങിന്റെ ഭാഗമായ ജൈവകൃഷി സെമിനാറും വിത്ത് വിതരണവും ജൈവവള വിതരണവും എറവ് സെന്റ് തെരാസ് പള്ളിയിൽ നടത്തി. ഇടവക വികാരി റവ. ഫാ. ഫ്രാങ്കോ കവലക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. ജൈവകൃഷിയുടെ ആവശ്യകതയെക്കുറിച്ചും ജൈവകൃഷി ചെയ്യേണ്ട രീതികളെക്കുറിച്ചും കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി ക്ലാസ്സ് നയിച്ചു. പരിപാടിയിൽ കൃഷിക്കാവശ്യമായ വിത്തും മണ്ണിര കമ്പോസ്റ്റും സ്വയം സഹായ അംഗങ്ങൾക്ക് സാന്ത്വനം ഡയറക്ടർ വിതരണം ചെയ്തു.

ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ കാൻസറിനെക്കുറിച്ചുള്ള ബോധവല്ക്കരണക്ലാസ്സ് സെന്റ് ജോസഫ് പുരുഷ സ്വയം സഹായ സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ശ്രീ. ജോൺസൺ (പ്രൊട്ടക്റ്റ് കേരളം) വളരെ വിശദമായി ബോധവല്ക്കരണ ക്ലാസ്സ് നയിച്ചു. കാൻസർ രോഗം വരാതെയിരിക്കാൻ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്ത് വിതരണവും ജൈവവള വിതരണവും സാന്ത്വനം ഡയറക്ടർ നടത്തുകയുണ്ടായി.

**ഫാ.പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ.തോമസ്പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പസ്തൊലേറ്റ് സെന്റർ

**ബധിരരും മൂകരുമായവർക്കുവേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊ സ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായിട്ടുള്ളവർക്കുള്ള ഏകദിന വിവാഹ ഒരുക്ക കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 12-ാം തിയ്യതി നടക്കുന്നു. വിവാഹ പ്രായമായിട്ടുള്ള എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായിട്ടുള്ള വിവാഹപ്രായമായ എല്ലാവരേയും പറഞ്ഞുവിടുമല്ലോ. വിവാഹ ഒരുക്ക കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹഹിക്കുന്നവർ ഒക്ടോബർ 20-ാം തിയ്യതിക്കു ഉള്ളിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ പേര് റജിസ്റ്റർ ചെയ്യേണ്ടതാണ്.

**പോസ്റ്റ് കാന കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2000 മുതൽ വിവാഹിതരായവർക്കു വേണ്ടി വിവാഹത്തിന്റെ തുടർ പരിശീലനം പനമുക്ക്, കൂനംമൂച്ചി, ചേറ്റുപുഴ, പൂച്ചിന്നിപ്പാടം എന്നീ ഇടവകകളിൽ കഴിഞ്ഞ മാസം നടത്തപ്പെടുകയുണ്ടായി. പോസ്റ്റ് കാന കോഴ്സ് സംഘടിപ്പിച്ച വികാരിമാർക്ക് പ്രത്യേകമായി നന്ദി പറയുന്നു. പോസ്റ്റ് കാന കോഴ്സ് നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ബുക്ക് ചെയ്യുമല്ലോ.

**ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് : തിരുമണിക്കൂർ ആരാധന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ജപമാല മാസമായ ഒക്ടോബർ മാസം സമാഗതമാകുകയാണല്ലോ. ഈ മാസത്തിൽ നമ്മുടെ അതിരൂപത അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന നല്ല പാരമ്പര്യമുണ്ട്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി പ്രാർത്ഥിക്കാനാണ് നാം അഭിലഷിക്കുന്നത്.

ഭൂമുഖത്ത് മൂന്നിൽ രണ്ടു ഭാഗം രാഷ്ട്രങ്ങളും ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള കരിനിയമങ്ങൾ രൂപപ്പെടുത്തി തങ്ങളുടെ രാജ്യങ്ങളിൽ ഗർഭസ്ഥ ശിശുക്കളെ ക്രൂരമായി കൊലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. 1971 ൽ ഇന്ത്യാരാജ്യത്ത് രൂപപ്പെട്ട ഞ്ജ ആക്ടിലൂടെ ഇന്ത്യയും ഇക്കാര്യത്തിൽ ഏറെ മുന്നിലാണ്. ഈ ആക്ട് അനുസരിച്ച് 20 ആഴ്ച പ്രായമായ ഗർഭസ്ഥശിശുക്കളെ വധിക്കാം. 1971 ന് മുമ്പ് ഗർഭച്ഛിദ്രത്തിന് 3 കൊല്ലം വരെ കഠിനതടവും 500 രൂപ പിഴയുമായിരുന്നു ശിക്ഷ.

ജീവന്റെ ശ്രീകോവിലായി കരുതപ്പെടുന്ന ഗർഭാശയം കൊലയറയായി മാറുന്നു. നിഷ്കളങ്ക രക്തം ചിന്തി ഭൂമുഖം കറുത്തിരുണ്ടു. ഒന്നു നിലവിളിക്കാൻ പോലും കഴിയാതെ വേദനയുടെ തീച്ചൂളയിൽ ജീവിതം ഹോമിക്കപ്പെടുന്ന കുഞ്ഞുമക്കളുടെ നിശബ്ദ നിലവിളി മേഘപാളികൾ തുളച്ച് പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് ഉയരുകയാണ്. ഈ കുരുന്നു മക്കളെ കൂട്ടമായി കൊലചെയ്തുക്കൊണ്ട് ഭൂമുഖത്ത് സമാധാനം സ്ഥാപിക്കാൻ നമ്മുക്കാകില്ല. കുരുന്നു മക്കളെ നിഷ്ക്കരുണം കൊലചെയ്ത ഇസ്രായേലിനും യൂദായ്ക്കും ബാബിലോൺ പ്രവാസത്തിലൂടെ 70 വർഷം കർത്താവ് കനത്ത ശിക്ഷ നൽകി. ഭൂമുഖം ആകെ പടരുന്ന ഭീകരന്മാരുടെ അക്രമണ പരമ്പര മാനവരാശി ചിന്താവിഷയമാക്കണം.

ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകടങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് പൊലിയുന്ന മനുഷ്യജീവനുകളും നമ്മെ അക്ഷരാർത്ഥത്തിൽ അമ്പരിപ്പിക്കുന്നു. യുദ്ധമേഖലകളിലും ആഭ്യന്തരകലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടാൻ ഈ അവസരത്തിൽ പ്രാർത്ഥിക്കണം.

ഉള്ളുരുകി ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് എത്രയോ അഭികാമ്യമാണ്. ഈ ഒക്ടോബർ മാസത്തിൽ ഒരു കോടി ജപമാല ചൊല്ലി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കാൻ നാം അഭിലഷിക്കുന്നു. നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ നിയോഗത്തിനുവേണ്ടിയായിരിക്കാൻ താൽപര്യപ്പെടുന്നു.

**മാതൃവേദി**

**മരിയൻ ക്വിസ് ഒക്ടോബർ 26 വ്യാഴം (2 മുതൽ 4 വരെ)**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് മാതൃവേദിയിലെ അംഗങ്ങൾക്കുവേണ്ടി മരിയൻ ക്വിസ് ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തപ്പെടുന്നു. ഇടവക തല മത്സരം കഴിഞ്ഞ് അതിലെ വിജയികളുമായി ഫൊറോന തലത്തിൽ നടത്തി മൂന്നു പേരടങ്ങുന്ന ഒരു ടീമാണ് അതിരൂപത മത്സരത്തിൽ വരേണ്ടത്. ദൃശ്യ-ശ്രാവ്യ-മാധ്യമ സഹായത്തോടെ ആയിരിക്കും ക്വിസ് മത്സരം, മൂന്ന് പേരടങ്ങുന്ന ഗ്രൂപ്പിനു മാത്രമേ പങ്കെടുക്കാനാകൂ,

പങ്കെടുക്കുന്നവർ ആനിമേറ്റർ വഴി തൃശ്ശൂർ അതിരൂപത മാതൃവേദി ഓഫീസിൽ ഒക്ടോബർ 1 നു മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. സെപ്റ്റംബർ 18-ാം തിയ്യതി പ്രാർത്ഥനാദിനത്തിന് വരുമ്പോൾ ക്വിസ് മത്സരത്തിനുള്ള കൈപുസ്തകം നിങ്ങൾക്ക് വാങ്ങിക്കാവുന്നതാണ്.

**കുടുംബകൂട്ടായ്മ :ചർച്ചാപഠനപരിശീലന ക്യാമ്പ്**

സെപ്റ്റംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. നവംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഒക്ടോബർ 28-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**വിജയികൾക്ക് അഭിനന്ദനങ്ങൾ**

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി അതിരൂപത തലത്തിൽ നടത്തപ്പെട്ട മത്സരത്തിലെ വിജയികൾ.

**സംഘഗാന മത്സരം**

- ഒന്നാം സമ്മാനം ഡെയ്സൻ ആന്റണി & ടീം പട്ടിക്കാട് ഇടവക പട്ടിക്കാട് ഫൊറോന
- രണ്ടാം സമ്മാനം ജോസ് ലോനപ്പൻ & ടീം പൊന്നൂക്കര ഇടവക പുത്തൂർ ഫൊറോന
- മൂന്നാം സമ്മാനം ജോയി വി.ടി & ടീം തൊയക്കാവ് ഇടവക കണ്ടശ്ശാംകടവ് ഫൊറോന

**ബൈബിൾ പാരായണ മത്സരം**

- ഒന്നാം സമ്മാനം മെറിൻ പോൾ ചേലക്കര ഇടവക ചേലക്കര ഫൊറോന
- രണ്ടാം സമ്മാനം ജോജു പി.എഫ് വടക്കാഞ്ചേരി ഇടവക വടക്കാഞ്ചേരി ഫൊറോന
- മൂന്നാം സമ്മാനം സിനി ഷാജു വലക്കാവ് ഇടവക പുത്തൂർ ഫൊറോന

**പ്രബന്ധ രചന മത്സരം**

- ഒന്നാം സമ്മാനം ബൈജു കണ്ണുക്കാടൻ മച്ചാട് ഇടവക വടക്കാഞ്ചേരി ഫൊറോന
- രണ്ടാം സമ്മാനം ഹെലൻ ഷോബി വടക്കൻ പുതുക്കാട് ഇടവക കണ്ടശ്ശാംകടവ് ഫൊറോന
- മൂന്നാം സമ്മാനം ബെറ്റ്സി സോണി മുണ്ടൂർ ഇടവക കൊട്ടേക്കാട് ഫൊറോന

പങ്കെടുത്തവർക്കും അവരെ ഒരുക്കിവിട്ട വികാരയച്ചന്മാർക്കും കൺവീനർമാർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**ജെയിംസ് ആഴ്ചങ്ങാടൻ** — **ഫാ.ഡെന്നി താണിക്കൽ**
പ്രസിഡന്റ് — ഡയറക്ടർ

## തൃശ്ശൂർ അതിരൂപത
## ബൈബിൾ അപ്പസ്തൊലേറ്റ്

***വെരിത്താസ് ക്വിസ് അതിരൂപതാതല സെമി ഫൈനൽ***

വെരിത്താസ് ക്വിസ് രണ്ടാം റൗണ്ട് മത്സരത്തിൽ നിന്നും ഓരോ ഗ്രൂപ്പിലെയും ആദ്യത്തെ 10 സ്ഥാനക്കാർ ആയിരിക്കും സെമി ഫൈനൽ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുക. സെമി ഫൈനൽ മത്സരങ്ങൾ 2017 ഒക്ടോബർ 22ന് ഞായറാഴ്ച 2 മുതൽ 3.30 വരെ അതിരൂപതാ കേന്ദ്രത്തിൽ നടക്കും.

***ഇതര വെരിത്താസ് ക്വിസ് മത്സരഫലം***

ഇതര വെരിത്താസ് ക്വിസിന്റെ മത്സരഫലം 2017 സെപ്റ്റംബർ 08ന് പ്രഖ്യാപിച്ചു. മത്സരങ്ങൾ വൻ വിജയമാക്കാൻ അക്ഷീണം പ്രയത്നിച്ച വികാരിയച്ചന്മാരേയും, ബൈബിൾ ആനിമേറ്റേഴ്സിനെയും മതബോധന അദ്ധ്യാപകരെയും, ഗുണകാംക്ഷികളേയും നന്ദിയോടെ ഓർക്കുന്നു. ഉത്തരങ്ങൾക്കും റിസൾട്ടിനും വെബ്സൈറ്റ് സന്ദർശിക്കുക: www.veritasquiz.org

***ഇതര വെരിത്താസ് ക്വിസ് റാങ്ക് ജേതാക്കൾ***

***സമർപ്പിത വെരിത്താസ് ക്വിസ്***

**1st Rank** Eyyal, Marymatha Adoration Convent - Sr. Shan Maria SABS, Sr. Geo Therese SABS

**2nd Rank** Cheroor, St. Joseph's Convent - Sr. Isabella, Sr. Sabina, Sr. Lelia

**3rd Rank** Samaritan Sisters, Mannuthy - Sr. Alsa CSS, Sr. Anupriya CSS, Sr. Sowmya Jose CSS

**4th Rank** Nirmal Rani Provincial House, Chettupuzha - Sr. Clareesa Manavalan SABS, Sr. Teslin Vadakumkchery SABS, Sr. Anliya Ukken SABS

**4th Rank** Cheroor, St. Joseph's Convent - Sr. Mary Rose, Sr. Maria Lucia, Sr. Jane Maria

**4th Rank** Arthat - Sr. Gracy Varghese SKD, Sr. Dhanya Joy SKD, Sr. Jesna Joseph SKD

**5th Rank** Calvary Ashram, Poothole - Br. Libin Jacob, Br. Nivil Varghese, Br. Devassy Varghese

| | |
|---|---|
| **5th Rank** | Nirmal Rani Provincial House, Chettupuzha - Sr. Nisha Rose SABS, Sr. Jinsa Ann SABS, Sr. Steffy SABS |
| **5th Rank** | Kottapadi - Sr. Stivly Clara John FCC, Sr. Julfy Joseph FCC, Sr. Jincy FCC |
| **5th Rank** | Chowannur, Pushparam Convent - Sr. Annris CSC, Sr. Little Mary CSC, Sr. Jalna CSC |

***ഫാമിലി വെരിത്താസ് ക്വിസ്***

| | | |
|---|---|---|
| **1st Rank** | Aranattukara | Chakkalakkal Stanlin Raphael & Family |
| **2nd Rank** | Thiroor | Thaikkattil Jiji Thomas & Family |
| **3rd Rank** | Varadiyam | Ponnokkaran Denny & Family |
| **4th Rank** | Pudussery | Kakkassery Vincent & Family |
| **4th Rank** | Mannampetta | Thekkekara Joju Varghese & Family |
| **4th Rank** | Chelakkara | Pallissery Sojan & Family |
| **4th Rank** | Anchery | Omana Wilson & Family |
| **4th Rank** | Ollur | Kannampuza Koola Thomas & Family |
| **5th Rank** | Vellanicode | Chungan Lucy Thomas & Family |
| **5th Rank** | Madakkathara | Ayalloor Augustin & Family |
| **5th Rank** | Lourdes Cathedral | Perlakattchalil Thomas & Family |
| **5th Rank** | North Karamuck | Thanikkal Kodenkandath George & Family |

***യൂത്ത് വെരിത്താസ് ക്വിസ്***

| | | |
|---|---|---|
| **1st Rank** | Mannampetta | Jain Rose George, Jithin George, Nixon P J |
| **2nd Rank** | Parannur | Joseph V J, Sourabh Thomson, Jelvin John V |
| **3rd Rank** | Ollur Marymatha | Jismi Vincent, Deepa Davis, Febreena Wilson |
| **4th Rank** | Kottapady | Rose Muttath, Nicey Peter, Aloshya Francis |
| **4th Rank** | Chelakkara | Melvi C V, Riya Joy, Laya Joy |
| **4th Rank** | Vylathur | Br. Livin, Dery Paul T M, Robin T J |
| **4th Rank** | Ollur Marymatha | Ashish Vinceny, Don Davis, Desmin Dennis |
| **5th Rank** | Nadathara | Neenu K R, Henna Mariya Paul, Anil Davis |
| **5th Rank** | Valapad | Christy Jeenus, Sibini P B, Bilgy Joseph |
| **5th Rank** | Vylathur | Anju Maria, Amcy Sunny, Jismi Joy |

***കാറ്റിക്കിസം വെരിത്താസ് ക്വിസ് (വിദ്യാർത്ഥികൾ)***

| | | |
|---|---|---|
| **1st Rank** | Madakkathara | Minsa Maria, Meevel Maria, Milu Maria Biju |
| **2nd Rank** | Mannampetta | Hanna Joju, Ann Mary Johnson, Ann Mariya K |
| **3rd Rank** | Mariyapuram | Prinu Prince, Jerin Reji, Jain James |
| **4th Rank** | Adatt | Anu Antony, Sanju Antony, Vanika Raphy |
| **4th Rank** | Chelakkara | Joyci C J, Diya Josy, Denna Davis |

| | | |
|---|---|---|
| **4th Rank** | Vellanicode | Sony Babu, Hannah Maria, Sowmya Saju |
| **5th Rank** | Kottapadi | Rose Muttath, Anbella P Winson, Alwin P Winson |
| **5th Rank** | Chelakkara | Aashin Shibu V, Jaison Joshi, Jesna Joshi |
| **5th Rank** | Eyyal | Alit Rose C D, Agna Mariya E J, Jomol Johnson |

***കാറ്റിക്കിസം ടീച്ചേഴ്സ് വെരിത്താസ് ക്വിസ്***

| | | |
|---|---|---|
| **1st Rank** | Eyyal | Sr. Geo Therese Sabs, Lissy K I, Jessy Wilson |
| **2nd Rank** | Aranattukara | Jos Paul C, Stanlin Raphel, Sr. Carmel Joseph |
| **3rd Rank** | Mannampetta | Nixon P J, Jithin George, Jain Rose George |
| **4th Rank** | Arthat | Sr. Dhanya Joy Skd, Anjaly K M |
| **4th Rank** | Thiruvilwamala | Saly Kurian, Lissy Binoy, Tessy Paulose |
| **4th Rank** | Kuttur | Rosy Varghese P, Steby Babu, Sumi Rojan |
| **4th Rank** | Olarikkara | Sr. Sudha, Sherly Jaint, Graizy NC |
| **5th Rank** | Mukkattukara | Varghese Thalakodan, Jessy Babu, Treesa George |
| **5th Rank** | Kottekad | Sr. Gracy Varghese Skd, Joy Francis, Mary Jose |
| **5th Rank** | Perinchery | Bindhu Baby, Femi Soni, Soniya Linto |

***വചനമെഴുത്ത് മത്സരം***

| | | | |
|---|---|---|---|
| **Group B** | **1st Rank** | Madakkathara | Minsa Maria |
| **Group B** | **2nd Rank** | North Karamuck | Viya Maria Joju |
| **Group B** | **3rd Rank** | Ollur | Merin Thomas |
| **Group B** | **4th Rank** | Vylathur | Alan Rose Baby |
| **Group B** | **5th Rank** | Thrikkur | Anisha Antony |
| **Group B** | **5th Rank** | Punkunnam | Sminto P Johnson |
| **Group C** | **1st Rank** | Adatt | Anu Antony |
| **Group C** | **2nd Rank** | Mannampetta | Jain Rose George |
| **Group C** | **3rd Rank** | Mukkattukara | Riya K Johny |
| **Group C** | **4th Rank** | Cheroor, St. Joseph's | Christeena |
| **Group C** | **4th Rank** | Mannampetta | Francis K George |
| **Group C** | **5th Rank** | Cheroor, St. Joseph's | Jincy V K |
| **Group C** | **5th Rank** | Valapad | Christy Jeenus |
| **Group C** | **5th Rank** | Mannamangalam | Jaison Sebastian |
| **Group D** | **1st Rank** | Eyyal | Sr. Geo Therese Sabs |
| **Group D** | **2nd Rank** | Perinchery | Shincy Sojan |

| | | | |
|---|---|---|---|
| **Group D** | **3rd Rank** | Thiroor | Gigi Thomas |
| **Group D** | **4th Rank** | Aranattukara | Stanlin Rapheal |
| **Group D** | **4th Rank** | Varadiyam | Shaigy Denny |
| **Group D** | **5th Rank** | Marathakkara | Ruby George |
| **Group D** | **5th Rank** | Olarikkara | Sherly Jaint |
| **Group D** | **5th Rank** | Mannampetta | Jilfy Sajeev |
| **Group E** | **1st Rank** | Thiruvilwamala | Saly Kurian |
| **Group E** | **2nd Rank** | Anchery | Omana Wilson |
| **Group E** | **3rd Rank** | Dolours Basilica | Cicily Pallan |
| **Group E** | **4th Rank** | Kannamkulangara | Elizabeth Davis |
| **Group E** | **5th Rank** | Kottekad | Sr. Gracy Varghese Skd |
| **Group E** | **5th Rank** | Olarikkara | Graicy N C |
| **Group E** | **5th Rank** | Pudukad | Philomina Johny |
| **Group E** | **5th Rank** | Puranattukara | Portia Varghese |
| **Group E** | **5th Rank** | Vellanicode | Lucy Thomas |
| **Group F** | **1st Rank** | Velupadam | Rosily Augustin |
| **Group F** | **2nd Rank** | Cheroor, St. Joseph's | Sr. Isabella |
| **Group F** | **3rd Rank** | Pudukad | Veronika Johnosn |
| **Group F** | **4th Rank** | Pattikad | Mary Francis |
| **Group F** | **4th Rank** | Villadam | Cicily Rappai |
| **Group F** | **5th Rank** | Pudukad | Kathreena Jose |
| **Group F** | **5th Rank** | Mannuthy | Vareed C R |

***ബൈബിൾ കോഴ്സ്***

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

***തീർത്ഥാടനങ്ങൾ***

റോം - യൂറോപ്പ് തീർത്ഥാടനം 2018 മെയ് 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ ഈ വർഷം 2017 നവംബർ 7, ഡിസംബർ 26 എന്നീ തിയ്യതികളിലും, അടുത്ത വേനലവധിക്കാലത്ത് 2018 ഏപ്രിൽ 7നും, 17നും, മെയ് 13നും, 17നും പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090, 8921266465

| | |
|---|---|
| **ഫാ. ലിജോ ചിരിയങ്കണ്ടത്ത്** | **ഫാ. ഫ്രാൻസീസ് കൂത്തൂർ** |
| **അസി. ഡയറക്ടർ** | **ഡയറക്ടർ** |

# കെ.സി.വൈ.എം.

## കെ.സി.വൈ.എം അതിരൂപത സമിതിയുടെ പഴുവിൽ ഫൊറോന സന്ദർശനം നടത്തി

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ പഴിവിൽ ഫൊറോന സന്ദർശനം നടത്തി. പഴുവിൽ ഫൊറോനയിലെ വിവിധ ഇടവകകളിലെ യുവജനങ്ങൾ ഇടവക റിപ്പോർട്ട് അവതരിപ്പിച്ചു. കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഴുവിൽ ഫൊറോന വികാരി റവ. ഫാ. തോമസ് ചൂണ്ടൽ അനുഗ്രഹ പ്രഭാഷണം നടത്തി. പഴുവിൽ ഫൊറോന കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജിക്സൺ മാളേക്കാരൻ, ജനറൽ സെക്രട്ടറി ജിയോ ജോൺ, സിസ്റ്റർ ടീന മരിയ, വില്യംസ്, സാജൻ, സിജോ, ആന്റോ തൊറയൻ എന്നിവർ സംസാരിച്ചു.

## പ്രാർത്ഥനാ യജ്ഞം

മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ കോർപ്പറേഷൻ പരിസരത്ത് നടന്ന ഉപവാസ പ്രാർത്ഥന യജ്ഞത്തിൽ കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴയുടെ നേതൃത്വത്തിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു. ഉപവാസ പ്രാർത്ഥനാ യജ്ഞത്തിൽ അഭിസംബോധന ചെയ്ത് കൊണ്ട് ഫാ. ജെറിൻ അരിമ്പൂർ, അനൂപ് പുന്നപ്പുഴ, എം.പി. സിജോ, അനീഷ് മാസ്റ്റർ, പ്രിൻസി പ്രിൻസ്, ആന്റോതൊറയൻ, ജോസ്മോൻ, അഡ്വ. ലിന്റോ, സെനി എന്നിവർ സംസാരിച്ചു.

## യാത്രാമംഗളങ്ങൾ

SMYM ഗ്ലോബൽഡയറക്ടറായി സേവനമനുഷ്ടിച്ച് ഉപരിപഠനത്തിനായി സ്പെയിനിലേക്ക് പോകുന്ന സെബാസ്റ്റ്യൻ കൈപ്പൻ പ്ലാക്കലച്ചന് സീറോ മല

ബാർ സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ, SMYM നാഷണൽ ട്രഷറർ ജോസ്മോൻ കെ. ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

യാത്രയയപ്പ് സമ്മേളനം സീറോ മലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ICYM പ്രസിഡന്റ് സിജോ അമ്പാട്ട്, ടിജോ പടയാറ്റിൽ, അനൂപ് പുന്നപ്പുഴ, ജോസ്മോൻ, Sr. അഖില, മെറിൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ മറുപടി പ്രസംഗം നടത്തി. ഉപഹാര സമർപ്പണം നടത്തി.

## മദർതെരേസ അനുസ്മരണം

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ മദർതെരേസ അനുസ്മരണം നെടുപുഴ അന്നമരിയ ഹോമിൽ വെച്ച് നടത്തി. കെ.സി.വൈ.എം. അതിരൂപത അസി. ഡയറക്ടർ ഫാ. ജെറിൻ അരിമ്പൂർ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ജിയോ ജോൺ, കരോളി ജോഷ്വ, സാജൻ, സാവിയോ, വില്യംസ്, പ്രിൻസി പ്രിൻസ്, അനീഷ് മാസ്റ്റർ, എം.പി. സിജോ, അഡ്വ. ലിന്റോ സിബി, ജോസ്മോൻ കെ. ഫ്രാൻസിസ്, സെനി, ആന്റോ തൊറയൻ, Sr. വിമൽ എന്നിവർ പ്രസംഗിച്ചു. അന്നമരിയ ഹോമിലെ അഗതികൾക്ക് ഓണക്കോടിയും, ഓണസദ്യയും നടത്തി.

| **ഫാ. ഡിറ്റോ കൂള** | **അനൂപ് പുന്നപ്പുഴ** | **ജിയോ ജോൺ** |
|---|---|---|
| ഡയറക്ടർ(9446937601) | പ്രസിഡന്റ് ( 9847107707) | ജനറൽ സെക്രട്ടറി (9847678767) |

# സി.എൽ.സി.

**1. ക്രൈസ്തവ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കണം: മാർ റാഫേൽ തട്ടിൽ**

തൃശൂർ: സഭയിലും സമൂഹത്തിലും ക്രൈസ്തവ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവരാകണം സി. എൽ.സി. പ്രവർത്തകരെന്ന് മാർ റാഫേൽ തട്ടിൽ. അതിരൂപത സി.എൽ.സി. വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം പറപ്പൂർ ഫൊറോനയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പിന്നണി ഗായകൻ അനൂപ് ശങ്കർ മുഖ്യാതിഥിയായിരുന്നു. സംസ്ഥാന പ്രോമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, പറപ്പൂർ ഫൊറോന വികാരി ഫാ. പോളി നീലങ്കാവിൽ എന്നിവർ യോഗത്തിൽ സംസാരിച്ചു. പറപ്പൂർ ഫൊറോനയുടെ വിവിധ ഇടവകകളിൽ നിന്നും പതാക പ്രയാണം, ദീപശിഖ പ്രയാണം, ഛായാചിത്രറാലിയും, പറപ്പൂർ ഫൊറോനയുടെ അതിർത്തി പങ്കിടുന്ന വേലൂർ, കൊട്ടേക്കാട്, മറ്റം എന്നിവിടങ്ങളിൽ നിന്നും ബൈക്ക് റാലിയും ഉണ്ടായിരുന്നു.

**2. ഫാ. സിജോ ചീരൻ മെമ്മോറിയൽ സി.എൽ.സി. സോക്കർ കപ്പ് 2017 ലോഗോ പ്രകാശനം**

ഫാ. സിജോ ചീരൻ മെമ്മോറിയൽ സി.എൽ.സി. സോക്കർ കപ്പ് 2017 ലോഗോ പ്രകാശനം അതിരൂപത നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ചെയ്യുകയും ആശംസയർപ്പിക്കുകയും ചെയ്തു.

**3. മൂന്നാമത് സി. എൽ.സി. സോക്കർ കപ്പ് ഒല്ലൂർ സി. എൽ.സിക്ക്**

ഫാ. സിജോ ചീരൻ മെമ്മോറിയൽ മൂന്നാമത് സി.എൽ.സി. സോക്കർ കപ്പ് 2017 ഒല്ലൂർ സി. എൽ.സിക്ക് ലഭിച്ചു. അതിരൂപതയിലെ 30 ടീമുകളിലായി 360 കളിക്കാർ മാറ്റുരച്ച മൂന്ന് ദിവസത്തെ സി. എൽ.സി. കപ്പ് തോപ്പ് സ്റ്റേഡിയത്തിൽ അതിരൂപത വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. അതിരൂപത നിയുക്ത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ഒന്നാം സ്ഥാനം നേടിയ ഒല്ലൂർ സി. എൽ.സി. ടീമിന് ഫാ. സിജോ ചീരൻ മെമ്മോറിൽ സി.എൽ.സി. സോക്കർ കപ്പും, 5001 രൂപയും (പെരുവല്ലൂർ വിൽസൻ ക്യാഷ് പ്രൈസ്), രണ്ടാം സ്ഥാനം നേടിയ മുക്കാട്ടുക്കര സി.എൽ.സി.ക്ക് തെക്കിനിയത്ത് ലോന മെമ്മോറിയൽ

ട്രോഫിയും, 4001 രൂപയും(തെക്കിനിയത്ത് റപ്പായി ക്യാഷ് പ്രൈസ്), മൂന്നാം സ്ഥാനം ലഭിച്ച വേലൂർ സി.എൽ.സി.ക്ക് മേനാച്ചേരി നൈബി മെമ്മോറിയൽ ട്രോഫിയും, 3001 രൂപ ക്യാഷ് പ്രൈസും (നോബി മേനാച്ചേരി). മണ്ണുത്തി സി.എൽ.സി. ഫെയർ പ്ലേ ടീം അവാർഡ് നേടി.

**4. ജൂബിലി മിഷ്യന് അനുമോദനവും അഭിനന്ദനങ്ങളും**

തൃശൂർ: തൃശൂർ ജൂബിലി മിഷ്യൻ ആശുപത്രിയിലെ മെഡിക്കൽ ഫീസ് 11 ലക്ഷത്തിനു പകരം 5 ലക്ഷം മതിയെന്ന ധീരമായ തീരുമാനമെടുത്ത ജൂബിലി മിഷ്യനാശുപത്രിക്കും നേതൃത്വം നല്കുന്ന ജൂബിലി മാനേജ്മെന്റിനും അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിനും അതിരൂപത സി. എൽ. സി.യുടെ അനുമോദനങ്ങളും അഭിനന്ദനങ്ങളും നേർന്നു.

**5. യൂണിറ്റ് വിസിറ്റ് നടത്തി**

തൃശൂർ അതിരൂപതയിലെ സി. എൽ.സി. ഭാരവാഹികൾ പറപ്പൂർ, മറ്റം, വേലൂർ, മുണ്ടൂർ, അമല, ചിറ്റിലപ്പിള്ളി, തലോർ. അവിണിശ്ശേരി, വൈലത്തൂർ, വടക്കാഞ്ചേരി, തിരൂർ, കോട്ടപ്പടി, കൂനമൂച്ചി, മരിയാപുരം എന്നീയൂണിറ്റുകൾ സന്ദർശനം നടത്തി

**6. സി.എൽ.സി. കലാമേള ഒക്ടോബർ 7,14 തീയ്യതികളിൽ**

തൃശൂർ അതിരൂപത സി.എൽ.സി. കലാമേള മരിയോത്സവം 2017 ഒക്ടോബർ 7,14 തീയ്യതികളിൽ വച്ച് നടത്തുന്നു. 7ന് സാഹിത്യമത്സരവും 14ന് കലാമത്സരവും നടത്തുന്നു. ഫൊറോനകളിൽ നിന്ന് വിജയികളായവരുടെ ലിസ്റ്റ് ഒക്ടോബർ 4ന് മുമ്പ് അതിരൂപത സി. എൽ.സി. ഓഫീസിൽ എത്തിക്കേണ്ടതാണ്.

**7. വി. മദർ തെരേസ ചിത്രരചന മത്സരം ഒക്ടോബർ 10ന്**

തൃശൂർ അതിരൂപത സി.എൽ.സി. സംഘടിപ്പിക്കുന്ന വി. മദർ തെരേസയുടെ ചിത്രരചന മത്സരം 2-17 ഒക്ടോബർ 10ന് തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നു. 3 വയസുമുതൽ 18 വയസുവരെയുള്ളവർക്കാണ് മത്സരയോഗ്യത.

**8. മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം ഒക്ടോബർ 28ന്**

തൃശൂർ അതിരൂപത സി.എൽ.സി. സംഘടിപ്പിക്കുന്ന മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം ഒക്ടോബർ 28ന് ശനിയാഴ്ച്ച 2 മണിക്ക് തൃശൂർ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ഏവർക്കും സ്വാഗതം.

**9. മദ്യനയത്തിനെതിരെ അതിരൂപത സി.എൽ.സി.യുടെ പ്രതിഷേധം**

കേരള സർക്കാറിന്റെ പുതിയ മദ്യനയത്തിനെതിരെ അതിരൂപത സി.എൽ. സി. പ്രതിഷേധിച്ചു. ഗവർണർ പി. സദാശിവത്തിന് ഒരു ലക്ഷം കത്തുകളയച്ച്

മദ്യനയം പിൻവലിക്കാൻവശ്യപ്പെട്ടു തൃശൂർ സ്പീഡ് പോസ്റ്റ് ഓഫീസിൽ നിന്നും പ്രതിഷേധ കത്തുകൾ അയച്ചു. അതിരൂപത മെത്രാപ്പോലീത്ത് മാർ ആൻഡ്രൂസ് താഴത്ത് പ്രതിഷേധ കത്ത് എഴുതി ഉദ്ഘാടനം ചെയ്തു.

10. സി. എൽ.സി. തൃശൂർ അതിരൂപതയിൽ അഫലിയേറ്റ് ചെയ്ത ഇടവകകളിൽ നവംബർ മാസത്തിനു മുമ്പായി ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. ഈ വർഷം മാർച്ചിനു ശേഷം ഇലക്ഷൻ നടത്തിയവർ ഇനി ഇലക്ഷൻ നടത്തേണ്ടതില്ല. നവംബറിൽ ആണ് ഫൊറോന തല ഇലക്ഷൻ നടക്കുന്നത്.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
പ്രസിഡന്റ്

**ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. പ്രൊമോട്ടർ

**സെബിൻ സി.കെ.**
സെക്രട്ടറി

---

# സീനിയർ സി. എൽ. സി.

## കുടുംബം വിശ്വാസത്തിന്റെ അടിത്തറ: മാർ തൂങ്കുഴി

കുടുംബമാണ് വിശ്വാസത്തിന്റെ അടിത്തറയെന്നും കുടുംബങ്ങളിൽ ഈശ്വരവിശ്വാസം ഊട്ടിയുറപ്പിക്കുന്നതിന് കുടുംബാംഗങ്ങൾ ഒരേ അഭിപ്രായവും മനസുമായി പ്രവർത്തിക്കണമെന്നും ആർച്ച് ബിഷപ്പ് എമിററ്റസ് മാർ ജേക്കബ് തൂങ്കുഴി ആഹ്വാനം ചെയ്തു. തൃശൂർ അതിരൂപത CLC കുടുംബസംഗമം മരിയാപുരം സെന്റ് ജോൺ ബോസ്കോ പള്ളി ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരി ക്കുകയായിരുന്നു മാർ തൂങ്കുഴി.

അതിരൂപത സീനിയർ CLC പ്രസിഡന്റ് ജറോം മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. CLC സംസ്ഥാന പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, CLC അതിരൂപത ജനറൽ സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, യൂത്ത് CLC പ്രസിഡന്റ് സിജിൽ ജോസഫ്, കൺവീനർ സൈജു സൈമൺ എന്നിവർ പ്രസംഗിച്ചു. വിവിധ യൂണിറ്റുകൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. യോഗാനന്തരം സ്നേഹവിരുന്നും ഉണ്ടായിരിന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ജെയിംസ് മുട്ടിക്കൽ**
**ജനറൽ സെക്രട്ടറി**

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

### 1. മേഖലാ സമ്മേളനങ്ങൾ

20 -ാം വാർഷിക സമ്മേളനത്തിന് ഒരുക്കമായി 4 മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. പടിഞ്ഞാറൻ മേഖലയുടേത് 10/09/2017 ഞായറാഴ്ച്ച 2 മണിക്ക് ഗുരുവായൂർ പള്ളിയിൽ അരങ്ങേറി. അതിരൂപതാ ഡയറക്ടർ, സെക്രട്ടറി റപ്പായി മേച്ചേരി, റവ. സി. റോസ്ലിൻ എഫ്. സി. സി. തുടങ്ങിയവർ പ്രസംഗിച്ചു. റവ. ഫാ. ജോസ് പുലിക്കോട്ടിൽ, സ്റ്റീഫൻ ജോസ് തുടങ്ങിയവർ നേതൃത്വം നല്കി.

ഉത്തരമേഖലസമ്മേളനം 10 -ാം തിയതി 4 മണിക്ക് വടക്കാഞ്ചേരി സെന്റ് പയസ് സ്ക്കൂളിൽ നടന്നു. അതിരൂപതാ ഡയറക്ടർ, സെക്രട്ടറി റപ്പായി മേച്ചേരി, ഫാ. പ്രിൻസ് ചിരിയങ്കത്ത്, ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു. ഫ്രാൻസിസ് തേർമഠം, പോൾ പാലയൂർ, എം. ഐ അഗസ്റ്റിൻ, ജോൺസൺ കുമ്പളങ്ങാട് മുതലായവർ നേതൃത്വം നൽകി.

ദക്ഷിണമേഖല സമ്മേളനം 17/09/2017 ന് ഉച്ചതിരിഞ്ഞ് 4 മണിക്ക് ഒല്ലൂർ ഫൊറോന പള്ളി ഹാളിലും മദ്ധ്യ മേഖലാ സമ്മേളനം അന്നേദിവസം 2 മണിക്ക് ലൂർദ്ദ് കത്തീഡ്രലിലും സംഘടിപ്പിക്കുന്നുണ്ട്. അതിരൂപത, മേഖല, ഫൊറോന, യൂണിറ്റ് തല ഭാരവാഹികൾ പങ്കെടുക്കുന്നതായിരിക്കും. ഫാ. ആന്റണി ആലുക്ക. ഫാ. ഇഗ്നേഷ്യസ് നന്ദിക്കര, ഫാ. ജോമോൻ മുരിങ്ങാത്തേരി എന്നിവർ നേതൃത്വം വഹിക്കിന്നു.

### 2. സന്യസ്ത സംഗമങ്ങൾ

മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് സന്യസ്ത സമൂഹത്തെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 4 സന്യസ്തസംഗമങ്ങൾ മേഖലാ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. പടിഞ്ഞാറൻ മേഖലയുടേത് മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോളെജിലും, ഉത്തര മേഖലയുടേത് വടക്കാഞ്ചേരി സെന്റ് പയസ് സ്ക്കൂളിലും നടത്തി. 2017 സെപ്റ്റംബർ 10-ാം തിയതി യഥാക്രമം 2 നും 4 നും ആയിരുന്നു പ്രസ്തുത സമ്മേളനങ്ങൾ. 21 -ാം തിയതി വ്യാഴാഴ്ച്ച കാലത്ത് 10 മണിക്ക് മദ്ധ്യമേഖലാ സമ്മേളനം ചെമ്പൂക്കാവ് ഹോളി ഫാമിലി സ്ക്കൂളിലും ദക്ഷിണ

മേഖലയുടെ സമ്മേളനം അന്നുതന്നെ ഒല്ലൂർ ഫൊറോന പള്ളിയിലും സംഘടി പ്പിക്കുന്നുണ്ട്. ശ്രീ. സേവ്യർ പള്ളിപ്പാട്ട് ക്ലാസ്സുകൾ നയിച്ചു. റവ. സി. റോസ്ലിൻ എഫ്. സി. സി. കൺവീനർ എന്ന നിലയ്ക്ക് ന്ന്യതത്വം നൽകിക്കൊണ്ടിരിക്കു ന്നു. അതിരൂപത ഡയറക്ടർ, സെക്രട്ടറി, ട്രഷറർ മറ്റു ഭാരവാഹികൾ എല്ലാം സാന്നിദ്ധ്യസഹായ സഹകരണങ്ങൾകൊണ്ട് മേഖലാ സമ്മേളനങ്ങൾ വിജയി പ്പിച്ചു.

**3. വിംശതി (20) സമ്മേളനം**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് 2/10/1997 ന് സമാരംഭിച്ച നമ്മുടെ പ്രസ്ഥാനത്തിന്റെ 20 -ാം വാർഷിക സമ്മേളനം വിപുലമായ പരിപാടികളോടെ 2017 ഒക്ടോബർ 2 ന് തൃശ്ശൂർ പുത്തൻപള്ളി ഹാളിൽ (വാ. മാറ്റ് ടാൽബോത്ത് നഗറിൽ) അരങ്ങേറുന്നതാണ്. നിയുക്ത സഹായ മെത്രാൻ മാർ. ടോണി നീല ങ്കാവിൽ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് അദ്ധ്യ ക്ഷത വഹിക്കുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജേക്കബ് വെള്ളമരു തുങ്കൽ മുഖ്യപ്രഭാഷണവും, വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അനുഗ്രഹപ്രഭാഷണവും നിർവ്വഹിക്കുന്നതാണ്. ശ്രീ. എഫ്. എം ലാസർ ബോധ വത്കരണ ക്ലാസ്സ് നയിക്കും. വെരി. റവ. ഫാ. ജോർജ്ജ് എടക്കളത്തൂർ, ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ ആശംസകൾ അർപ്പിക്കുന്നതാണ്. അതിരൂപത ഡയ റക്ടർ, ജനറൽ കൺവീനർ ജോസ് ആലപ്പാട്ട് എന്നിവർ നേതൃത്വം നൽകിവ രുന്നു. എല്ലാവരും പങ്കെടുത്ത് വിജയിപ്പിക്കുക.

**4. മദ്യനയത്തിനെതിരെ പ്രതിഷേധം**

ആരാധന - വിദ്യാലയങ്ങളിൽ നിന്ന് മദ്യാലയത്തിലേക്കുള്ള ദൂരപരിധി 50 മീറ്ററായി വെട്ടിച്ചുരുക്കിയ ഇടതു സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് മദ്യവിരുദ്ധ സമിതി 5/9/2017 ചൊവ്വാഴ്ച്ച കോർപ്പറേഷനുമുമ്പിൽ ഉപവാസ - പ്രാർത്ഥന - പ്രതിഷേധം സംഘടിപ്പിച്ചു. മുൻ മന്ത്രിയും സ്പീക്കറുമായ ശ്രീ. വി. എം. സുധീരൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സി. സി. സാജൻ, ജോസ് ചെമ്പിശ്ശേരി, ഫാ. ആന്റണി ആലുക്ക, റപ്പായി മേച്ചേരി, ശ്രീമതി. അന്നം ജോൺ, ഫ്രാൻസിസ് തേർമഠം, അനൂപ്, സിന്റോ തൊറയൻ തുടങ്ങിയവർ പ്രസംഗിച്ചു. മാർ അപ്രേം മെത്രാ പ്പോലീത്ത സമാപന സന്ദേശം പ്രദാനം ചെയ്തു. അദ്ദേഹം നാരങ്ങ നീരു നല്കികൊണ്ട് ഉപവാസ പരിപാടി ഉപസംഹരിപ്പിച്ചു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ. ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 675 -ാമതും തൃശൂർ കൂരിയായുടെ 726 -ാമതും സമ്മേളനം 2017 സെപ്തംബർ 3 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്യാത്മിക നിയന്താവ് ബഹു. ജോൺ മൂലനച്ചന്റെ സാനിധ്യത്തിലും പാസ്റ്റർ സെന്ററിലുള്ള ഓഫീസിൽവെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു. നിയമഗ്രന്ഥത്തിൽ നിന്ന് 305 മുതൽ 306 വരെയുള്ള ഭാഗം പ്രസിഡന്റ് ജ്ഞാനവായന നടത്തി. ബ്ര. പ്രസിഡന്റ് എല്ലാ മരിയ സൈനികരേയും സ്വാഗതമാശംസിച്ചു.

സൈനീക ജപശൃംഖലക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. പരി. അമ്മയുടെ ജനനതിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട് പരി. അമ്മ സഹിച്ച ദുഃഖങ്ങളെയും, ഈ മാസം അമ്മയെകുറിച്ചുള്ള 2 തിരുനാളുകളും അനുസ്മരിച്ചുകൊണ്ട് വിശദീകരിച്ചു. വ്യാകുലങ്ങളേറ്റ മാതാവിന്റെ കാലടികളെ പിൻചെല്ലാൻ ഓരോ മരിയ സൈനികർക്കും സാധിക്കട്ടെ എന്ന് ആശംസിച്ചു.

തൃശൂർ അതിരൂപതക്ക് പുതുതായി സഹായമെത്രാനായി നിയമിതനായ ബഹു. ടോണി നാലങ്കാവിൽ പിതാവ് അതിരൂപതക്ക് ലഭിച്ച വലിയ അംഗീകാരമാണെന്നും നിയുക്ത പിതാവിനെ ആശംസകളോടെ അനുസ്മരിക്കുകയും ചെയ്തു.

സെപ്റ്റംബർ മാസം എല്ലാ പ്രസീദിയങ്ങളിലും മാതാവിന്റെ ജനനതിരുനാൾ ആഘോഷിക്കുന്നതിന് ഓർമ്മപ്പെടുത്തി. സെപ്റ്റംബർ 7 ലീജീയൻ ഓഫ് മേരി സംഘടനയുടെ സ്ഥാപക ദിനമാണെന്നും ഓർമ്മപ്പെടുത്തി.

ഒക്ടോബർ മാസം മരിയ സൈനികർക്കായി നടത്തുന്ന കലാ - സാഹിത്യ ക്വിസ് മത്സരങ്ങളിൽ പേർ തരണമെന്ന് ഓർമ്മപ്പെടുത്തി. അവസാന പ്രാർത്ഥനക്കും, ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി. സി. കുരിയാക്കോസ്** |
| ആധ്യാത്മിക നിയന്താവ് | കമ്മീസിയം പ്രസിഡന്റ് | കമ്മീസിയം സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

ആതുരശുശ്രൂഷരംഗത്തെ പ്രതിസന്ധികൾ പരിഹരിക്കപ്പെടുന്നതിനും, രോഗികൾക്ക് പരി.അമ്മയുടെ മാതൃകയിൽ ശുശ്രൂഷചെയ്യുന്നതിനു ധാരാളം ജപമാലചെല്ലികൊണ്ട് ഒക്ടോബർമാസം പരിശുദ്ധജപമാലരാജ്ഞിയോട് പ്രാർത്ഥിക്കാം.

നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന നൈറ്റിംഗേൽസ് മീറ്റ് 2017' ന്റെ മുൻ ഒരുക്കത്തിലേക്കായി ആതുരശുശ്രൂഷരംഗത്ത് 50 വർഷം പൂർത്തിയായവരുടെലിസ്റ്റും, നേഴ്സിങ്ങ് സ്കൂൾ, കോളേജ് തലത്തിൽ പഠനത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവരുടെ പേരും, മാർക്കും അറിയിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. നിർദ്ധനരായ നേഴ്സിങ്ങ് വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനസഹായ സ്കോളർഷിപ്പിന് അർഹരായഒരുകുട്ടിയുടെ പേര് ഓരോ നേഴ്സിങ്ങ് സ്കൂളുകളും സി. എൻ. ജി. ഐ ഭാരവാഹികളെ അറിയിക്കേണ്ടതാണ്.

പാവപ്പെട്ട രോഗികളെ വീടുകളിൽ പോയി ശുശ്രൂഷിച്ച്, പരിക്കേറ്റവരെ വച്ചുകെട്ടിയും ആതുരശുശ്രൂഷരംഗത്ത് ഉത്തമ മാതൃകയായി ജീവിച്ച 1902ൽ പോളണ്ടിലെ വാഴ്സോവിൽ ജനിച്ച് ഊർസുലിൻ സന്യാസസ യിൽ ജീവിച്ച്1937ൽ പോളണ്ടിലെ കത്തോലികാ നോഴ്സുമാരുടെസംഘടനയിൽ സജീവമായി പ്രവർത്തിച്ച്1937 ഏപ്രിൽ 23ന് മരണമടഞ്ഞ ഹന്ന ക്രിസ്നോവസ്ക വാഴ്ത്തപ്പെട്ടഗണത്തിലേയ്ക്ക് ഉയർത്തപ്പെടുന്നു. കാത്തലിക് നേഴ്സ്സ് ഗിൽഡ്ൽ പ്രവർത്തിക്കുന്ന ഓരോരുത്തർക്കും ഈ വിശുദ്ധ ജീവിതം മാതൃകയും , പ്രചോദനവുമാകട്ടെ.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവിഡ് FCC**
സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി. സി. വാർത്തകൾ**

1. മുൻ നാഷണൽ പ്രസിഡന്റ് ബ്രദർ. പി. വി. അലക്സാണ്ടർ, ഫാ. ബാബു ചേലപ്പാടൻ, ഫാ. പോൾ മാറോക്കി, സി. സി. അംഗം ബ്രദർ. സി. എ. ഷാജന്റെ മാതാവ് എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.
2. കണ്ടശ്ശാംകടവ് AC യുടെ പ്രസിഡന്റായി ബ്രദർ. പി. ജെ. വർഗ്ഗീസ് സ്ഥാനമേറ്റു. അദ്ദേഹത്തിന് സി. സി.യുടെ അനുമോദനങ്ങൾ. സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് ബ്രദർ. എം. ജി. ജോസഫിന് സി. സി യുടെ നന്ദി.
3. നിയുക്ത സഹായമെത്രാൻ ടോണി നീലങ്കാവിൽ പിതാവിന് സംഘടനയുടെ പ്രാർത്ഥനാശംസകൾ നേർന്നു.
4. ഒക്ടോബർ - ജപമാല മാസത്തിൽ കോൺഫ്രൻസ്, AC യോഗങ്ങൾ ജപമാലയോടുകൂടി ആരംഭിക്കുക.
5. സി. സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ യൂത്ത് ക്യാമ്പ് നടത്തി. മൂന്ന് ദിവസമായി നടത്തിയ ക്യാമ്പിൽ ബ്രദർ. ജോസഫ്, ബ്രദർ. രാജേഷ്, ബ്രദർ. ജിനോ ജോസ്, ബ്രദർ. അബിൽ മൈക്കിൾ, ശ്രീ. പ്രേം പ്രകാശ്, ബ്രദർ. ഡാന്റസ്, ബ്രദർ. ഷനിൽ വി. മാത്യു എന്നിവർ ക്ലാസ്സെടുത്തു. വെളപ്പായ സെന്റ് മേരീസ് ഇടവക വികാരി റവ. ഫാ. ജോഫി ചിറയത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡന്റ് ബ്രദർ. ഷിബു അദ്ധ്യക്ഷത വഹിച്ചു. ആരാധനക്ക് ഫാ. ബിജു പാണേങ്ങാടൻ നേതൃത്വം നല്കി.
6. സി. സി യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ 29/10/2017 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽ വെച്ച് രക്തദാന ക്യാമ്പ് നടത്തുന്നു. തൃശ്ശൂർ IMA യുമായി സഹകരിച്ചു നടത്തുന്ന ക്യാമ്പിൽ രക്തദാനം നടത്തുന്നതിന് സന്നദ്ധരായവരെ ക്ഷണിക്കുന്നു.
7. അതിരൂപതതലത്തിൽ മതബോധന വിദ്യർത്ഥികൾക്കായി നടത്തിയ ക്വിസ് മത്സര വിജയികൾ.
   Ist അനറ്റ് സെബാസ്റ്റ്യൻ - കൊട്ടേക്കാട് ഇടവക
   II nd അൻമോൾ കെ. എ. - ചെവ്വൂർ ഇടവക
   IIIrd മരിയ സൈമൺ - പനമുക്ക് ഇടവക
8. സെൻട്രൽ കൗൺസിലിന്റെ 69 - ാം വാർഷികാഘോഷം 01/10/2017 ഞായറാഴ്ച്ച പാവറട്ടി സെന്റ് ജോസഫ് തീർത്ഥകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്.

**പോൾസൺ കെ. കെ.** സെക്രട്ടറി

# കലാസദൻ

## കലാസദൻ ഗായക് – 2017 ഫിനാലെ

പുതിയ സംഗീത പ്രതിഭകളെ കണ്ടെത്തുന്നതിനായി കലാസദൻ സംഗീത വിഭാഗം ഒരുക്കിയ 'ഗായക് 2017' അഖില കേരള ചലച്ചിത്രഗാനാലാപന മത്സരത്തിന്റെ ഫൈനൽ റൗണ്ട് മത്സരങ്ങൾ ആഗസ്റ്റ് 28 ന് തൃശ്ശൂർ റീജ്യണൽ തിയ്യറ്ററിൽ വച്ച് അതിരൂപത വികർ ജനറൽ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു.

വിവിധ ജില്ലകളിൽ നിന്നായി ഇരുന്നൂറോളം മത്സരാർത്ഥികൾ പങ്കെടുത്ത ആദ്യ റൗണ്ട് മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 16 പേരാണ് കലാസദൻ പശ്ചാത്തല സംഗീതത്തോടു കൂടി ഒരുക്കിയ ഫിനാലെയിൽ മാറ്റുരച്ചത്. പ്രൗഢമായ നിറഞ്ഞ സദസ്സിനു മുൻപിൽ ഉന്നത നിലവാരം പുലർത്തിയ മത്സരങ്ങൾക്ക് പ്രഗത്ഭ സംഗീതജ്ഞരായ മോഹൻ സിത്താര, പ്രദീപ് സോമസുന്ദരൻ, മനീഷ എന്നിവർ വിധികർത്താക്കളായിരുന്നു. സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിൽ വിജയികൾക്ക് ക്യാഷ് അവാർഡും, ശിൽപവും, പ്രശസ്തിപത്രവും വിശിഷ്ടാതിഥികൾ വിതരണം ചെയ്തു.

പ്രസിഡന്റ് ശ്രീ. വി. പി. ജോസഫ് സ്വാഗതവും സെക്രട്ടറി റവ. ഡോ. പോൾ പുളിക്കൻ നന്ദിയും അറിയിച്ചു. കൺവീനർ ജെയ്ക്കബ് ചെങ്ങലായ്, ഫാ. ജെയ്സൺ വടക്കേത്തല, ലിയോ ജോർജ്ജ്, സി. ജെ ജോൺ, ആൻസൻ, എം. ജെ തോമസ് എന്നിവർ നേതൃത്വം നൽകി.

## തേൻതുള്ളികൾ –'സ്വരസുഗന്ധ്'

കലാസദൻ 'തേൻതുള്ളികൾ' സംഗീത പരമ്പരയിലെ നാലാമത് പ്രോഗ്രാം –സ്വരസുഗന്ധ് – ആഗസ്റ്റ് 6 ന് റീജ്യണൽ തിയ്യറ്ററിൽ ഒരുക്കി. വിഖ്യാത ഗായകരായ സൗരവ് കിഷൻ, നയൻ ജെ ഷാ, സലീഷ് ശ്യാം, റീന മുരളി, മനോജ് കുമാർ, റഫീക്ക്, സിൽഡ, റൂഷൈൽ എന്നിവർ കലാസദന്റെ മിഴിവുറ്റ പശ്ചാത്തലത്തോടൊപ്പം ഒരുക്കിയ ഈ അനശ്വര ഹിന്ദി ഗാനസന്ധ്യ ആസ്വാദകർക്ക് അവിസ്മരണീയമായൊരു അനുഭവമായിരുന്നു. കലാസദൻ മുൻ ഹിന്ദി ഗായകരായിരുന്ന ഏ എഫ് പോൾസൺ, പീറ്റർ എന്നിവരെ ആദരിക്കുകയുമുണ്ടായി.

# കലാസദൻ തൻത്തുള്ളികൾ ഗോൾഡൻ ഡൂവറ്റ്സ്

പഴയ കാല ഗാനാസ്വാദകരുടെ കൂട്ടായ്മയായി ഏറെ ജനപ്രീതി നേടിയ കലാസദൻ തേൻതുള്ളികൾ സംഗീത പരമ്പരയിലെ അഞ്ചാമത് പരിപാടി 'ഗോൾഡൻ ഡുവറ്റ്സ് ' 2017 ഒക്ടോബർ 15 ന് വൈകുന്നേരം 5.30 ന് ഞായാറാഴ്ച അതിരൂപത DBCLC A/c ഓഡിറ്റോറിയത്തിൽ ഒരുക്കുന്നു.

എക്കാലത്തെയും സൂപ്പർ ഹിറ്റ് മലയാളയുഗ്മഗാനങ്ങളാണ് ഈ സംഗീതവിരുന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പിന്നണി ഗായകൻ ശ്രീ കോഴിക്കോട് സതീഷ് ബാബുവും മറ്റ് പ്രഗത്ഭ ഗായകരും പങ്കെടുക്കും.

അതിരൂപതിയിലെ ബഹുമാനപ്പെട്ട അച്ചൻമാർക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കും കലാസദൻ ലൈഫ്/പേട്രൺ അംഗങ്ങൾക്കും ഈ സംഗീത വിരുന്ന് സൗജന്യമായി ആസ്വദിക്കാൻ കലാസദൻ അവസരമെരുക്കിയിട്ടുണ്ട്.

താൽപര്യമുള്ള ബഹു. വൈദികർ ഒക്ടോബർ 5നു മുമ്പ് ബഹു. ജെയ്സൺ വടക്കേത്തല അച്ചനെ (Mob:8111873888) SMS വഴിയോ Whatts app മുഖേനേയോ അറിയിക്കേണ്ടതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുള്ള പ്രവേശന പാസ് അതിരൂപതാ കാര്യാലയത്തിൽ നിന്ന് ഒക്ടോബർ 1 മുതൽ 5 വരെ തിയ്യതികളിൽ കൈപ്പറ്റാവുന്നതാണ്. കലാസദൻ അംഗങ്ങൾ ഒക്ടോബർ 1 മുതൽ 5 വരെ തിയ്യതികളിൽ കലാസദൻ ഓഫിസുമായി ബന്ധപ്പെട്ട് പാസുകൾ സ്വീകരിക്കേണ്ടതാണ്. പാസുകൾ കൈമാറുവാൻ പാടുള്ളതല്ല.

**റവ. ഡോ. പോൾ പുളിക്കൻ**
സെക്രട്ടറി

**വി. പി. ജോസഫ്**
പ്രസിഡണ്ട്

**ജെയ്ക്കബ് ചെങ്ങലായ്**
കൺവീനർ

# അതിരൂപത കരിസ്മാറ്റിക് മൂവ്മെന്റ്

## ഫാത്തിമ സന്ദേശയാത്ര സമാപിച്ചു

കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ നേതൃത്വം നൽകുന്ന ഫാത്തിമ സന്ദേശയാത്രയുടെ തൃശ്ശൂർ അതിരൂപതയിലെ പര്യടനം പൂർത്തിയായി. സെപ്റ്റംബർ 6 ന് പാലക്കാട് രൂപതയിലെ വടക്കുംഞ്ചേരി ഫൊറോന ദൈവാലയത്തിൽ വച്ച് രാവിലെ 6 മണിയോടെ തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണത്തിനുവേണ്ടി കോ-ഓർഡിനേറ്റർ സാബു എം.വർഗ്ഗീസ്, സെക്രട്ടറി സി.ടി സെബാസ്റ്റ്യൻ, ട്രഷറർ വിൻസെന്റ് ചിറയത്ത് എന്നിവർക്കും സർവീസ് ടീം അംഗങ്ങൾ, ഫാത്തിമ സെന്റിനറി കമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. 7 മണിയോടെ ആദ്യ സ്വീകരണ സ്ഥലമായ പട്ടിക്കാട് ഫൊറോന പള്ളിയിൽ കൊണ്ടുവന്നു. മുത്തുകുടകളും കത്തിച്ച തിരികളുമായി വൻ സ്വീകരണം അവിടെ ഒരുക്കിയിരുന്നു.റവ.ഫാ. ജോൺസൺ അന്തിക്കാടും കൈക്കാരന്മാരും നേതൃത്വം നൽകി. 8.30 ന് ചേലക്കരയെ ലക്ഷ്യമാക്കി ആരംഭിച്ച പ്രയാണത്തിന് എളനാട്, പങ്ങാരപ്പിള്ളി എന്നീ പള്ളി മുറ്റങ്ങളിൽ കാത്തുനിന്ന വിശ്വാസികളഴ് മാതാവിന് സ്വീകരണം നൽകി. 10 മണിക്ക് ചേലക്കര ഫൊറോന പള്ളിയിൽ എത്തിച്ചേർന്ന ഫാത്തിമ സന്ദേശ യാത്രയെ വികാരി റവ.ഫാ.റാഫേൽ താണിശ്ശേരി, അസി.വികാരി ഫാ. അജീഷ് പെരിഞ്ചേരി എന്നിവർ ചേർന്ന് സ്വീകരിച്ചു. 11 മണിയോടെ ചേലക്കരയിൽ നിന്ന് പുറപ്പെട്ട സന്ദേശയാത്രയ്ക്ക് മണലാടി, വാഴക്കോട് ജംഗ്ഷൻ കുരിശുപള്ളി എന്നിവിടങ്ങളിൽ സ്വീകരണം ഒരുക്കിയിരുന്നു. 12 ണിയോടെ വടക്കാഞ്ചേരിയിൽ എത്തിയ യാത്രയെ വികാരി റവ.ഫാ.തോബിയാസ് ചാലക്കലും ഫൊറോനയിലെ വൈദീകരും ചേർന്ന് സ്വീകരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ആയിരങ്ങൾ മാതാവിന്റെ തിരുസ്വരൂപത്തെ വണങ്ങി.

വടക്കാഞ്ചേരിയിൽ നിന്ന് 1.45 ന് പുറപ്പെട്ട തിരുസ്വരൂപത്തെ സ്വീകരിക്കാൻ കുണ്ടന്നൂർ ഇടവക വികാരി റവ.ഫാ. ജോജു പനയ്ക്കലും വിശ്വാസികളും കാത്തുനിന്നിരുന്നു. എരുമപ്പെട്ടിയിൽ 2.30 ന് എത്തിച്ചേർന്ന തിരുസ്വരൂപത്തെ ബാന്റ് മേളത്തിന്റെയും മുത്തുകുടകളുടേയും അകമ്പടിയോടെ വികാരി.റവ.ഫാ. പോൾ താണിക്കലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ഫാത്തിമ സന്ദേശത്തിനുശേഷം 4 മണിയോടെ യാത്ര വെള്ളാറ്റഞ്ഞൂർ ഇടവകയിലേക്ക് ആരംഭിച്ചു. നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയോടെ മാതാവിനെ സ്വീകരിച്ചു. തുടർന്ന് വേലൂർ ഫൊറോന പള്ളിയിൽ വികാരി റവ.ഫാ.ജോൺസൺ ഐനിക്കലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ആയിരങ്ങൾ സന്നിഹിതരായിരുന്നു. തുടർന്ന് കൊട്ടേക്കാട് ഫൊറോന പള്ളിയിലേക്ക് യാത്ര ആരംഭിച്ചു. ദീപാർച്ചനയോടും നകാരത്തിന്റെ അകമ്പടിയോടെയും സ്വീകരിച്ച് ഫാത്തിമ മാതാ കപ്പേളയിലേക്ക് ആനയിച്ചു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സന്ദേശം നൽകി. അന്ന് രാത്രിയിൽ ആബാ റിന്യൂവൽ സെന്ററിൽ മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ച് ജാഗരണ പ്രാർത്ഥന നടത്തി.

സെപ്റ്റംബർ 7 ന് രാവിലെ ആദ്യ സ്വീകരണം പറപ്പൂർ ഫൊറോനയിൽ ആയിരുന്നു. പള്ളി മുറ്റത്തു നിന്നു വിശ്വാസികൾ പ്രദക്ഷിണമായി പാരിഷ് ഹാളിലേയ്ക്ക് സ്വീകരിച്ചു. വികാരി. റവ.ഫാ. പോളി നീലങ്കാവിൽ സഹവികാരി എന്നിവർ നേതൃത്വം നൽകി. ഫൊറോനയിലെ എല്ലാ ഇടവകകളിലെയും വിശ്വാസികൾ പങ്കെടുത്തു. മറ്റം ഫൊറോന ദൈവാലയത്തിൽ വികാരി റവ.ഫാ. ജോസ് വല്ലൂരാന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. പാലയൂർ മാർത്തോമ തീർത്ഥകേന്ദ്രത്തിൽ റെക്ടർ റവ.ഫാ. ജോസ് പുന്നോലിപറമ്പിലിന്റെ നേതൃത്വത്തിൽ ജൂതൻ ബസാറിൽ നിന്ന് മുത്തുകുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ മാതാവിന് സ്വീകരണം നൽകി. നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സന്ദേശം നൽകി. 1500 ഓളം പേർക്ക് ഊട്ടുസദ്യയും ബേബി ജോൺ കലയന്താനിയുടെ മരിയൻ പ്രഭാഷണവും ഉണ്ടായിരുന്നു. കണ്ടശ്ശാംകടവ് പള്ളിയിൽ വൈകീട്ട് 4 ന് മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ച് വചനസന്ദേശം നൽകി. പഴുവിൽ സെന്റ് ആന്റണീസ് പള്ളിയിൽ വൈകീട്ട് 7.30 ന് എത്തിചേർന്ന് സന്ദേശയാത്രയ്ക്ക് വൻ സ്വീകരണം ഒരുക്കിയിരുന്നു. പ്രാർത്ഥനയോടെ അന്നേ ദിവസം യാത്ര സമാപിച്ചു.

സെപ്റ്റംബർ 8 ന് രാവിലെ പുതുക്കാട് ഫൊറോന പള്ളിയിൽ രാവിലെ 7 മണിക്ക് മാതാവിനെ സ്വീകരിച്ചു. തുടർന്ന് പുത്തൂർ ഫൊറോനപള്ളി, പടവരാട്, ഒല്ലൂർ, ഏവുപ്രാസ്യ തീർത്ഥകേന്ദ്രം, ഫൊറോന പള്ളി, കുരിയച്ചിറ ഇടവകപള്ളി എന്നിവിടങ്ങളിലും സ്വീകരണം ഒരുക്കിയിരുന്നു. വൈകീട്ട് 4.30 ന് തൃശ്ശൂർ പുത്തൻ പള്ളിയിൽ എത്തിച്ചേർന്ന ഫാത്തിമ യാത്രയെ റെക്ടർ ഫാ. ജോർജ്ജ് ഇടക്കളത്തൂരിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. വൈകീട്ട് 7.30 ന് ലൂർദ്ദ് പള്ളിയിലേക്ക് ആഘോഷമായ ഇപമാല റാലി നടന്നു. 5000 ത്തോളം ജപമാലകൾ സൗജന്യമായി വിതരണം ചെയ്തു. മുത്തുകുടകളും മെഴുകുതിരികളുമായി വിശ്വാസികൾ റാലിയിൽ പങ്കെടുത്തു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് സന്ദേശം നൽകി. തുടർന്ന് ജാഗരണപ്രാർത്ഥന നടത്തി. രാവിലെ 5.30 ന് അങ്കമാലി സോണിലേയ്ക്ക് ഫാത്തിമയാത്ര പുറപ്പെട്ടു.

അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, കെ.എസ്.ടി ചെയർമാൻ ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, ലൂർദ്ദ് വികാരി ഫാ. വർഗ്ഗീസ് കൂത്തൂർ, കരിസ്മാറ്റിക് നവീകരണ അതിരൂപത കോ–ഓർഡിനേറ്റർ സാബു എം.വർഗ്ഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി, ട്രഷറർ വിൻസെന്റ് ചിറയത്ത്, സർവ്വീസ് ടീം അംഗങ്ങളായ വിജു, ഷെവ.സണ്ണി, എം.എ ബാബു എന്നിവരും, സബ്സോൺ കോ–ഓർഡിനേറ്റേഴ്സ്, മിനിസ്ട്രി കോ–ഓർഡിനേറ്റേഴ്സ്, ദൈവശബ്ദം, അസീസി, നിർമ്മലമാതാ, ജീസസ്സ് വോയ്സ്, സിറ്റി ഇവാഞ്ചലൈസേഷൻ എന്നീ പ്രാർത്ഥനാഗ്രൂപ്പുകളിലെ ലീഡേഴ്സും അംഗങ്ങളും അതിരൂപതയിലെ ഇടവക പ്രാർത്ഥനാ കൂട്ടായ്മകളും ഈ യാത്രയ്ക്ക് നേതൃത്വം നൽകി.

| | | |
|---|---|---|
| **സാബു എം.വർഗ്ഗീസ്** | **സി.ടി സെബാസ്റ്റ്യൻ** | **ഫാ.സജീവ് ഇമ്മട്ടി** |
| **കോ–ഓർഡിനേറ്റർ** | **സെക്രട്ടറി** | **ഡയറക്ടർ** |

## സർക്കാരിന്റെ മദ്യനയത്തിനെതിരെ കരിദിനാചരണം

ആരാധനാസയങ്ങളിൽ നിന്നും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും മദ്യശാലകളിലേക്കുള്ള ദൂരം 200 മീറ്ററിൽ നിന്ന് 50 മീറ്ററാക്കി കുറച്ചുകൊണ്ടുള്ള സംസ്ഥാനസർക്കാറിന്റെ ഉത്തരവ് പ്രതിഷേധാർഹവും സാംസ്ക്കാരിക കേരളത്തിനു നേരെയുള്ള വെല്ലുവിളിയുമാണെന്ന് കത്തോലിക്ക കോൺഗ്രസ്സ് തൃശൂർ അതിരൂപതാ സമിതി അഭിപ്രായപ്പെട്ടു.

സർക്കാർ നയത്തിനെതിരെയുള്ള പ്രതിഷേധപരിപാടികളുടെ ഭാഗമായി കത്തോലിക്ക കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17 ന് സംസ്ഥാനവ്യാപകമായി കരിദിനമാചരിക്കുകയാണ്. അന്നേ ദിവസം വിവിധ ഇടവകകളിൽ വിശുദ്ധ കുർബാനക്കുശേഷം കറുത്ത ബാഡ്ജുകൾ ധരിക്കുകയും പ്രതിഷേധറാലികളും സമ്മേളനങ്ങളും സംഘടിപ്പിക്കും. സർക്കാർ നയത്തിനെതിരെ ഒപ്പു ശേഖരണം നടത്തുവാനും പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കി സർക്കാരിന് അയച്ചുകൊടുക്കാനും അതിരൂപത സമിതി തീരുമാനിച്ചു.

പ്രതിഷേധപരിപാടികളുടെ അതിരൂപതതല ഉദ്ഘാടനം സെപ്തം. 17ന് രാവിലെ എട്ട് മണിക്ക് വെണ്ടോർ സെന്റ് മേരീസ് ദൈവാലയത്തിൽവെച്ച് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കും

## ജന്മശതാബ്ദി ആഘോഷം

സഭയുടേയും സമൂഹത്തിന്റെയും ചാലക ശക്തിയായി കത്തോലിക്ക കോൺഗ്രസ്സ് മുന്നേറണമെന്ന് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആഹ്വാനം ചെയ്തു. കത്തോലിക്ക കോൺഗ്രസ്സിന്റെ അതിരൂപതതല ജന്മശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ ജനവാസകേന്ദ്രങ്ങളിൽ മദ്യവിൽപ്പനശാലകൾ ആരംഭിച്ച് മദ്യത്തിന്റെ ലഭ്യതയും ഉപഭോഗം വർദ്ദിപ്പിക്കാനുള്ള സർക്കാർ നീക്കത്തെ ചെറുത്തുതോല്പ്പിക്കാൻ എല്ലാവിഭാഗം ജനങ്ങളും രംഗത്തിറങ്ങണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ആർച്ച് ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്ന ജന്മശതാബ്ദി ആഘോഷസമ്മേളനത്തിൽ പ്രസിഡന്റ് ശ്രീ. കെ. എം ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ

ഫാ. ജിയോ കടവി, ഡേവിസ് പുത്തൂർ, ജോൺസൺ ജോർജ്, തൊമ്മി പിടിയത്ത്, ശ്രീമതി. ലീല വർഗ്ഗീസ് തുടങ്ങിയവർ സംസാരിച്ചു. ജനവാസകേന്ദ്രങ്ങളിൽ മദ്യവിൽപ്പനശാലകൾ തുറക്കാനുള്ള സർക്കാർ നീക്കത്തിൽ സമ്മേളനം പ്രതിഷേധിച്ചു. ബ്രഹ്മകുളം, കൊട്ടേക്കാട്, കാപ്പിരിക്കാവ്, വല്ലച്ചിറ, കല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ തുറന്ന മദ്യവില്പന കാലകൾ ഉടൻ അടച്ചു പൂട്ടണമെന്ന് സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച പ്രമേയം വർക്കിങ് കമ്മിറ്റി അംഗം സി. എൽ. ഇഗ്നേഷ്യസ് അവതരിപ്പിച്ചു.

| **ഫാ. ജിയോ കടവി** | **പ്രൊഫ. കെ.എം. ഫ്രാൻസീസ്** | **ഡേവീസ് പുത്തൂർ** |
|---|---|---|
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# ഫ്രാൻസിസ്കൻ അത്മായ സഭ




തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ പ്രവർത്തക സമിതിയുടെ യോഗം 03. 09. 2017 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് വടക്കാഞ്ചേരി എ. ആർ. സിയിൽ വെച്ച് പ്രസിഡന്റ് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി, ഫാ. ബിനോയ് കോതകുളത്ത്, ഫാ. ജോസ് പുല്ലോക്കാരൻ എന്നിവർ പ്രസംഗിച്ചു. പി. ഐ. സൈമൺ, കെ. ജി. ജേക്കബ്, ജോസ് പീറ്റർ, ടി. കെ. ഡേവിസ്, പി. വി. ഔസേഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേരള ഗവൺമെന്റിന്റെ മദ്യനയങ്ങൾകെതിരെ യോഗം പ്രിഷേധം അറിയിച്ചു. ആരാധനാലയത്തിന്റേയും സ്കൂളുകളുടേയും ദൂരപരിധി 50മീറ്റർ ആക്കി ചുരുക്കിയത് പുനഃപരിശോധിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ദൈവദാസൻ പുത്തൻപറമ്പിൽ തോമാച്ചന്റെ ചരമദിനമായ നവംബർ 1 ന് എടത്വായിൽ പോകുവാനും പ്രാർത്ഥിക്കുവാനും അംഗങ്ങൾക്ക് നിർദ്ദേശം നല്കി. ഇടവകയിൽ നടത്തുന്ന മിഷ്യൻ സൺഡേയിൽ കഴിയുന്നത്ര ഉല്പ്പനങ്ങൾ സമാഹരിച്ചു ഇടവകകളെ സഹായിക്കുവാൻ യോഗം അഭ്യർത്ഥിച്ചു.

**സണ്ണി വടക്കൻ**
(അതിരൂപത പ്രസിഡണ്ട്)

# ചിൽഡ്രൻസ് മിനിസ്ട്രി

**ആനിമേറ്റേഴ്സ് സെമിനാർ**

തിരുബാലസംഖ്യം,അൾത്താരസംഘം,ജൂനിയർ സി എൽ സി ആനിമേറേഴ്സിനായി അർദ്ധദിന സെമിനാർ **സെപ്റ്റംബർ 2,09** തിയതികളിലായി ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 വരെ നടത്തി. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ എല്ലാവരേയും സ്വാഗതം ചെയ്യുകയും, അതിരൂപത വികാരി ജനറാൾ,അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ചാരിറ്റി സമൂഹത്തിലെ സി. ലിസ്ബി, സി. റിയ, സി. ആൻമരിയ എന്നിവർ ക്ലാസ്സ് എടുത്തു.

**അതിരൂപതാ കലോത്സവം(തിരുബാലസംഘ്യം,ജൂനിയർ സി എൽ സി, അൾത്താരസംഘം)**

**1. ഇടവകതലം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനാംഗങ്ങൾക്കായി അതിരൂപതാ തലത്തിൽ കലോത്സവം 2017 ഒക്ടോബർ 28 ന് ഡി ബി. സി എൽ സി സിലും, സെന്റ്  ക്ലെയർ സ്കൂളിലുമായി നടത്തപ്പെടുന്നു. രാവിലെ 8.30 മണി മുതൽ വൈകീട്ട് 5 മണി വരെയാണ് സമയം. ഫൊറോന തലത്തിൽ ഫസ്റ്റ് (ഒരു ഫസ്റ്റ്) കിട്ടിയ കുട്ടികളാണ് മത്സരത്തിന് യോഗ്യരായവർ. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികൾ നിർബന്ധമായും അംഗത്വകാർഡ്, ബാഡ്ജ് എന്നിവ കൊണ്ടുവരേണ്ടതാണ്. അംഗത്വ കാർഡിൽ സ്റ്റാമ്പ് സൈസ് ഫോട്ടോ ഒട്ടിച്ച് കൃത്യമായും സത്യസന്ധമായും എല്ലാം പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടി കൊണ്ടുവരേണ്ടതാണ്. അംഗത്വ സർട്ടിഫിക്കറ്റ് Stage in Charge നെ കാണിക്കുന്നപക്ഷം മാത്രമേ മത്സാർത്ഥിക്ക് മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഫൊറോന തലമത്സരത്തിൽ ഫസ്റ്റ് കിട്ടിയ കുട്ടിയുടെ പേരും ഇടവകയും ഫൊറോനയും ഒക്ടോബർ 20 നു മുമ്പായി ഫൊറോന പ്രൊമോട്ടറച്ചൻ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്. ചെസ്സ് നമ്പറുകൾ രാവിലെ 8.30 മുതൽ വിതരണം ചെയ്യുന്നതാണ്. അതാത് യൂണിറ്റ് ആനിമേറ്ററുമാർക്ക് മാത്രമേ ചെസ്റ്റ് നമ്പറുകൾ വാങ്ങുവാൻ അനുവാദമുള്ളൂ.

**2. സ്ക്കൂൾതലം**

സ്ക്കൂൾ തലത്തിൽ തിരുബാലസംഖ്യം കുട്ടികൾക്കായി അതിരൂപതാ കലാമത്സരങ്ങൾ **ഒക്ടോബർ 18 ന്** ഡി ബി. സി എൽ സി സിലും, സെന്റ് ക്ലെയർ സ്കൂളിലുമായി നടത്തപ്പെടുന്നു. രാവിലെ 8.30 മണി മുതൽ വൈകീട്ട് 5 മണി വരെയാണ് മത്സരങ്ങൾ നടക്കുന്നത്.

**തിരുബാലസംഖ്യം**

ഒക്ടോബർ 4 ന് പാപ്പാദിനമായി ആചരിക്കേണ്ടതാണ്. അന്ന് പതാകദിനമായി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ.ഒക്ടോബർ മാസത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ കൊന്ത ചൊല്ലാനും വിവിധ നിയോഗങ്ങൾക്കായി പ്രത്യേകിച്ച് പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**ജൂനിയർ സി എൽ സി**

ഒകടോബർ മാസം ജൂനിയർ സി എൽ സി അംഗങ്ങൾ കൊന്തമാസം ആചരിക്കേണ്ടതാണ്. വിശ്വാസ ജീവിതത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരെ ഓർക്കാം. ഒക്ടോബർ 1 ന് വി കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാളാണ്. അന്ന് ജൂനിയർ സി എൽ സി യുടെ പതാകദിനം കൂടിയാണ്. യൂണിറ്റിൽ പതാകയുയർത്തി പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.ക്രിസ്മസിന് ഒരുക്കമായി ജീസസ് ബർത്തഡേ കൂപ്പൺ ഒരുക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വില്ക്കുന്ന യൂണിറ്റിന് സമ്മാനമുണ്ടായിരിക്കുന്നതാണ്.

**അൾത്താരസംഘം**

ഒക്ടോബർ 1 – ാം തിയ്യതി മുതൽ 31 –ാം തിയ്യതി വരെ കൊന്തമാസം ആചരണമാണല്ലോ. അൾത്താരബാലന്മാർ 2 പേർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. വൃദ്ധരായ രോഗികൾക്കും, അനാഥരായ കുഞ്ഞുങ്ങൾക്കുവേണ്ടിയും പ്രത്യേകം ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ ചെറിയ ത്യാഗപ്രവർത്തികൾ വഴി സമാഹരിക്കുന്ന തുകയും (Prayer Friend Collection), ക്രിസ്മസ് കാർഡും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 29 ന് മുമ്പായി എത്തിക്കേണ്ടതാണ്.

**ബൈബിൾ പൂക്കളേഴ്സ്**

ഓണാഘോഷത്തോടനുബന്ധിച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി, ജൂനിയർ സി. എൽ. സി. യുടെ നേതൃത്വത്തിൽ കുരിയച്ചിറ, സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ വച്ച് നടത്തിയ **ബൈബിൾ പൂക്കളേഴ്സ് 2017 പൂക്കള മത്സരത്തിൽ** 26 ഇടവകകൾ പങ്കെടുത്തു. **പൊങ്ങണംകാട് സെന്റ് മേരീസ് ഇടവക ഒന്നാം സ്ഥാനവും, പൂമല ലിറ്റിൽ ഫ്ളവർ ഇടവക രണ്ടാം**

**സ്ഥാനവും ചിയ്യാരം വിജയമാതാ ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി.** പഴുവിൽ, വില്ലടം, ഒളരിക്കര, ലൂർദ്ദ്, കുരിയച്ചിറ, അമ്മാടം, ബസിലിക്ക, മുക്കാട്ടുകര, ചെങ്ങാലൂർ, നെഹ്റുനഗർ എന്നീ ഇടവകകൾ പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായി. രാവിലെ 9 മണിക്ക് ആരംഭിച്ച പൂക്കള മത്സരം ഉച്ചയ്ക്ക് 12.30 യോട് അവസാനിച്ചു. ആനിമേറ്റർ അജി ജോസിന്റെ നേതൃത്വത്തിൽ കുട്ടികൾക്കും, മുതിർന്നവർക്കും വിവിധങ്ങളായ കളികൾ തൃശ്ശൂർ അതിരൂപത നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. പൂക്കള മത്സരത്തിന്റെ വിജയത്തിനായി സഹകരിച്ച ആനിമേറ്റേഴ്സിനും, ലീഡേഴ്സിനും നന്ദി.

**ശാലോം ടെലിവിഷൻ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിൽ നിന്ന് വിവിധ ഇടവകളിൽ നിന്നായി തെരെഞ്ഞെടുക്കപ്പെട്ട 45 കുട്ടികൾക്ക് ശാലോം ടെലിവിഷനിലെ *മിഷ്യൻ ഹിംസ്* പ്രോഗ്രാമിലേക്ക് സെലക്ഷൻ കിട്ടി. പങ്കെടുത്ത കുട്ടികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## Saints Quiz 2017

ഇടവക തലത്തിൽ സെയിന്റ്സ് ക്വിസ്സ് **ഒക്ടോബർ 29ന്** നടത്തേണ്ടതാണ്. അതിന് വേണ്ട ചോദ്യപേപ്പർ കാറ്റക്കിസം ഹെഡ്മാസ്റ്റർ വശം കൊടുത്തുവിടുന്നതാണ്. വൈദികരോ, ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അവർ നിയമിക്കുന്ന ടീച്ചർമാർ വന്ന് ചിൽഡ്രസ് മിനിസ്ട്രി ഓഫീസിൽ നിന്ന് കൈപറ്റേണ്ടതാണ്. സെയിന്റ്സ് ക്വിസ്സ് 2017 പഠന സഹായി അതിരൂപതാ ബുക്ക് സ്റ്റാളിലും, ചിൽഡ്രസ് മിനിസ്ട്രി ഓഫീസിലും ലഭ്യമായിരുക്കും. 10 രൂപയ്ക്കാണ് പഠനസഹായി വില്ക്കപ്പെടുക. ഫൊറോന തലം **ഡിസംബർ 03** ഞായറാഴ്ച ഫൊറോന കേന്ദ്രത്തിലും, **അതിരൂപതാ തലം 2018 ജനുവരി 13,** ശനിയാഴ്ച ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുന്നത്.

**ഏകദിന ക്യാമ്പുകൾ**

നവംബർ 11 ശനിയാഴ്ച തിരുബാലസംഖ്യം ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി ഏകദിന ക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്. നവംബർ 18 ശനിയാഴ്ച അൾത്താരസംഘത്തിന്റെയും, ജൂനിയർ സി എൽ സിയുടെയും ആനിമേറ്റേഴ്സിനും, ലീഡേഴ്സിനുമായി ഏകദിനക്യാമ്പ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** അവിടുന്ന് എനിക്ക് ചെവി ചായ്ച് തന്നു. ഞാൻ ജീവിതകാലം മുഴുവൻ അവിടുത്തെ വിളിച്ചപേക്ഷിക്കും. (സങ്കീ 116,2)

**സുകൃതജപം:** ഈശോയെ എന്റെ കൂടെയായിരിക്കണമേ

**പ്രാർത്ഥനാ നിയോഗം:** മിഷ്യൻ പ്രവർത്തനങ്ങളുടെ വിജയത്തിന് വേണ്ടി

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി ഹെന്റി രണ്ടാമൻ, ജൂലെയ് 13

**പ്രവർത്തനം:** പാവങ്ങളെ സഹായിക്കുക.

**സി. റെജി എസ്. എസ്. പി. സി** — കോഡിനേറ്റർ

**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ** — ഡയറക്ടർ

# യുവജന അസംബ്ലി

മൂന്നാം അതിരൂപത അസംബ്ലിക്ക് ഒരുക്കമായി നമ്മുടെ അതിരൂപതയിലെ യുവജന പ്രതിനിധികളുടെ സമ്മേളനം 2017 നവംബർ 19 ഞായർ രാവിലെ 8 മണി മുതൽ വൈകുന്നേരം 5.30 വരെ വിളിച്ചുകൂട്ടുന്നു. യുവജന അജപാലനത്തെക്കുറിച്ചും വിശ്വാസവും കുടുംബജീവിതവും നേരിടുന്ന വെല്ലുവിളിയെക്കുറിച്ചും പരിചിന്തനം ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് ഈ അസംബ്ലി കൂടുന്നത്. 500 കുടുംബങ്ങൾ വരെയുള്ള ഇടവകകളിൽനിന്ന് ഒരു യുവാവ് / യുവതി, 500 ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് 2 യുവാക്കളെയും (1 യുവാവ്, 1 യുവതി) യുവജന അസംബ്ലിയിൽ പങ്കെടുക്കാനായി തിരഞ്ഞെടുക്കേണ്ടതാണ്. 35 വയസ്സിൽ താഴെയുള്ള യുവാക്കളെയാണ് തിരഞ്ഞെടുക്കേണ്ടത്. തിരഞ്ഞെടുക്കാൻ താഴെ പറയുന്ന രീതികളിൽ ഏതെങ്കിലുമൊന്ന് അവലംബിക്കാവുന്നതാണ്.

1. ബഹു. വികാരിയച്ചൻ ഇടവകയിലെ യുവജനങ്ങളെ വിളിച്ചുകൂട്ടി അതിൽനിന്ന് ഒരാളെ തിരഞ്ഞെടുക്കുക.
2. ബഹു. വികാരിയച്ചൻ യുവജനസംഘടനകളുടെ (സി.എൽ.സി., കെ.സി.വൈ.എം., ജീസസ്സ് യൂത്ത്) എക്സിക്യൂട്ടീവ് മീറ്റിംഗ് വിളിച്ചുകൂട്ടി ഇടവകയിൽ നിന്നുള്ള ഉചിതരായ യുവാവ് / യുവതിയെ തിരഞ്ഞെടുക്കുക.
3. തിരഞ്ഞെടുക്കപ്പെടുന്ന യുവാവിന്റെ പേര്, അഡ്രസ്സ്, ഫോൺ, ഇ-മെയിൽ തുടങ്ങിയ വിവരങ്ങൾ നിശ്ചിതഫോമിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി ഒക്ടോബർ 22-ന് മുമ്പ് അതിരൂപതാ അസംബ്ലി സെക്രട്ടറിയേറ്റിൽ നല്കേണ്ടതാണ്.

## ഒക്ടോബർ മാസത്തിൽ സമ്മേളിക്കുന്ന ഇടവക അസംബ്ലികൾ

| ദിവസം | സ്ഥലം | സമയം |
|---|---|---|
| ഒക്ടോബർ 1 | ഒളരിക്കര | 8.00 a.m. |
| ,, | പുല്ലഴി | 10.00 a.m. |
| ,, | തണ്ടിലം | 2.00 p.m. |
| ,, | ചിറ്റിലപ്പിള്ളി | 2.00 p.m. |
| ,, | ബസിലിക്ക | 2.00 p.m. |
| ,, | വടൂക്കര | 2.00 p.m. |
| ,, | നെടുപുഴ | 2.00 p.m. |

| | | |
|---|---|---|
| ,, | എൽത്തുരുത്ത് | 2.00 p.m. |
| ,, | കുരിയച്ചിറ | 2.00 p.m. |
| ,, | പോന്നോർ | 2 - 6 p.m. |
| ,, | അയ്യന്തോൾ | 2.30 p.m. |
| ,, | ആമ്പക്കാട് | 2.30 p.m. |
| ,, | വെസ്റ്റ്ഫോർട്ട് | 2.30 p.m. |
| ,, | പറപ്പൂർ | 2.30 p.m. |
| ,, | അടാട്ട് | 3.00 p.m. |
| ,, | പെരുവല്ലൂർ | 3.00 p.m. |
| ,, | കണ്ണംകുളങ്ങര | 3.00 p.m. |
| ഒക്ടോബർ 2 | പുറനാട്ടുകര | 3.00 p.m. |
| ഒക്ടോബർ 7 | പാലക്കൽ | 9.00 a.m. |
| ഒക്ടോബർ 8 | ചിറനെല്ലൂർ | 8.00 a.m. |
| ,, | പഴയങ്ങാടി | 8.30 a.m. |
| ,, | ചോറ്റുപാറ | 8.30 a.m. |
| ,, | വരവൂർ | 10.00 a.m. |
| ,, | കുണ്ടന്നൂർ | 2.00 p.m. |
| ,, | സരിതപുരം | 2.00 p.m. |
| ,, | മച്ചാട് | 2.00 p.m. |
| ,, | തിരൂർ | 2.00 p.m. |
| ,, | തിരുത്തിപ്പറമ്പ് | 2.00 p.m. |
| ,, | കരുമത്ര | 2.00 p.m. |
| ,, | തങ്ങാലൂർ | 2.00 p.m. |
| ,, | തങ്ങാലൂർ നോർത്ത് | 2.00 p.m. |
| ,, | ആറംപിള്ളി | 2.00 p.m. |
| ,, | എരനെല്ലൂർ | 2.00 p.m. |
| ,, | കിരാലൂർ | 2.00 p.m. |
| ,, | കുറുമാൽ | 2.00 p.m. |
| ,, | കുട്ടംകുളം | 2.00 p.m. |
| ,, | മുണ്ടത്തിക്കോട് | 2.00 p.m. |
| ,, | പാറന്നൂർ | 2.00 p.m. |
| ,, | തലക്കോട്ടുകര | 2.00 p.m. |
| ,, | തയ്യൂർ | 2.00 p.m. |
| ,, | വെള്ളാറ്റഞ്ഞൂർ | 2.00 p.m. |
| ,, | വേലൂർ | 2.00 p.m. |
| ,, | കോലഴി | 2.30 p.m. |
| ,, | കുമ്പളങ്ങാട് | 2.30 p.m. |

| | | |
|---|---|---|
| ,, | ആറ്റുപുറം | 2.30 p.m. |
| ,, | ചെമ്മണ്ണൂർ | 2.30 p.m. |
| ,, | അത്താണി | |
| ഒക്ടോബർ 14 | ഒരുമനയൂർ | 2.00 p.m. |
| ,, | മറ്റം | 2.30 p.m. |
| ഒക്ടോബർ 15 | പേരകം | 2.00 p.m. |
| ,, | പുതുശ്ശേരി | 2.00 p.m. |
| ,, | ഗുരുവായൂർ | 2.00 p.m. |
| ,, | ആർത്താറ്റ് | 2.30 p.m. |
| ,, | ആളൂർ ഈസ്റ്റ് | 2.30 p.m. |
| ,, | കുന്ദംകുളം | 2.30 p.m. |
| ,, | ചിറ്റാട്ടുകര | 2.30 p.m. |
| ,, | ചൂണ്ടൽ | 2.30 p.m. |
| ,, | എളവള്ളി | 2.30 p.m. |
| ,, | കണ്ടാണശ്ശേരി | 2.30 p.m. |
| ,, | കൂനംമൂച്ചി | 2.30 p.m. |
| ,, | വാക | 2.30 p.m. |
| ,, | അഞ്ഞൂർ | 2.30 p.m. |
| ,, | കാവീട് | 2.30 p.m. |
| ,, | കോട്ടപ്പടി | 2.30 p.m. |
| ,, | പാവർട്ടി | 2.30 p.m. |
| ,, | വൈലത്തൂർ | 2.30 p.m. |
| ,, | ആളൂർ | 2.30 p.m. |
| ,, | പൊന്നാനി | 3.00 p.m. |
| ഒക്ടോബർ 21 | പെരിങ്ങോട്ടുകര | 10.00 a.m. |
| ,, | പഴുവിൽ | 2.00 p.m. |
| ,, | അന്തിക്കാട് | 2.00 p.m. |
| ,, | ചാഴൂർ | 2.00 p.m. |
| ,, | ചൊവ്വൂർ | 10.00 a.m. |
| ,, | ചിറക്കൽ | 2.30 p.m. |
| ,, | കിഴുപ്പിള്ളിക്കര | 2.00 p.m. |
| ,, | പൂച്ചിന്നിപ്പാടം | 2.00 p.m. |
| ,, | തൃപ്രയാർ | 2.00 p.m. |
| ,, | പൊറത്തൂർ | 2.00 p.m. |
| ,, | പുത്തൻപീടിക | 9.30 a.m. |
| ഒക്ടോബർ 22 | ചൂലിശ്ശേരി | 9.00 a.m. |

| | | |
|---|---|---|
| ,, | കണ്ടശ്ശാംകടവ് | 2.00 p.m. |
| ,, | വാടാനപ്പിള്ളി | 2.00 p.m. |
| ,, | വലപ്പാട് | 2.00 p.m. |
| ,, | ചേർപ്പ് | 2.30 p.m. |
| ,, | ഏനമ്മാവ് | 2.30 p.m. |
| ,, | ഏങ്ങണ്ടിയൂർ | 2.30 p.m. |
| ,, | എറവ് | 2.30 p.m. |
| ,, | കാരമുക്ക് | 2.30 p.m. |
| ,, | പാലയൂർ | 2.30 p.m. |
| ,, | കാഞ്ഞാണി | 3.00 p.m. |
| ,, | മനക്കൊടി | 3.00 p.m. |
| ,, | മണലൂർ ഈസ്റ്റ് | 2.30 p.m. |
| ,, | മണലൂർ വെസ്റ്റ് | 2.30 p.m. |
| ,, | നോർത്ത് പുതുക്കാട് | 2.30p.m. |
| ,, | തൊയക്കാവ് | 2.30 p.m. |
| ,, | വെളുത്തൂർ | 2.30 p.m. |
| ,, | കാരമുക്ക് സെന്റ് ആന്റണീസ് | 2.00 p.m. |
| ഒക്ടോബർ 28 | വരടിയം | 9.00 a.m. |
| ,, | കോനിക്കര | 2.00 p.m. |
| ,, | മരത്താക്കര | 2.00 p.m. |
| ,, | കുറ്റൂര് | 2.00 p.m. |
| ,, | അവണ്ണൂർ | 3.00 p.m. |
| ഒക്ടോബർ 29 | പേരാമംഗലം | 9.00 a.m. |
| ,, | കല്ലൂർ ഈസ്റ്റ് | 9.00 a.m. |
| ,, | പെരിഞ്ചേരി | 10.00 a.m |
| ,, | അരിമ്പൂർ | 2.00 p.m. |
| ,, | ചിയ്യാരംവിജയമാതാ | 2.00 p.m. |
| ,, | തലോർ | 2.00 p.m. |
| ,, | കൊട്ടേക്കാട് | 2.00 p.m. |
| ,, | വിയ്യൂർ | 2.00 p.m. |
| ,, | വല്ലച്ചിറ | 2.00 p.m. |
| ,, | അമ്മാടം | 2.00 p.m. |
| ,, | പുലക്കാട്ടുകര | 2.00 p.m. |
| ,, | ഒല്ലൂർ മേരിമാത | 2.00 p.m. |
| ,, | മുണ്ടൂർ | 2.00 p.m. |
| ,, | വെളപ്പായ | 3.00 p.m. |



# അഭിനന്ദനങ്ങൾ



**Mar Joseph Plampaniyil,**
Auxiliary Bishop of Thalassery



**Mar Sebastian Vaniyapurackal,**
Syro-Malabar Curia Bishop

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2017
October- 2017



തൃശ്ശൂർ
അതിരൂപതയുടെ
നിയുക്ത
സഹായമെത്രാൻ

**അഭിവന്ദ്യ**
**ടോണി നീലങ്കാവിൽ**
**പിതാവിന്**

*അഭിനന്ദനങ്ങൾ*

Edited, Printed & Published by Dr. Francis Aloor,
Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar,
Kachery -680 005 (*Cover* : smritidesign.in)